# സത്യദൂതൻ

2024 നവംബർ | ലക്കം 10

വില ₹ 30





## മസ്ജിദ് ഫള്ൽ : ശതാവാർഷികം

## ഷെർലക് ഹോംസ് ലണ്ടൻ മസ്ജിദിൽ

## സമാധാന നൊബേൽ സമ്മാനം: ആറ്റം ബോംബിനെ അതിജീവിച്ചവർക്ക്

# www.mta.tv




## Muslim Television Ahmadiyya International (MTA)

*Reaching The Corners Of The Earth*

MTA International emerged in 1994 with the aim of providing a positive alternative in the broadcasting world.

MTA was the brainchild of Hadhrat Mirza Tahir Ahmad, Khalifat-ul-Masih IV ra, and ever since its inception MTA has been a unique channel in many respects. Its focus lies in producing programs that can be enjoyed by people of all ages at all times. It recognizes that television plays a significant role in the world and has accordingly devoted itself to applying this influence positively for the purpose of educating its viewers. MTA's future is not dependant upon commercial sponsorships or license fees, thus allowing it to concentrate on producing a variety of programs on a range of subjects for its viewers in all parts of the world, without sacrificing standards.

MTA offers quality family viewing right across the globe. It broadcasts internationally in up to eight languages simultaneously and features programs focusing on the different cultures of the world and the environments in which they exist. MTA has also kept pace with technology and broadcasts in both analogue and digital. MTA features many thought-provoking discussions and programs on issues of great relevance to society, with some of MTA's programs being unmatched in their high level of quality.

# അകം




മുഖചിത്രം:
മസ്ജിദ് ഫള്ൽ, ലണ്ടൻ


# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

2024 – നവംബർ
ഹി.ശ. 1404– നുബുവ്വത്ത്
1445 റ.ഉ.ആഖിർ – ജ. അവ്വൽ
പുസ്തകം 96 ലക്കം 11
വില 30 രൂപ



എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**സി.പി.സുൽത്താൻ നസീർ**
**ഫോൺ : 9544 274 240**

മാനേജർ
**ഡോ. സി. സലാഹുദ്ദീൻ**
**ഫോൺ : 9447 424 619**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി– 682018



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **മസ്ജിദ് ഫള്ൽ : ശതാവാർഷികം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)
2024 ഒക്ടോബർ 18 ന് നിർവഹിച്ച
ഖുത്‌ബ ജുമുഅയുടെ സംഗ്രഹം.

**10** **സന്തുലന സാന്ദ്രമായ പ്രപഞ്ചം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**11** **നമസ്ക്കാരത്തിന്റെ രഹസ്യം**
ഹദ്റത്ത് മിർസാ ഗുലാം അഹമദ്

**14** **ഹദ്റത്ത് അഹ്മദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനവും പൂർത്തീകരണവും**
ഇബ്നു വഫാ ബേപ്പൂർ



**19** **ഷെർലക് ഹോംസ് ലണ്ടൻ മസ്ജിദിൽ**
ആസിഫ് എം ബാസിത്




**22** **യുക്തിരഹിതമാണ് നാസ്തികവാദം**
മഹ്മൂദ്, കൽക്കുളം



**25** **മത മൈത്രിയുടെ ഇസ്‌ലാമിക മാനങ്ങൾ**
എ. എം മുഹമ്മദ് സലീം



**30** **ഈ അപ്പത്തിൽ നിന്നും നിങ്ങൾക്കും പങ്ക് പറ്റാം**
ഫലാഹുദ്ദീൻ ശംസ്

**35** **ഇസ്‌ലാം എന്ത്കൊണ്ട് പുനരുജ്ജീവിപ്പിക്കപ്പെടണം?**
ബാസിത്, അഹ്മദ്

**39** കുറിപ്പുകൾ
**സമാധാന നൊബേൽ സമ്മാനം: ആറ്റം ബോംബിനെ അതി ജീവിച്ചവർക്ക്**
മുസാഫിർ

**42** വാർത്തകൾ
അനുസ്മരണം



**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.


**Design:** HA *Creative Graphics*


**സത്യദൂതന്റെ പഴയ ലക്കങ്ങൾ ഓൺലൈനിൽ വായിക്കുവാൻ ഈ QR CODE ഉപയോഗിക്കുക.**

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരെ, ദുർമാർഗിയായ ഒരാൾ വല്ല വാർത്തയുമായി നിങ്ങളുടെയടുക്കൽ വന്നാൽ അതിന്റെ (യഥാർത്ഥ്യം) നിങ്ങൾ ശരിക്കും അന്വേഷിച്ചറിയുക; അറിയാതെ ഒരു ജനതയെ നിങ്ങൾ പീഢിപ്പിക്കുകയും എന്നിട്ട് നിങ്ങൾ ചെയ്ത കൃത്യത്തിൽ ഖേദിക്കുന്നവരാകുകയും ചെയ്യാതിരിക്കാൻ വേണ്ടി. (49:7)



## നബിവചനം

അന്യോന്യം വെറുക്കരുത്. അന്യോന്യം അസൂയപ്പെടരുത്. അന്യോന്യം ബഹിഷ്കരിക്കുകയും അരുത്. സഹോദരന്മാരെന്നോണം അല്ലാഹുവിന്റെ ദാസന്മാരായിരിക്കുക. തന്റെ സഹോദരനിൽ നിന്ന് മൂന്നു ദിവസത്തിൽ കൂടുതൽ ബന്ധം മുറിഞ്ഞിരിക്കുന്നത് ഒരു മുസ്‌ലിമിന് അനുവദനീയമല്ല.(ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം




ഇരുകൂട്ടരും (ഹിന്ദുക്കളും മുസ്‌ലിംകളും) അന്യോന്യം കാപട്യത്തോടു കൂടിയ ഒരു താൽക്കാലിക മൈത്രി ഉണ്ടാക്കിയെന്നു വരാം. എന്നാൽ യഥാർത്ഥ മൈത്രി എന്നു പറയാവുന്ന മാനവൈക്യം ഉണ്ടായിത്തീരുന്നത് നിങ്ങൾ വേദത്തേയും ഋഷിമാരെയും ആത്മാർത്ഥമായി കൈക്കൊള്ളുകയും ഇപ്രകാരം തന്നെ ഹിന്ദുക്കൾ നമ്മുടെ നബിനായകൻ(സ) തിരുമേനിയുടെ സത്യത്തെ സമ്മതിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്. നാം ഹൈന്ദവ മിത്ര ങ്ങളുടെ നേരെ അനുകമ്പ കാണിക്കുകയും അവരോട് സഹതാപത്തോടും സ്നേഹ ത്തോടുംകൂടി പെരുമാറുകയും വേണ്ടതാണ്. അവർക്ക് മനോവേദനയ്ക്ക് കാരണമാകുന്ന കാര്യങ്ങൾ നമ്മുടെ മതത്തിലെ നിർബന്ധ കടമകളോ ആവശ്യങ്ങളോ അല്ലെന്ന് വരുകിലും അങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് നാം ഒഴിഞ്ഞു നിൽക്കേണ്ടതാണ്. ഏകദൈവത്തിൽ വിശ്വസിക്കുക എന്നത് പോലെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണുതാ ഭാവത്തോടുംകൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിന്റെ ഒട്ടും അപ്രധാനമല്ലാത്ത ഒരുപദേശമാകുന്നു.
(പൈഗാമെ സുൽഹ്)

# മനുഷ്യ സമൂഹത്തിന്റെ സമാധാനം

'**നിങ്ങൾ യുദ്ധങ്ങളെ പറ്റിയും യുദ്ധശ്രുതികളെ പറ്റിയും കേൾക്കും**' (മത്താ: 24:6) എന്ന് യേശു പറഞ്ഞത് പോലെയുള്ള സംഘർഷഭരിതമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സമാധാനം ഇന്ന് അധികാര മൂർത്തമായ രാഷ്ട്ര സ്വരൂപങ്ങളുടെയും രാഷ്ട്ര നായകന്മാരുടെയും വിഷയമായിട്ടാണ് ചർച്ചചെയ്യപ്പെടുന്നത്. രാഷ്ട്രത്തേക്കാൾ സമാധാനത്തിന്ന് ജൈവബന്ധമുള്ളത് വ്യക്തികളുടെ കൂട്ടായ്മയായ സമൂഹവുമായിട്ടാണ്. ഭൂമിയും അതിർത്തിയും പരമാധികാരവും പട്ടാളവുമുള്ളതാണ് രാഷ്ട്രം. സമ്മർദ്ദ ശേഷിയും സംഹാര ശക്തിയുമുള്ള രാഷ്ട്രം കൃത്രിമവും മനുഷ്യരാൽ നിർമ്മിക്കപ്പെട്ട മനുഷ്യരുടെ സ്ഥാപനവുമാണ്. എന്നാൽ സമൂഹം പ്രകൃതിയുടെ ഒരു നൈസർഗ്ഗിക സൃഷ്ടിയാണ്. ബലിഷ്ഠമായ സന്നാഹങ്ങളും പരമാധികാരവുമുള്ള രാഷ്ട്രങ്ങൾക്ക് ഹൃദയത്തിന്റെ ഉദാത്ത ഭാവവുമായി ബന്ധപ്പെട്ട സമാധാനം വ്യക്തിയിലോ സമൂഹത്തിലോ കൊണ്ടു വരുവാൻ സാധ്യമല്ല. സംഘർഷങ്ങൾ സൃഷ്ടിക്കാൻ രാഷ്ട്രങ്ങൾക്കും രാഷ്ട്രീയത്തിനും സാധിച്ചേക്കാം. മനുഷ്യന്റെ ഭൗതികക്ഷേമവും അതുമായി ബന്ധപ്പെട്ട വിഭിന്ന സ്വത്വബോധവുമുള്ള രാഷ്ട്രങ്ങൾ സൈനിക സജ്ജരായി നിലകൊള്ളുമ്പോൾ അടുത്തടുത്ത് നിൽക്കുകയോ അന്യോന്യം നിൽക്കുകയോ ചെയ്യുമ്പോൾ അതിർത്തികൾ സംഘർഷ ഭരിതമാവുന്നു. പ്രത്യക്ഷമായ സംഘർഷത്തിന് അത് വഴി തെളിയിക്കുകയും ചെയ്യുന്നു. ഇന്ന് സമാധാനം പുലരാൻ ഉഭയ രാഷ്ട്രങ്ങൾ മാത്രം ആഗ്രഹിച്ചാൽ പോരാ. ലോകം മുഴുവൻ വലയം ചെയ്ത് നിൽക്കുന്ന വൻ ശക്തികളുടെ ആശീർവാദവും മറ്റു പല സങ്കീർണ്ണമായ ഘടകങ്ങളും അനുകുലാവസ്ഥയും അതിന്നുണ്ടാവണം. സമാധാനത്തിന്നു വേണ്ടി സമർപ്പിക്കപ്പെട്ട ആഗോള സ്ഥാപനമായ ഐക്യരാഷ്ട്ര സഭയെ നോക്കുകുത്തിയാക്കികൊണ്ടും വൻശക്തികളുടെ ഇംഗിതത്തിന്ന് അനുകുലമാക്കിതീർത്തും ലോകത്ത് സംഘർഷം വളരുകയാണ്. അധികാരവും ശക്തിയുമുള്ള രാഷ്ട്രം മനുഷ്യന്റെ ഭൗതിക ക്ഷേമം മാത്രം മുഖ്യമായും ലക്ഷ്യമാക്കുന്നു. അത്കൊണ്ടുതന്നെ അശാന്തിയും സംഘർഷവും അതിന്റെ ഉപോൽപ്പന്നങ്ങളായി വരുന്നു. സമാധാനം മറ്റൊരു ഭൂമികയിൽ നിന്നാണ് ആരംഭിക്കേണ്ടത്.

ഇസ്‌ലാമിന്റെ ഏറ്റവും പ്രിയപെട്ട ആദർശമാണ് സമാധാനം. ഇസ്‌ലാം എന്ന പദത്തിന്ന് സമാധാനം എന്നാണ് അർത്ഥം. ദൈവസ്മരണയുള്ള മനുഷ്യ ഹൃദയമാണ് സമാധാനത്തിന്റെ അധിഷ്ഠാനമായി ഇസ്‌ലാം കാണുന്നത്. '**വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മുലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക; അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനസ്സമാധാനം കൈവരികയുള്ളു.**'(13:29) യഥാർത്ഥ മുസ്‌ലിംകളെ പോലെ സമാധാനം കാംക്ഷിക്കുന്ന നിരവധി മനുഷ്യ സ്നേഹികൾ ലോകത്തുണ്ട്. ആത്മീയവും ധാർമികവുമായ യഥാർത്ഥ മുല്യങ്ങൾ ആദർശങ്ങളായി സ്വീകരിച്ചാൽ മാത്രമേ മനുഷ്യ ഹൃദയത്തിലും സമൂഹത്തിലും ശാശ്വത സമാധാനം കൈവരികയുള്ളൂ എന്നവർ കരുതുന്നു.

യഥാർത്ഥത്തിൽ സമാധാനം എന്നത് മനുഷ്യന്റെ ഇഹപര ജീവിതത്തിന്റെ സമഗ്രതയിൽ സാർത്ഥകമാകുന്ന ഒരു ആശയമാണ്. സകല മനുഷ്യരും അനുഭവിച്ചറിയുന്ന ഒരു അനിഷേധ്യ യാഥാർത്ഥ്യമാണ് മരണം. ക്ഷണികമായ മനുഷ്യന്റെ ഭൂമിയിലെ ജീവിത പ്രയാണത്തിന്റെ പൊരുളും ലക്ഷ്യവും മറന്നു കൊണ്ടും മുല്യങ്ങൾ ബലികഴിച്ചു കൊണ്ടും നശ്വരമായ ഈ ലോകത്തിന്ന് വേണ്ടി നാം എത്ര വളരെ വീര്യത്തോടെയാണ് പൊരുതുന്നത്!. യേശുവിന്റെ ഒരു ഉപമാ വചനം ശ്രദ്ധിക്കുക: '**ഭൂമിയിൽ നിക്ഷേപങ്ങൾ നിനക്കായി സംഭരിച്ചു വെക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും കള്ളന്മാർ കുത്തിക്കവർന്ന് കൊണ്ടു പോകുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർക്ഷത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതി വെക്കുക. കാരണം നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും.**'(മത്താ:6:19) വ്യക്തികളിൽ നിന്നും ആരംഭിക്കുന്ന ഈ ശാശ്വത സമാധാനത്തിന്റെ ചിന്തകൾ ഭൗതിക ലോകം വെട്ടിപ്പിടിക്കാനുള്ള അത്യാർത്തിയുമായും അധികാരത്തിന്റെ ദുരയുമായും ബന്ധപ്പെട്ടതല്ല. ലോകസമാധാനത്തിന്റെ സ്വർക്ഷീയ വേരുകൾ ദൈവചിന്തയുമായി ബന്ധപ്പെട്ടതാണ്. വ്യക്തികളും സമൂഹവും രാഷ്ട്രവും ഈ സത്യം മനസ്സിലാക്കി അതൊരു പ്രസ്ഥാനമായി വളർത്തിയെടുക്കുകയും വേണം. എങ്കിൽ മാത്രമേ ശാശ്വത ശാന്തി ലോകത്തിന്ന് കൈവരിക്കാൻ സാധിക്കു. ആ ഒരു കാലത്തിന്നായി നമുക്ക് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.




# മൈത്രീസന്ദേശം

**ഹദ്റത്ത് അഹ്മദ്** عليه السلام

പ്രിയ സുഹൃത്തുക്കളെ, പരലോക കാര്യം മിക്ക ജനങ്ങൾക്കും ഗോപ്യമായിരിക്കുന്ന ഒരു വിഷയമാണ്. അതിന്റെ രഹസ്യം, സർവ്വോപരി മഹത്ത്വമേറിയ ആ സത്തക്കുവേണ്ടി ആത്മസമർപ്പണം ചെയ്യുകയും മരണം വരുന്നതിന്നും മുമ്പേ മരണത്തെ വരിക്കുകയും ചെയ്യുന്നവർക്ക് മാത്രമാകുന്നു വെളിപ്പെടുമാറാകുന്നു. എന്നാൽ ഐഹിക ജീവിതത്തെ സംബന്ധിച്ച് ഗുണമോ ദോഷമോ ആയ കാര്യങ്ങൾ സൂക്ഷ്മദൃക്കുകൾക്ക് കണ്ടറിയാൻ സാധിക്കുന്നതാണ്...........ഐക്യത്തിന്റെ അനുഗ്രഹീത ഫലങ്ങളിൽ നിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വകമായിരിക്കില്ല. ഈ രാഷ്ട്രത്തിലെ അവിഭാജ്യ ഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്‌ലിംങ്ങളും ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചു കൂടി മറ്റവരെ അതായത് ഹിന്ദുക്കൾ ഒന്നുചേർന്ന് മുസ്‌ലിംകളെയോ മുസ്‌ലിംകൾ ഒന്നു ചേർന്ന് ഹിന്ദുക്കളെയോ രാജ്യത്തിൽ നിന്ന് പുറത്താക്കി ക്കളയാമെന്ന് വിചാരിക്കുന്നത് ഒരു മിഥ്യാവിചാരമാകുന്നു. മറിച്ച് ഈ രണ്ടു കൂട്ടരെയും ഇണക്കി നിർത്തുന്ന ബന്ധം അപരിഛേദ്യമാം വിധം ശക്തിയേറിയതാണു താനും ഇവയിൽ ഒരുകൂട്ടർക്ക് പൊതു നിലയിലുള്ള ഒരു ആപത്ത് സംഭവിക്കുന്ന പക്ഷം മറ്റവർക്കും അതിന്റെ ബാധയേൽക്കാതെ അകന്നിരിക്കാൻ സാദ്ധ്യമല്ല..........അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ നിന്നും അവരും പങ്ക് അനുഭവിക്കേണ്ടിവരും ഒരു കൂട്ടർ അഹംഭാവപൂർവ്വം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേ വിധത്തിൽ നിന്ദനത്തിന്ന് ലക്ഷീഭവിക്കും. ഒരു കൂട്ടർ മറ്റവരുടെ നേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെയും അനുകമ്പ ലഭിക്കുന്നതല്ല. ഈ രണ്ടു സമുദായങ്ങളിലെ ഏതെങ്കിലും ഒരു വ്യക്തി മറ്റെ സമുദായത്തിന്ന് നാശം വരുത്താൻ നോക്കുന്ന പക്ഷം, അവൻ താനിരിക്കുന്ന വൃക്ഷ ശാഖ കൈകൊണ്ട് വെട്ടി മുറിക്കുന്ന ഒരുവനെ പോലെയാകുന്നു. മിത്രങ്ങളെ ദൈവാനുഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പരാണല്ലോ. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയത്തിൽ നിന്നും അകറ്റിക്കളയുകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടതാവശ്യമാകുന്നു...........നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ യോജിപ്പിന്നായ്ക്കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്ത് പല തരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്നുകൊണ്ടിരിക്കുന്നു. പ്ലേഗ് നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല. ദൈവം എന്നെ അറിയിച്ചിരിക്കുന്നു. മനുഷ്യൻ അവരുടെ ദുർവൃത്തിയിൽ നിന്നും വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തോട് മാപ്പ് അപേക്ഷിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, ലോകത്തിന് ഭയങ്കരമായുള്ള വിപത്തുകളും നാശങ്ങളും സംഭവിക്കും ഒരു വിപത്ത് ഒഴിഞ്ഞു പോകുന്നതിന്ന് മുമ്പ് മറ്റൊരുഭയങ്കര നാശം തുടർന്ന് ഉണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യൻ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി അഹോ ഇനി എന്തു സംഭവിക്കാൻ പോകുന്നു? എന്നു ചോദിച്ചു തുടങ്ങും അനേകർ വിവിധങ്ങളായ ആപത്തുകളിൽ പെട്ട് ഭ്രാന്ത് പിടിപെട്ടവനെപ്പോലെയായി ഭവിക്കും. അതിനാൽ അല്ലയോ നാട്ടുകാരായ സഹോദരരേ! ആ നാളുകൾ വരുന്നതിന്ന് മുമ്പായി നിങ്ങൾ ജാഗരൂഗരാകുവീൻ! ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ. ഐക്യത്തിന്ന് തടസ്സമായി തീരത്തക്കവിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ. അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർദ്ദയും വൈര്യത്തിന്നും ആ സമുദായം ഉത്തരവാദിയാകുന്നതാണ്. (മൈത്രീ സന്ദേശം).

# മസ്ജിദ് ഫള്ൽ: ശതവാർഷികം

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2024 ഒക്ടോബർ 18 ന് മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)**

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും പാരായണം ചെയ്ത ശേഷം യു.കെ.യിലെ അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി നാളെ മസ്ജിദ് ഫള്ൽ ശിലാസ്ഥാപനത്തിന്റെ ശതവാർഷികത്തോടനുബന്ധിച്ച് ഒരു പരിപാടി സംഘടിപ്പിക്കുമെന്നും അതിൽ അനഹ്മദി സഹോദരങ്ങളും പ്രദേശവാസികളും പങ്കെടുക്കുന്നതാണെന്നും ഖലീഫ തിരുമനസ്സ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) പറഞ്ഞു.

ക്രിസ്ത്യൻ ഭൂരിപക്ഷ രാഷ്ട്രത്തിൽ സ്ഥാപിതമായ അഹ്മദിയ്യാ സമുദായത്തിന്റെ ആദ്യത്തെ പള്ളി ആയതിനാൽ മസ്ജിദ് ഫള്ലിന് പ്രത്യേക പ്രാധാന്യമുണ്ട്. എതിരാളികൾ വാദിക്കുന്നത് ബ്രിട്ടീഷുകാരാണ് അഹ്മദിയ്യത്ത് സ്ഥാപിച്ചതെന്നാണ്. എന്നാൽ അവർ സ്ഥാപിച്ചതായി കരുതപ്പെടുന്ന ഒരു സമൂഹം അവരുടെ രാജ്യത്ത് വന്ന് അവരുടെ വിശ്വാസത്തിന്റെ ദൗർബല്യങ്ങൾ ഉയർത്തിക്കാട്ടുകയും ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് വളരെ വിചിത്രകരമായ കാര്യമാണ്. ഈ ആരോപണം ഉന്നയിച്ചവർക്ക് പോലും ഇത്തരത്തിൽ തങ്ങളുടെ കാര്യങ്ങൾ പ്രചരിപ്പിക്കാൻ സാധിച്ചിട്ടില്ല.

### യു കെ യിലെ ആദ്യത്തെ പള്ളി.

ലാഹോറിലെ ഓറിയന്റൽ കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്ന ജി. ഡബ്ല്യൂ. ലെയ്റ്റ്നർ നിർമിച്ച ഒരു പള്ളി മസ്ജിദ് ഫള്ലിന് മുമ്പ് വോക്കിങ്ങിൽ ഉണ്ടായിരുന്നു. റിട്ടയർമെന്റിനു ശേഷം അദ്ദേഹം യു.കെ.യിലേക്ക് മടങ്ങുകയും 1889 ൽ പള്ളി നിർമിക്കുകയും ചെയ്തു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിച്ച അതേ വർഷമായിരുന്നു ഇത്. ജി. ഡബ്ല്യൂ. ലെയ്റ്റ്നർ പള്ളിക്ക് സമീപം ഒരു വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുകയുണ്ടായി. 1899 ൽ പ്രൊഫസർ നിര്യാതനായി. അദ്ദേഹത്തിന് ശേഷം ആ പള്ളി നോക്കി നടത്താൻ ആരും ഉണ്ടായിരുന്നില്ല.

അഹ്മദിയ്യാ ജമാഅത്തിന്റെ ഒന്നാം ഖലീഫയുടെ കാലത്ത് ഖ്വാജാ കമാലുദ്ദീൻ സാഹിബ് യു.കെ.യിൽ വരുകയും ആ പള്ളി വിജയകരമായി പുനരാരംഭിക്കുകയും ചെയ്തു. ആ പള്ളിയുടെ ട്രസ്റ്റിന്റെ ചുമതല തന്നെ ഏൽപ്പിച്ചതായി അദ്ദേഹം കത്തിലൂടെ ഒന്നാം ഖലീഫയെ അറിയിച്ചു. ചൗധരി സഫറുള്ളാ ഖാൻ സാഹിബും ഈ പള്ളി സന്ദർശിക്കുകയും അവിടെ പ്രാർഥന നടത്തുകയും ചെയ്യുകയുണ്ടായി. കുറച്ചുകാലത്തിനുശേഷം രണ്ടാം ഖലീഫ മിഷനറിമാർക്ക് വേണ്ടി ആഹ്വാനം ചെയ്യുകയുണ്ടായി. ആ സമയത്ത് ഫണ്ടിന്റെ കുറവുണ്ടായിരുന്നു. ഒടുവിൽ ഹദ്റത്ത് ചൗധരി ഫതഹ് മുഹമ്മദ് സിയാൽ സാഹിബ്(റ)നെ യുകെയിലേക്ക് അയക്കുകയും അദ്ദേഹം അവിടെ ഖ്വാജാ കമാലുദ്ദീൻ സാഹിബിനോടൊപ്പം കുറച്ചുകാലം പ്രവർത്തിക്കുകയുമുണ്ടായി. ഒന്നാം

ഖലീഫയുടെ വിയോഗത്തിനു ശേഷം ഖാജാ കമാലുദ്ദീൻ സാഹിബ് രണ്ടാം ഖലീഫയുടെ കയ്യിൽ ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്യാത്തതിനാൽ ചൗധരി ഫതഹ് മുഹമ്മദ് സിയാൽ സാഹിബ് കമാലുദ്ദീൻ സാഹിബിന്റെ കൂടെയുള്ള പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായി.

### മസ്ജിദ് ഫള്‌ലിന്റെ പ്രാധാന്യവും പ്രത്യേകതയും

ഇതായിരുന്നു വോക്കിംഗിലെ പള്ളിയുടെ ചരിത്രം. ഏതായിരുന്നാലും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഔപചാരികമായി നിർമ്മിച്ച ആദ്യത്തെ പള്ളി മസ്ജിദ് ഫള്ൽ ആയിരുന്നു. ഇന്ന് ലണ്ടനിലും ലോകത്തെ മറ്റിടങ്ങളിലും അഹ്മദിയ്യാ ജമാഅത്ത് നിരവധി പള്ളികൾ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ലണ്ടനിലെ ആദ്യത്തെ പള്ളി എന്ന ബഹുമതി മസ്ജിദ് ഫള്‌ലിനാണുള്ളത്.

ഇസ്‌ലാമിന്റെ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം അഹ്മദിയ്യാ മുസ്‌ലിം സമുദായത്തിന്റെ പള്ളികൾ പ്രചരിപ്പിക്കുന്നത് പോലെ ലണ്ടനിലെ മറ്റു പള്ളികൾ പ്രചരിപ്പിക്കുന്നില്ല. കൂടാതെ അനഹ്മദികളുടെ പള്ളികൾക്ക് വിദേശ സ്ഥാപനങ്ങളുടെയും സർക്കാരുകളുടെയും ധനസഹായം ലഭിക്കുന്നു. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന് വിദേശ ഫണ്ടുകൾ ഒന്നും ലഭിക്കുന്നില്ല. മറിച്ച് അഹ്മദികളുടെ സാമ്പത്തിക ത്യാഗങ്ങളും സംഭാവനകളും മുഖേനയാണ് ഈ പള്ളികൾ നിർമിക്കപ്പെട്ടിരിക്കുന്നത്. ഈ സാമ്പത്തിക ത്യാഗങ്ങൾ കാരണം ഇംഗ്ലണ്ടിലും മറ്റ് പല പാശ്ചാത്യ രാജ്യങ്ങളിലും നിരവധി പള്ളികൾ നിർമിക്കാൻ അഹ്മദികൾക്ക് സാധിച്ചിട്ടുണ്ട്.

മസ്ജിദ് ഫള്‌ലിന്റെ പ്രാധാന്യവും ഒരു ചടങ്ങ് സംഘടിപ്പിച്ച് അതിനെ അനുസ്മരിക്കുന്നതും ഫലവത്താകണമെങ്കിൽ നാം പള്ളിയുടെ സ്ഥാപനോദ്ദേശവും കടമകളും മനസ്സിലാക്കാനും അതിന്റെ ചുറ്റുപാടുകളുടെ കടമകൾ മനസ്സിലാക്കാനും സ്വന്തം അവസ്ഥ മെച്ചപ്പെടുത്താനും ദൈവവുമായുള്ള ബന്ധം വർദ്ധിപ്പിക്കാനും ഓരോരുത്തരും തങ്ങളെ പള്ളിയുമായി ബന്ധപ്പെടുത്താനും പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഇതെല്ലാം നമ്മുടെ കടമകളാണ്. ഓരോ അഹ്മദിയും ഇക്കാര്യം ഓർക്കേണ്ടതാണ്. വെറും ഒരു അനുസ്മരണയോഗം നടത്തി നമ്മൾ സംതൃപ്തരാകരുത്. മറിച്ച് നമ്മൾ പള്ളിയുടെ കടമകൾ നിറവേറ്റുകയും അതിന്റെ ചരിത്രം മനസ്സിലാക്കുകയും തങ്ങളുടെ അവസ്ഥകൾ പരിശോധിച്ചു കൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്.

### സൂര്യൻ പടിഞ്ഞാറ് ഉദിക്കും

പാശ്ചാത്യ രാജ്യങ്ങളിൽ ഇസ്‌ലാം അഹ്മദിയ്യത്തിന്റെ വ്യാപനത്തെ കുറിച്ച് വാഗ്ദത്ത മസീഹ്(അ) ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. 'സൂര്യൻ പടിഞ്ഞാറ് ഉദിക്കും' എന്ന തന്റെ വെളിപാടിനെ പ്രതിപാദിച്ചുകൊണ്ട് അവിശ്വാസത്തിന്റെ അന്ധകാരത്തിൽ അകപ്പെട്ട പാശ്ചാത്യ രാജ്യങ്ങൾ ഇസ്‌ലാമിന്റെ വെളിച്ചത്താൽ പ്രബുദ്ധരാകുന്നതാണെന്ന് വാഗ്ദത്ത മസീഹ്(അ) പറഞ്ഞു. വാഗ്ദത്ത മസീഹ്(അ) മറ്റൊരു പ്രവചനം നടത്തി. അതിൽ ഒരു സ്വപ്നദർശനത്തിൽ താൻ ലണ്ടനിലെ ഒരു പ്രസംഗ പീഠത്തിൽ നിൽക്കുന്നതായും ഇംഗ്ലീഷിൽ ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തെ സംബന്ധിച്ച് യുക്തിസഹമായ ഒരു പ്രഭാഷണം നടത്തുന്നതായും കാണുകയുണ്ടായി. പിന്നീട് അദ്ദേഹം മറ്റൊരു സ്വപ്നദർശനത്തിൽ ചെറിയ മരങ്ങളിൽ നിന്ന് തിത്തിരി പക്ഷികളോട് സാമ്യമുള്ള വെളുത്ത പക്ഷികളെ പിടിക്കുന്നതായി കാണുകയുണ്ടായി. തന്റെ രചനകൾ പാശ്ചാത്യ രാജ്യങ്ങളിലേക്ക് വ്യാപിക്കുമെന്നും സത്യപ്രകൃതരായ ഇംഗ്ലീഷുകാർ ഇസ്‌ലാം സ്വീകരിക്കുമെന്നും ഇതിലൂടെ അദ്ദേഹം മനസ്സിലാക്കി.

വാഗ്ദത്ത മസീഹ്(അ)ന്റെ ആഗ്രഹവും പ്രതീക്ഷയും ഇതായിരുന്നു. ഇതിന്റെ വെളിച്ചത്തിൽ അഹ്മദിയ്യാ ജമാഅത്ത് ലണ്ടനിലും പാശ്ചാത്യ രാജ്യങ്ങളിലും ലോകമെമ്പാടും ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം പ്രചരിപ്പിക്കാനുള്ള പ്രയത്നങ്ങളിലൂടെ വാഗ്ദത്ത മസീഹ്(അ)ന്റെ ഈ ആഗ്രഹത്തെ പൂർത്തീകരിക്കാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. മസ്ജിദ് ഫള്ൽ നിർമിച്ചതും ഈ ഒരു ഉദ്ദേശ ലക്ഷ്യത്തോടെയാണ്.

മുമ്പ് സൂചിപ്പിച്ചതുപോലെ ചൗധരി ഫതഹ് മുഹമ്മദ് സിയാൽ സാഹിബിനെ യു.കെ.യിലേക്ക് അയക്കപ്പെട്ട അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആദ്യത്തെ മിഷനറിയായി കണക്കാക്കാവുന്നതാണ്. കൂടാതെ ആദ്യത്തെ ബ്രിട്ടീഷുകാരനെ ഇസ്‌ലാം അഹ്മദിയ്യത്തിലേക്ക് പ്രവേശിപ്പിക്കാനുള്ള സൗഭാഗ്യവും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. തുടർന്ന് നിരവധി ആളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചു. ചൗധരി ഫതഹ് മുഹമ്മദ് സിയാൽ സാഹിബ് ലണ്ടനിൽ ചുറ്റി സഞ്ചരിക്കുകയും വിവിധ സ്ഥലങ്ങളിൽ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു.

പിന്നീട് ഖാളി അബ്ദുല്ലാഹ് സാഹിബിനെ യു.കെ.യിലേക്ക് അയക്കുകയും അദ്ദേഹം പ്രബോധന പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടിരിക്കുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധ കാലത്ത് ഈ പ്രവർത്തനത്തിൽ കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുകയുണ്ടായി. പിന്നീട് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബിനെയും തുടർന്ന് ചൗധരി ഫതഹ് മുഹ

മ്മദ് സിയാൽ സാഹിബിനെയും യു.കെ.യിലേക്ക് അയക്കുകയുണ്ടായി.

### മിഷൻഹൗസിന്റെ സ്ഥാപനവും വെംബ്ലി സമ്മേളനവും

രണ്ടാം ഖലീഫയുടെ മാർഗനിർദേശപ്രകാരം പുട്നിയിൽ മിഷൻ ഹൗസായി ഒരു പുരയിടം വിലയ്ക്കെടുത്തു. ഇതിനെ കുറിച്ച് രണ്ടാം ഖലീഫയെ അറിയിച്ചപ്പോൾ അദ്ദേഹം ഡൽഹൗസിയിൽ ഒരു വലിയ ചടങ്ങ് സംഘടിപ്പിക്കുകയും പള്ളിക്ക് മസ്ജിദ് ഫള്ൽ എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ആ വസ്തുവിനായുള്ള സാമ്പത്തിക സംഭാവനകൾക്കായി അദ്ദേഹം ആഹ്വാനം നടത്തുകയും ചെയ്തു. ആ ഭൂമി ഒരു ജൂതനിൽ നിന്നും സ്വന്തമാക്കിയതാണെന്ന് ഖലീഫ തിരുമനസ്സ് പറയുകയുണ്ടായി. അതിനുശേഷം അത് വികസിപ്പിച്ചെങ്കിലും അന്ന് ആ വസ്തു ഒരു വീടും ഏകദേശം ഒരേക്കറും അടങ്ങിയതായിരുന്നു. തുടർന്ന് 1924ൽ വെംബ്ലി കോൺഫറൻസിൽ ലോകത്തിലെ വിവിധ മതങ്ങളിൽ നിന്നുള്ള പ്രാതിനിധ്യം ഉണ്ടായിരിക്കണമെന്ന് തീരുമാനിക്കപ്പെട്ടു. അതിലൂടെ ആളുകൾക്ക് മതങ്ങളെ കുറിച്ച് പഠിക്കാൻ സാധിക്കുന്നതാണ്. മൗലവി അബ്ദുർറഹീം സാഹിബ് യു.കെ.യിൽ മിഷനറിയായി സേവനം അനുഷ്ഠിക്കുകയായിരുന്നു. ആ അവസരത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ പ്രതിനിധീകരിച്ച് ഒരു പ്രഭാഷണം നടത്താൻ അദ്ദേഹം ക്ഷണിക്കപ്പെടുകയുണ്ടായി. അദ്ദേഹം ഇക്കാര്യം ഖാദിയാനിലേക്ക് എഴുതി അറിയിച്ചപ്പോൾ രണ്ടാം ഖലീഫ ഈ നിർദേശം അംഗീകരിക്കുകയും ആ കോൺഫറൻസിനായി ഇസ്‌ലാമിന്റെ സുന്ദരവും യഥാർഥവുമായ അധ്യാപനങ്ങളടങ്ങിയ ഒരു പ്രബന്ധം എഴുതുകയും ചെയ്തു. അതാണ് പിന്നീട് 'അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം' എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

### ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇംഗ്ലണ്ടിൽ

ഈ മഹത്തായ അവസരത്തിൽ രണ്ടാം ഖലീഫ തന്നെ സ്വയം ഈ സമ്മേളനത്തിൽ സംബന്ധിക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെടുകയും അത് സ്വീകരിക്കപ്പെടുകയുമുണ്ടായി. ഈജിപ്ത്, ഡമാസ്കസ്, സ്വിറ്റ്സർലൻഡ്, ഫ്രാൻസ് എന്നിവിടങ്ങൾ സന്ദർശിച്ച ശേഷം രണ്ടാം ഖലീഫ 1924 ഓഗസ്റ്റ് 22ന് ഇംഗ്ലണ്ടിലേക്ക് തിരിക്കുകയുണ്ടായി.

രണ്ടാം ഖലീഫയ്ക്ക് അവിടെ എത്തുന്നതിനുമുമ്പ് ഒരു സ്വപ്നദർശമുണ്ടായി. അതിൽ അദ്ദേഹം വിജയിയായ ഒരു ജനറലിനെ പോലെ ഇംഗ്ലണ്ടിന്റെ തീരത്തേക്ക് കാലെടുത്തു വയ്ക്കുന്നത് കാണുകയും 'വില്യം ദി കോൺക്വെറർ' ജേതാവായ വില്യം എന്നൊരു ശബ്ദം കേൾക്കുകയും ചെയ്തു. രാം ഖലീഫ ഇംഗ്ലണ്ടിൽ എത്തുന്നത് പത്രങ്ങൾ വളരെ വിപുലമായി റിപ്പോർട്ട് ചെയ്യുകയുണ്ടായി. രണ്ടാം ഖലീഫയും അദ്ദേഹത്തോടൊപ്പം യാത്ര ചെയ്തവരും സെന്റ് പോൾ കത്തീഡ്രൽ സന്ദർശിക്കുകയും അതിനു പുറത്ത് ഇസ്‌ലാമിന്റെ വിജയത്തിനായി പ്രാർഥന നടത്തുകയും ചെയ്തു. തുടർന്ന് അദ്ദേഹം നഗരത്തിൽ പ്രവേശിക്കുകയുണ്ടായി. രണ്ടാം ഖലീഫ ലണ്ടനിൽ താമസിച്ച കാലത്ത് അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചുള്ള വാർത്തകൾ വളരെയധികം പ്രചരിക്കുകയുണ്ടായി. വിവിധ ചടങ്ങുകളിൽ പങ്കെടുത്ത ശേഷം മസ്ജിദ് ഫള്ലിന്റെ തറക്കല്ലിടാനുള്ള സമയം എത്തി. പ്രബോധന പ്രവർത്തനങ്ങളെ സ്വാഭാവികമായും സാരമായി ബാധിക്കുന്ന തരത്തിൽ വിവിധ ഭവനങ്ങൾ മാറി മാറി മിഷൻ ഹൗസുകളായി വാടകയ്ക്ക് എടുക്കുന്നതിന് പകരം ഒരു ഹെഡ്ക്വാർട്ടേഴ്സ് സ്ഥാപിക്കണമെന്ന് രണ്ടാം ഖലീഫ തീരുമാനിച്ചിരുന്നു. 1919 വരെ ഫണ്ടിന്റെയും ഭൂമിയുടെയും അഭാവം കാരണം ഈ പ്രവൃത്തി വളരെ ബുദ്ധിമുട്ടുള്ളതായി അനുഭവപ്പെട്ടിരുന്നു. എന്നാൽ ദൈവം ആവശ്യമായ മാർഗങ്ങൾ സജ്ജീകരിക്കുകയുണ്ടായി. ആദ്യം ഫണ്ടുകൾ വരുകയുണ്ടായി. യുദ്ധാനന്തരം ബ്രിട്ടീഷ് പൗണ്ടിന്റെ മൂല്യം കുറയുകയും ചെയ്തു. രണ്ടാം ഖലീഫ ഈ അവസരം ഉപയോഗപ്പെടുത്തി 1920 ജനുവരി 6ന് പതിനഞ്ചായിരം രൂപ ഇംഗ്ലണ്ടിലേക്ക് അയക്കണമെന്ന് നിർദേശിക്കുകയുണ്ടായി. പിന്നീട് നിർദേശം ലിഖിത രൂപത്തിൽ ആക്കുന്ന സന്ദർഭത്തിൽ അത് മുപ്പതിനായിരം രൂപ എന്ന് എഴുതി. അത് കടമായി അയക്കുന്നതിന് പകരം സാമ്പത്തിക സംഭാവനയായി അയക്കണമെന്നും അദ്ദേഹം എഴുതി. പ്രാരംഭത്തിൽ ആദ്യദിനം 6000 രൂപ സമാഹരിക്കപ്പെട്ടു. ജനുവരി 11 ആയപ്പോഴേക്കും ഖാദിയാനിലെ അഹ്മദിയ്യാ ജമാഅത്ത് വലിയ ത്യാഗങ്ങൾ വഹിച്ചുകൊണ്ട് 12000 രൂപ സമാഹരിക്കുകയുണ്ടായി. തുടർന്ന് പുറത്തുള്ളവരോടും സാമ്പത്തിക ത്യാഗത്തിന് ആഹ്വാനം നടത്തി. ഈ ത്യാഗത്തിൽ കൂടുതൽ ആളുകൾക്ക് പങ്കെടുക്കാൻ തുക ഒരു ലക്ഷം രൂപയായി ഉയർത്തുകയും തുടർന്ന് ബാങ്ക് ഓഫ് ഇന്ത്യ വഴി ഈ തുക ഇംഗ്ലണ്ടിലേക്ക് അയക്കുകയും ചെയ്തു.

### ശിലാസ്ഥാപനവും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രഭാഷണവും

1924 ഒക്ടോബർ 19ന് രണ്ടാം ഖലീഫ മസ്ജിദ് ഫള്ലിന് തറക്കല്ലിട്ടു. അന്നേദിവസം മഴ പെയ്യുകയുണ്ടായി. ഇക്കാര്യം രണ്ടാം ഖലീഫയുടെ ശ്രദ്ധയിൽപ്പെടു

ത്തിയപ്പോൾ അദ്ദേഹം പറഞ്ഞു. സാരമില്ല, ഈ അവസരത്തിലും പരിപാടികളിൽ വരുന്നവർ ആത്മാർഥത കൊണ്ടാണ് വരുന്നത്. പരിപാടി വിജയകരം ആകുന്നതാണ്. പരിപാടിക്കായി ഒരു ചെറിയ പന്തൽ സ്ഥാപിച്ചു. രാഷ്ട്രീയക്കാർ, പ്രമുഖർ, നയതന്ത്രജ്ഞർ തുടങ്ങി നിരവധി പേർക്ക് ക്ഷണം അയക്കുകയുണ്ടായി. ചെറിയ സമയത്തിൽ സംഘടിപ്പിച്ചതാണെങ്കിലും നിരവധി അതിഥികൾ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി.

ആ അവസരത്തിൽ രണ്ടാം ഖലീഫ സന്ദർഭത്തിന്റെ പ്രാധാന്യവും മഹത്വവും വെളിപ്പെടുത്തുന്ന ഒരു പ്രഭാഷണം നടത്തുകയുണ്ടായി. പ്രപഞ്ച സൃഷ്ടാവിന്റെ ആരാധനയിൽ ആളുകൾ ഒത്തുചേരാനും അവരുടെ വർഗമോ വംശമോ മറ്റെന്തെങ്കിലും പ്രകടമായ വ്യത്യാസമോ ഒന്നും തന്നെ പരിഗണിക്കാതെ ഒരുമിച്ചു കൂടാൻ കഴിയുന്ന ഒരു ഘടന കെട്ടിപ്പടുക്കുന്നതിനാണ് ഇതെല്ലാം ചെയ്യുന്നത് എന്ന വസ്തുതയിലേക്ക് അദ്ദേഹം ഏവരുടെയും ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ലോകത്ത് ആളുകൾക്കിടയിൽ എപ്പോഴും തർക്കങ്ങൾ ഉണ്ടെന്നും തർക്കങ്ങൾ തെറ്റല്ലെന്നും ക്ഷമ ഇല്ലായ്മയും പിടിവാശിയുമാണ് തെറ്റെന്നും അദ്ദേഹം പറയുകയുണ്ടായി. തർക്കങ്ങൾ അനൈക്യം ഉണ്ടാക്കുന്നതാവരുതെന്ന് അദ്ദേഹം പറഞ്ഞു. തർക്കങ്ങൾ മോശമാണെന്ന് ആളുകൾ പറയാറുണ്ടെന്നും എന്നാൽ തർക്കങ്ങൾ ഇല്ലെങ്കിൽ സഹിഷ്ണുതയ്ക്ക് എന്ത് അർത്ഥമാണുള്ളതെന്നും അദ്ദേഹം ചോദിച്ചു. തർക്കങ്ങൾക്കും അഭിപ്രായ വ്യത്യാസങ്ങൾക്കും ഇടയിലാണ് സഹിഷ്ണുത വെളിപ്പെടുന്നത്. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരിക്കെ ആളുകൾക്ക് എപ്പോഴും ഒരുമിച്ച് ജീവിക്കാൻ കഴിയേണ്ടതാണ്. ജനങ്ങളുടെ കാഴ്ചപ്പാടുകൾ ബലപ്രയോഗത്തിലൂടെ മാറ്റാൻ സാധിക്കില്ല. മറിച്ച് അവരുടെ ഹൃദയങ്ങളെ മാറ്റുന്നതിലേക്കാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

ഒരു പള്ളി ആരുടെയും സ്വന്തം അല്ലെന്നും മറിച്ച് ദൈവത്തിന്റേതു മാത്രമാണെന്നും രണ്ടാം ഖലീഫ ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ട് പറയുകയുണ്ടായി.


'അല്ലാഹുവിന്റെ ദേവാലയങ്ങളിൽ അവന്റെ നാമം സ്മരിക്കുന്നത് തടയുന്നവനേക്കാൾ അക്രമി മറ്റാരാണ്?' (2:115)

രണ്ടാം ഖലീഫയുടെ പ്രഭാഷണത്തിലെ തിരുനബി(സ)യുടെ ജീവിതത്തിൽ നിന്നുള്ള ഒരു സംഭവം ഉദ്ധരിച്ചുകൊണ്ട് ഖലീഫ തിരുമനസ്സ് തുടർന്നു. യമനിൽ നിന്നുള്ള ഒരു കൂട്ടം ക്രിസ്ത്യാനികൾ നബി തിരുമേനി(സ)യെ സന്ദർശിക്കുകയുണ്ടായി. സന്ദർശന വേളയിൽ അവരുടെ പ്രാർത്ഥനക്കുള്ള സമയമായപ്പോൾ പുറത്തുപോയി പ്രാർത്ഥിക്കാൻ അവർ അനുവാദം തേടി. ദൈവത്തെ ആരാധിക്കുന്ന ഏതൊരാൾക്കും പള്ളി തുറന്നിട്ടുണ്ടെന്ന് ഖുർആൻ പറയുന്നതായി പ്രവാചകൻ(സ) പറഞ്ഞു. അവർക്ക് പള്ളിക്കുള്ളിൽ പ്രാർത്ഥന നടത്താമെന്നും പറയുകയുണ്ടായി. ഇതേ മനസ്സോടെയാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഈ പള്ളി സ്ഥാപിക്കുന്നതെന്നും പള്ളിയുടെ സ്ഥാപനോദ്ദേശ്യം ദൈവത്തെ ആരാധിക്കുക എന്നത് മാത്രമാണെന്നും ദൈവത്തെ ആരാധിക്കാൻ ആഗ്രഹിക്കുന്ന ആരെയും പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്ന് തടയുന്നതല്ലെന്നും രണ്ടാം ഖലീഫ പറയുകയുണ്ടായി. ഈ പള്ളി ലോകത്തിലെ ഭിന്നത അവസാനിപ്പിക്കുന്നതിനും ഐക്യം സ്ഥാപിക്കുന്നതിനും കൂട്ടായ പുരോഗതിയുടെ പരസ്പര മനോഭാവം വളർത്തുന്നതിനും ഒരു വഴിവിളക്കായി പ്രവർത്തിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിക്കുകയുണ്ടായി.

**നൂറു വർഷങ്ങൾക്ക് ശേഷം**

ഖലീഫ തിരുമനസ്സ് പറഞ്ഞു. 100 വർഷങ്ങളായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഏത് പ്ലാറ്റ്ഫോം സന്ദർശിച്ചാലും എല്ലാവരും അതിൽ ഒരുമിക്കുന്നുവെന്ന കാര്യത്തിൽ വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നും സ്ഥലങ്ങളിൽ നിന്നും ഉള്ള നിരവധി ആളുകൾ സാക്ഷ്യം വഹിക്കുകയുണ്ടായി. തറക്കല്ലിടൽ വേളയിൽ രണ്ടാം ഖലീഫ ഒരു സ്മരണിക ഫലകവും അനാച്ഛാദനം ചെയ്യുകയുണ്ടായി. അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

'പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. നാം പ്രവാചകൻ(സ)നെ സ്തുതിക്കുകയും അദ്ദേഹത്തിനു മേൽ ദൈവാനുഗ്രഹം തേടുകയും ചെയ്യുന്നു. ദൈവത്തിന്റെ കൃപയോടും കാരുണ്യത്തോടും. അവൻ മാത്രമാണ് സഹായി.' നിശ്ചയമായും എന്റെ ആരാധനയും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും എല്ലാം സർവ്വലോകനാഥനായ അല്ലാഹുവിനു വേണ്ടിയുള്ളതാണ്. ഇന്ത്യയിലെ പഞ്ചാബ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അഹ്മദിയ്യാ കമ്മ്യൂണിറ്റിയുടെ തലവനായ ഞാൻ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഇന്ന് ഹിജ്റ 1343 റബീഉൽ അവ്വൽ 20ന് ഈ പള്ളിക്ക് ദൈവപ്രീതി കാംക്ഷിച്ച് കൊണ്ട് തറക്കല്ലിടുന്നു. അവന്റെ നാമം ഇംഗ്ലണ്ടിൽ വാഴ്ത്തപ്പെടുന്നതിനും ഞങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ ഈ രാജ്യത്തെ ജനങ്ങൾക്ക് ലഭിക്കുന്നതിനും അഹ്മദിയ്യാ ജമാഅത്തിലെ സ്ത്രീകളും പുരുഷന്മാരും




ഉൾപ്പെടുന്ന എല്ലാ അംഗങ്ങളുടെയും എളിയതും ആത്മാർത്ഥവുമായ പരിശ്രമങ്ങൾ സ്വീകരിക്കുന്നതിനും വേണ്ടി ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. ഈ പള്ളിയുടെ അഭിവൃദ്ധിക്കുള്ള മാർക്ഷങ്ങൾ അവൻ നൽകി അനുഗ്രഹിക്കട്ടെ. വിശുദ്ധി, ഭക്തി ,നീതി, സ്നേഹം എന്നീ വീക്ഷണങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രമായി ഇതിനെ മാറ്റട്ടെ. ദൈവനിയോഗിതനും പ്രവാചക മുദ്രയുമായ മുഹമ്മദ് നബികരീം(സ)യുടെയും വാഗ്ദത്ത മസീഹും ദൈവനിയോഗികനും നബികരീം(സ)യുടെ പ്രതിബിംബവുമായി അവതരിച്ച ഹദ്റത്ത് അഹ്മദ്(അ)ന്റെയും ദൈവികപ്രകാശത്തിന്റെ അനുഗൃഹീത കിരണങ്ങൾ പ്രസരിക്കുന്ന സൂര്യനായി ഈ സ്ഥലത്തെ മാറ്റട്ടെ. ആമീൻ (19-10-1924)

ഈ ചടങ്ങ് പത്രങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യുകയും രണ്ടാം ഖലീഫയുടെ പ്രസംഗത്തിന്റെ വിവിധ ഭാഗങ്ങൾ അവർ ഉദ്ധരിക്കുകയും ചെയ്തുവെന്ന് ഖലീഫ തിരുമനസ്സ് പറഞ്ഞു. രണ്ടു വർഷങ്ങൾക്കുശേഷം 1926ൽ ശൈഖ് അബ്ദുൽ ഖാദിർ സാഹിബ് മസ്ജിദ് ഫള്ൽ ഉദ്ഘാടനം ചെയ്തു.

ഇതാണ് മസ്ജിദ് ഫള്ലിന്റെ ഹ്രസ്വമായ ചരിത്രം. 100 വർഷം തികയുന്ന ഈ വേളയിൽ നടത്തുന്ന പരിപാടി ഒരു ലൗകിക ലക്ഷ്യത്തിനും വേണ്ടിയുള്ളതല്ല. മറിച്ച് വാഗ്ദത്ത മസീഹും(അ) രണ്ടാം ഖലീഫയും വിവരിച്ചതുപോലെ ഈ പള്ളി ജനങ്ങൾക്ക് ദൈവത്തെ സ്മരിക്കാനും ആരാധിക്കാനും ഒത്തുകൂടാനും പരസ്പരം കടമകൾ നിറവേറ്റുന്നതിലേക്കും ആത്മീയമായി സ്വയം സംസ്കരിക്കുന്നതിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുമുള്ള സ്ഥലമാകുന്നു. ജനങ്ങൾ മതത്തിൽ നിന്നും അകന്നുപോകുന്ന ഇക്കാലത്ത് പള്ളികൾക്ക് മുമ്പത്തെക്കാൾ പ്രാധാന്യമുണ്ട്. അതിനാൽ ദൈവത്തെ ആരാധിക്കുന്നതിലും അവന്റെ കൽപ്പനകൾ പൂർത്തീകരിക്കുന്നതിലും അവന്റെ സൃഷ്ടികളെ സേവിക്കുന്നതിലുമാണ് നമ്മുടെ നിലനിൽപ്പെന്ന വസ്തുതയിലേക്ക് നാം നമ്മുടെ ഭാവി തലമുറയെ ഉദ്ബോധിപ്പിക്കേണ്ടതാണ്. ഓരോ അഹ്മദിയും ഈ ഉദ്ദേശലക്ഷ്യം ഓർത്തിരിക്കേണ്ടതുണ്ട്. നബി തിരുമേനി(സ) പറഞ്ഞു: 'നിങ്ങൾ സ്വയം ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കു വേണ്ടിയും ഇഷ്ടപ്പെടുക. അതുകൊണ്ട് ഇസ്ലാമിന്റെ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം നാം ലോകമെമ്പാടും പ്രചരിപ്പിക്കേണ്ടതാണ്. മനുഷ്യരാശിയുടെ മോക്ഷത്തിലേക്കുള്ള മാർഗം ഇത് മാത്രമാണ്. അല്ലെങ്കിൽ ഭാവി തലമുറകൾ ഈ ലോകത്തിലെ യുദ്ധങ്ങളും ക്രമക്കേടുകളും മൂലം നശിപ്പിക്കപ്പെടുന്നതാണ്.

ഈ പള്ളിയുടെയും എല്ലാ പള്ളികളുടെയും കടമകൾ നിറവേറ്റാൻ സർവശക്തനായ അല്ലാഹു എല്ലാവരെയും പ്രാപ്തരാകട്ടെ എന്ന് ഖലീഫ തിരുമനസ്സ് ദുആ ചെയ്തു. നമ്മൾ ലോകത്ത് ദൈവവചനം പ്രചരിപ്പിക്കുന്നവരായി മാറട്ടെ. നബി തിരുമേനി(സ)യെ നിയോഗോദ്ദേശപ്രകാരം നമുക്ക് യഥാർഥ മുസ്ലീങ്ങൾ ആകാൻ സാധിക്കട്ടെ. ഈ കാലഘട്ടത്തിൽ ഇസ്ലാമിന്റെ പുനരുജ്ജീവനത്തിനും ലോകമെമ്പാടും ദൈവത്തിന്റെ ഏകത്വം പ്രചരിപ്പിക്കുന്നതിനും ലോകത്തെ നബി തിരുമേനി(സ)യുടെ പതാകക്കു കീഴിൽ കൊണ്ടുവരുന്നതിനുമായി അവൻ വാഗ്ദത്ത മസീഹ്(അ)നെ അയക്കുകയുണ്ടായി. അല്ലാഹു നമുക്കേവർക്കും അതിനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ.

# സന്തുലന സാന്ദ്രമായ പ്രപഞ്ചം

പ്രപഞ്ചം മുഴുവൻ തോതു നിർണ്ണയിച്ചു നിറഞ്ഞു കാണുന്ന സന്തുലന വ്യവസ്ഥ അന്തരീക്ഷ വായുവിലും പ്രകടമാണ്. ഭൂമിയിൽ കാണുന്ന ജീവവ്യവസ്ഥ നിലനിർത്താൻ മനുഷ്യകരങ്ങൾക്ക് അതീതമായ ഈ ദൈവിക സംവിധാനങ്ങൾ അത്ഭുതകരമാണ്. അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന **'കേവല നീതി കാരുണ്യം ബന്ധുത്വം: മൂന്ന് ക്രിയാത്മക തത്വങ്ങൾ'** എന്ന പുസ്തകത്തിൽ നിന്ന്

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ؒ**

**ഖലീഫത്തുൽ മസീഹ് നാലാമൻ**

**നാം** സ്വാഗതം ചെയ്യപ്പെട്ടാലും ഇല്ലെങ്കിലും ഓരോ ഋതുക്കൾക്കും അതിന്റേതായ പ്രാധാന്യമുണ്ട്. ഭൂമിയിലുള്ള വിവിധ ജീവിസമൂഹങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നിലനിർത്താൻ മാത്രമല്ല ആ ജീവിരൂപങ്ങളുടെ ഘടകങ്ങൾ തമ്മിലുള്ള ഒരു സന്തുലനം നിലനിർത്താനും ഓരോ ഋതുവും അവ ഒറ്റയാണെങ്കിലും സംയുക്തമാണെങ്കിലും അനിവാര്യമാണ്.

എന്തുകൊണ്ടാണ് വായുവിൽ നൈട്രജൻ, ഓക്സിജൻ, കാർബൺ ഡയോക്സൈഡ് എന്നിവയുടെ നിശ്ചിത അനുപാതങ്ങൾ? എന്തുകൊണ്ട് അപൂർവ്വ വാതകങ്ങളുടെ (Rare Gases) സാന്നിദ്ധ്യം? ഇതൊക്കെയാണ് പരിഹരിക്കപ്പെടേണ്ടതും ഉത്തരം കണ്ടെത്തേണ്ടതുമായ ശാസ്ത്രജ്ഞന്മാരുടെ എക്കാലത്തേയും ശ്രദ്ധ ആകർഷിച്ച ചോദ്യങ്ങൾ. ഒരു കാര്യം സുനിശ്ചിതമാണ്, ഈ അനുപാതങ്ങൾ യാദൃശ്ച്ഛികമല്ല. സന്തുലനങ്ങളിൽ എന്തെങ്കിലും കുഴപ്പങ്ങൾ സംഭവിച്ചാൽ മൊത്തം ജൈവ ആവാസ വ്യവസ്ഥ താറുമാറാകും. അന്തരീക്ഷത്തിൽ കാർബൺ ഡയോക്സൈഡിന്റെ അളവ് 1 ശതമാനം കൂടിയാൽ അതിന്റെ പ്രത്യാഘാതം സർവ്വനാശമായിരിക്കും. വാർത്തകളിൽ വായിക്കപ്പെടുന്ന *ഹരിതഗൃഹ പ്രഭാവത്തിന്റെ (Geen House Effect) സ്വാധീനങ്ങളെപറ്റി സാധാരണ വായനക്കാർക്ക് കുറഞ്ഞ കാര്യങ്ങളെ മനസ്സിലായിട്ടുണ്ടാവൂ. എന്നാൽ ശാസ്ത്രജ്ഞന്മാർ ഹരിതഗൃഹ പ്രഭാവത്തിന്റെ യഥാർത്ഥ പ്രാധാന്യം അറിയിക്കുമ്പോൾ വായനക്കാരൻ ആശങ്കാകുലനാകുന്നു. ഉദാഹരണത്തിന്, കാർബൺ ഡയോക്സൈഡ് 4 മുതൽ 5 ശതമാനം വരെ അന്തരീക്ഷത്തിൽ കൂടുകയാണെങ്കിൽ ഭൗമഗ്രഹം ജീവയോഗ്യമല്ലാതായി തീരും. ഇത് തീർച്ചയായും കേവലം അനുപാതത്തിന്റെ ഒരു പ്രശ്നം മാത്രമല്ല. അന്തരീക്ഷത്തിൽ കാണുന്ന ഓരോ മൂലകത്തിന്നും ഒരു ലക്ഷ്യമുണ്ട്. അതിനെല്ലാം തന്നെ കാണപ്പെടുന്നത് പോലെ കൃത്യവും കണിശവുമായ അനുപാതവും ആവശ്യമാണ്. ഭൂമിയുടെ മേലെയുള്ള പാളിക്കും ഇത് ബാധകമാണ്.

സ്ട്രാറ്റോസ്ഫിയറിൽ ഓസോൺ പാളി 18 മുതൽ 30 മൈൽ വരെ കട്ടിയുള്ളതാണ്. എന്തെങ്കിലും അപകടത്താൽ ഈ ഓസോൺ പാളിയുടെ സന്തുലനത്തിന്ന് തകരാറ് സംഭവിച്ചാൽ ഭൂമിക്ക് എല്ലാവിധത്തിലും അത് അപകടകരമായിരിക്കും. ജീവന്ന് അത്യന്തം വിനാശകരമായ ഹ്രസ്വ തരംഗ ദൈർഘ്യമുള്ള കോസ്മിക് രശ്മികളുടെ വർഷമായിരിക്കും അതിന്റെ ഫലം. ഓസോൺ പ്രത്യേകമായി ഹ്രസ്വ തരംഗ ദൈർഘ്യമുള്ള അൾട്രാ വയലറ്റ് രശ്മികളെ നശിപ്പിക്കുന്ന ഒരു സുരക്ഷാകവചമാണ്.

### സസ്യ ജീവിലോകത്തിലെ സന്തുലനം

ജീവിവർഗ്ഗങ്ങൾക്കിടയിൽ ഓരോന്നിന്റേയും പരസ്പര ബന്ധത്തെ അടിസ്ഥാനമാക്കിയുള്ള സന്തുലനവും ജീവിവർഗ്ഗവും സസ്യവർഗ്ഗവും തമ്മിലുള്ള സന്തുലനവും ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ വർദ്ധിച്ച തോതിൽ ആകർഷിക്കുന്നു. ഇത്തരത്തിലുള്ള സന്തുലനം പല രീതിയിലുമുണ്ട്. അതിൽ ചിലത് താഴെ വിവരിക്കാം

***ഹരിതഗൃഹ പ്രഭാവം (Geen House Effect):** ഭൂമിയിൽ പതിക്കുന്ന സൂര്യകിരണങ്ങൾ പ്രതിഫലിച്ച് അത് അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡ്, മീഥൈൻ, നൈട്രസ് ഓക്സൈഡ്, ജലബാഷ്പം, ഓസോൺ എന്നീ വാതകങ്ങൾ ആഗിരണം ചെയ്ത് അന്തരീക്ഷത്തിലേക്ക് പുനർ വികിരണം നടത്തി അന്തരീക്ഷ താപം നിലനിർത്തുന്നു. ഈ പ്രതിഭാസത്തെയാണ് ഹരിതഗൃഹപ്രഭാവം എന്ന് പറയുന്നത്. പെട്രോൾ, ഡീസൽ മുതലായ ഫോസിൽ ഇന്ധനങ്ങൾ അധികമായി ഉപയോഗിക്കുമ്പോൾ കാർബൺഡയോക്സൈഡിന്റെ പ്രകൃതിയിലുള്ള അനുപാതം വർദ്ധിച്ച് സന്തുലനം തെറ്റുകയും അന്തരീക്ഷ താപം അധികമാവുകയും ചെയ്യുന്നു. ഇതാണ് ആഗോള താപനം എന്ന് അറിയപ്പെടുന്നത്. വിവ:

➢ ഒരുജീവിരൂപം അതിന്റെ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട സംന്തുലനം

➢ പരഭക്ഷിയും (Predator) അതിന്റെ ഇരയും (Prey) തമ്മിലുള്ള സന്തുലനം.

➢ ഒരു മത്സ്യം അതിന്റെ പർവ്വത ശിഖരങ്ങളിലെ പ്രജനന കേന്ദ്രത്തിൽ നിന്നും സമുദ്രത്തിലേക്കുള്ള ദേശാടനവും അത് കഴിഞ്ഞ് മത്സ്യത്തിന്റെ പ്രജനകേന്ദ്രത്തിലേക്കുള്ള മടക്ക പ്രയാണവും തമ്മിലുള്ള സന്തുലനം

➢ നദികളും തടാകങ്ങളും തമ്മിലുള്ള സന്തുലന പാലനവും അവയിലും സമുദ്രത്തിലും ഉള്ളടങ്ങിയിട്ടുള്ള ജീവിരൂപങ്ങൾ തമ്മിലുള്ള പരസ്പര വിനിമയവും ശാസ്ത്രജ്ഞന്മാർ ഇത്തരത്തിലുള്ള സന്തുലനാത്മക ബന്ധങ്ങളുടെ പഠനങ്ങളിലും ഇതുപോലെയുള്ള മറ്റു പഠനങ്ങളിലും മുഴുകിയിരിക്കുകയാണ്. ഓരോ കണ്ടുപിടിത്തവും അടരുകൾക്ക് പിന്നിൽ അടരുകളായി വർത്തിക്കുന്ന സന്തുലനത്തിന്റെ നിഗൂഢതയിലേക്കാണ് അവരെ നയിക്കുന്നത്.

ആവാസവ്യവസ്ഥയിൽ ആസകലം നിവേശിച്ചു നിൽക്കുന്ന സന്തുലനത്തിന്റെ തത്വം വിശദീകരിക്കുന്ന മുറക്ക്, ജീവിഗണത്തേയും അജീവി ഗണത്തേയും പ്രതിപാദിക്കേണ്ടതുണ്ട്. അതുപോലെ അവ തമ്മിലുള്ള പരസ്പര ഏകോപനത്തേയും കൂടി പരാമർശിക്കണം. ഇത് വിവരിക്കാൻ ഒരാൾക്ക് മഉസുൻ എന്ന പദത്തേക്കാൾ ഉചിതമായ മറ്റൊരു പദം ആവിഷ്ക്കരിക്കാൻ സാധ്യമല്ല.

ചുരുക്കത്തിൽ, വിശുദ്ധ ഖുർആനിൽ കാണുന്ന നീതിയുടെ തത്വം അതിവിശാലമാണ്. പ്രപഞ്ചത്തിലെ ഓരോ കണത്തിലും അത് പ്രവർത്തനനിരതമാണ്. ഈ വിഷയത്തെപ്പറ്റി കുറച്ചധികം പറയുകയും എഴുതുകയും ചെയ്തു കഴിഞ്ഞു. എന്നാൽ ഈ വിഷയം അവസാനിക്കാത്തതാണ്. അതിനാൽ, സങ്കീർണ്ണമായ ശാസ്ത്രസാങ്കേതിക ഭാഷയിൽ ഇത് വിവരിക്കാൻ തുനിയുന്നത് അനുചിതമാണ്. ഈ ചർച്ച എത്രതന്നെ കൗതുകകരമായിരുന്നാലും സാധാരണക്കാരന്റെ ധാരണക്കതീതമായ ഒരു വിഷയമാണ്.

# നമസ്ക്കാരത്തിന്റെ രഹസ്യം

ഹദ്റത്ത് മിർസാ ഗുലാം അഹമദ് عليه السلام

**നമസ്ക്കാരത്തിന്റെ അവർണ്ണനീയമായ ആത്മീയാനുഭൂതിയെ കുറിച്ച്**

**'ലാ**ഇലാഹ ഇല്ലല്ലാഹ്'യുടെ ഉള്ളടക്കം കേട്ടതിനു ശേഷം നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക ഇത് കൃത്യതയോടെ അനുഷ്ഠിക്കുവാൻ വിശുദ്ധ ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് താക്കീത് ചെയ്തിരിക്കുന്നു. പക്ഷേ അതിനോടൊപ്പം ഇങ്ങനെയും പറഞ്ഞിരിക്കുന്നു: 'വയ്ലുല്ലീൽ മുസ്വല്ലദീനഹും അൻ സ്വലാത്തിഹിം സാഹൂൻ' നമസ്ക്കാരത്തിന്റെ യഥാർത്ഥത്തെക്കുറിച്ച് അജ്ഞരായ നമസ്ക്കാരക്കാർക്ക് നാശം. വേർപാടിന്റെ നേരത്ത് തനിക്ക് കൂടിക്കാഴ്ചയും സമാഗവും ലഭിക്കുന്നതിനായി ദൈവ സവിധത്തിൽ മനുഷ്യൻ കരഞ്ഞും വിലപിച്ചും നടത്തുന്ന ഒരു അർത്ഥനയാണ് നമസ്ക്കാരമെന്ന് മനസ്സിലാക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അല്ലാഹു വിശുദ്ധനാക്കാത്തിടത്തോളം ആർക്കും വിശുദ്ധനാകാൻ സാധ്യമല്ല. അവൻ സ്വയം കൂടിക്കാഴ്ച അനുവദിക്കാത്തിടത്തോളം ആർക്കും അവനുമായി കൂടിക്കാഴ്ച നടത്താനും സാധ്യമല്ല. പലവിധത്തിലുള്ള വളയങ്ങളും ചങ്ങലകളും മനുഷ്യന്റെ കഴുത്തിൽ വീണു കിടക്കുകയാണ്. അതിൽ നിന്നും മുക്തി അവൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും മാറുന്നില്ല. വിശുദ്ധനായിരിക്കണമെന്ന് ആഗ്രഹമുണ്ടായിട്ടും മനുഷ്യൻ 'നഫ്സെ ലവ്വാമ' അഥവാ സ്വയം ശാസകാത്മാവിന് വിധേയമായി പോകുന്നു പാപങ്ങളിൽ നിന്ന് വിശുദ്ധനാക്കുക എന്നത് അല്ലാഹുവിന്റെ പ്രവർത്തിയാണ്. ശക്തി ചെലുത്തി വിശുദ്ധനാക്കാൻ ആർക്കും സാധ്യമല്ല. അതുകൊണ്ട് പരിശുദ്ധമായ വികാരങ്ങൾ ഉണ്ടാക്കി തീർക്കുന്നതിന് വേണ്ടിയാണ് അല്ലാഹു നമസ്ക്കാരം വെച്ചിട്ടുള്ളത്. എന്താണ് നമസ്ക്കാരം? ദുഷ്ചിന്തകളെയും ദുരാഗ്രഹങ്ങളെയും ദുരീകരിക്കാനും പരിശുദ്ധ സ്നേഹവും പരിശുദ്ധ ബന്ധവും ലഭിക്കാനും ദൈവിക കല്പനകൾക്ക് വിധേയമായി ജീവിക്കാനും വേദനയോടും സങ്കടത്തോടും തപ്ത ഹൃദയത്തോടും കൂടി അല്ലാഹുവിനോട് സഹായം തേടുന്ന ഒരു പ്രാർത്ഥനയാണ് നമസ്ക്കാരം. ദുആ അഥവാ പ്രാർത്ഥന. അത് നാവുകൊണ്ട് മാത്രമുള്ളതല്ലെന്നും പ്രസ്തുത അതിനോടൊപ്പം ഉള്ളിൽ നീറ്റലും ജ്വലനവും ചൂടും ഉണ്ടാകേണ്ടത് നിർബന്ധമാണെന്നും സ്വലാത്ത് എന്ന പദം വിളിച്ചോതുന്നു. മനുഷ്യൻ ഒരു മരണാ

ശേഷം പേജ് 41 ൽ

രണ്ടാം ഭാഗം

# ഹദ്റത്ത് അഹ്മദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനവും പൂർത്തീകരണവും

ഇബ്നു വഫാ ബേപ്പൂർ

മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബിന്റെ രണ്ടാമത്തെ അനുഭവം ചിന്തിക്കുന്നവർക്കു വലിയ പാഠമുളവാക്കുന്നവയാണ്. അദ്ദേഹം വിവരിക്കുകയാണ്: മുഹ്സിൻ എന്റെ ബാല്യകാല സുഹൃത്താണ്. കുട്ടിക്കാലത്തെ ആ സ്നേഹ ബന്ധം ഞങ്ങൾ ഇപ്പോഴും തുടരുന്നുണ്ട്. ഞാൻ അവന്റെ വീട്ടിലും അവൻ എന്റെ വീട്ടിലും സ്ഥിരമായി സന്ദർശനം നടത്താറുണ്ട്. അവിടെ ഭക്ഷണം കഴിക്കാറുണ്ട്. ദീർഘ നേരം സംസാരിച്ചിരിക്കാറുമുണ്ട്. ഞാൻ ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിച്ച ശേഷം കുടുംബക്കാരിൽ നിന്നും നാട്ടുകാരിൽ ചിലരിൽ നിന്നും എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും അഹ്മദിയ്യത്തെന്ന ആ അനുഗൃഹീത സന്ദേശം എന്റെ ഏറ്റവും പ്രിയസുഹൃത്തായ മുഹ്സിനു നൽകാൻ ഞാൻ തീരുമാനിച്ചു.

'ഒരു ദിവസം രാത്രി ഞാൻ അവന്റെ വീട്ടിൽ ചെന്നു. സംസാരമദ്ധ്യേ ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ച കാര്യം അവനോടു പറഞ്ഞു. അഹ്മദിയ്യത്ത് തികച്ചും സത്യമാണെന്നതിന്റെ തെളിവുകൾ ഖുർആനിൽ നിന്നും സ്വഹീഹായ ഹദീസിൽ നിന്നും ഇമാമുമാരുടെ വചനങ്ങളിൽ നിന്നും എന്റെ അറിവനുസരിച്ചു ഞാനവന്റെ മുന്നിൽ നിരത്തി. ഈസാ നബിയുടെ ആകാശത്തിൽ നിന്നുള്ള ആഗമനത്തെ കുറിച്ചും ദജ്ജാലിന്റെ പുറപ്പാടിനെ സംബന്ധിച്ചുമുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണങ്ങൾ ഞാനവനുമുന്നിൽ വിശദീകരിച്ചു. അവനെന്റെ വാക്കുകൾ സശ്രദ്ധം കേട്ടുകൊണ്ടിരുന്നു. അതിനാൽ അവൻ ഉടനെ ഒരു തീരുമാനത്തിലെത്തിയില്ലെങ്കിലും ആത്മാർഥമായി ഗൗരവത്തോടെ കാര്യങ്ങളെ കുറിച്ചു ചിന്തിക്കുമെന്നു തന്നെ ഞാൻ പ്രതീക്ഷിച്ചു. അൽപ സമയത്തെ മൗനത്തിനു ശേഷം മുഹ്സിൻ വളരെ പുഛഭാവത്തിലും സ്വരത്തിലും, നിന്നേക്കാൾ വിഡ്ഢിയും വിവരംകെട്ടവനും മണ്ണുണ്ണിയുമായ ഒരുവനെ ഞാനിതുവരെ കണ്ടിട്ടില്ലെന്നു പറഞ്ഞു വളരെ നിന്ദ്യമായ ഭാഷയിൽ പരിഹസിക്കാൻ തുടങ്ങി. പിന്നീട് ആ പരിഹാസവും അധിക്ഷേപവും വാഗ്ദത്ത മഹ്ദി ഇമാമി(അ)ലേയ്ക്ക് എത്തുകയും ഹുദൂറിനെ കുറിച്ചു അസഭ്യം പുലമ്പാനും തുടങ്ങി.

ഞാൻ അവനോടു പറഞ്ഞു: നോക്കൂ മുഹ്സിൻ നീ എന്നെ എങ്ങനെ വേണമെങ്കിലും എന്തു വേണമെങ്കിലും തെറി വിളിച്ചോളൂ, പരിഹസിച്ചോളൂ. എന്നാൽ നീ ഹദ്റത്ത് ഇമാം മഹ്ദി(അ)യെ ചീത്ത വിളിക്കരുത്, ആക്ഷേപിക്കരുത്. കാരണം അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട മുർസലീങ്ങളെ അപമാനിക്കുന്നത് അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. അവൻ സഹിക്കുകയുമില്ല. മാത്രവുമല്ല വാഗ്ദത്ത മസീഹ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണു

اِنِّىْ مُهِيْنٌ مَّنْ اَرَادَ اِهَانَتَكَ

എന്നത്. അതിനാൽ നീ ഇമാം മഹ്ദി(അ)യെ ചീത്ത വിളിക്കരുതെന്നു ഞാൻ നിന്നെ ഗുണദോഷിക്കുന്നു. നിന്നെ അപമാനിച്ചവനെ ഞാൻ അപമാനിക്കുമെന്നു വാഗ്ദത്ത മഹ്ദി മസീഹിനോടു അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ടന്നു കേട്ടപ്പോൾ മുഹ്സിൻ ഒന്നുകൂടി കോപാകുലനാവുകയും ധിക്കാരത്തോടെ മസീഹ് മൗഊദിനെ വീണ്ടും തെറിവിളിക്കാൻ തുടങ്ങുകയും ചെയ്തു.

മുഹ്സിൻ എന്റെ അടുത്ത സുഹൃത്താണെന്ന പരിഗണനയിൽ മസീഹ് മൗഊദിനെ ചീത്ത വിളിച്ചതിന്റെ അപരാധത്തിൽ അവൻ അല്ലാഹുവിന്റെ ശിക്ഷയ്ക്കു പാത്രീഭവിക്കരുതെന്ന അനുഭാവ പൂർണമായ എന്റെ ചിന്ത കാരണം ഞാനവനെ കുറെയേറെ ഉപദേശിച്ചു. പക്ഷേ, അവൻ ചീത്ത വിളി നിർത്തിയില്ല. അതു കാരണം ഞാനവന്റെ വീട്ടിൽ നിന്നു തിരിച്ചു വന്നു. പിന്നീട് ഞാൻ അവനിൽ നിന്നും അൽപം അകലം പാലിക്കാൻ തുടങ്ങി. ഞാനവന്റെ വീട്ടിലും പോകാതായി. അങ്ങനെ കുറച്ചു മാസങ്ങൾക്കു ശേഷം ഒരിടത്തു വെച്ചു യാദൃച്ഛികമായി ഞങ്ങൾ രണ്ടുപേരും കണ്ടുമുട്ടി. അവന്റെ മകനും കൂടെയുണ്ടായിരുന്നു. സാധാരണ കുശലാന്വേഷണങ്ങൾക്കു ശേഷം മുഹ്സിൻ ചോദിച്ചു: 'നീ ഇപ്പോഴും നിന്റെ ആ ഇമാം മഹ്ദിയുടെ ജമാഅത്തിൽ തന്നെ നിൽപുണ്ടോ അതോ അതെല്ലാം ഒഴിവാ ക്കിയോ?ഭ ഞാൻ പറഞ്ഞു: മുമ്പത്തേക്കാൾ കൂടുതൽ ഈമാനോടു കൂടി ഞാൻ അഹ്മദിയാ ജമാഅത്തിൽ ഉറച്ചു നിൽപുണ്ട്. അപ്പോൾ അവൻ മത

പരമായ ചില കാര്യങ്ങളെ കുറിച്ച് അഹ്മദിയ്യാ ജമാഅ ത്തിന്റെ വീക്ഷണമെന്താണെന്നു ചോദിച്ചു. അവന്റെ ചോദ്യങ്ങൾ എന്നെ സന്തോഷിപ്പിച്ചു. അവനിൽ ചെറിയ മാറ്റം വന്നിട്ടുണ്ടെന്നു ഞാൻ ധരിച്ചു. പക്ഷേ, അതെല്ലാം എന്റെ തെറ്റിദ്ധാരണയായിരുന്നു വെന്നു പിന്നീട് ഞാനറിഞ്ഞു. അവന്റെ ചോദ്യങ്ങൾക്കു ഞാനെന്റെ അറിവനുസരിച്ചു ജമാഅത്തിന്റെ തഫ്സീറും മറ്റു വിവരങ്ങളും വിശദമായി പറഞ്ഞു കൊടുത്തു. കൂടെയുണ്ടായിരുന്ന അവന്റെ മകൻ ഞാൻ പറഞ്ഞതു അംഗീകരിച്ചു കൊണ്ട് ഇതു തികച്ചും ബുദ്ധിക്കും യുക്തിക്കും യോജിക്കുന്നതു തന്നെയാണെന്നു അഭിപ്രായപ്പെട്ടു.

ഇതു കേൾക്കണ്ട താമസം, മുഹ്സിന്റെ നിറം മാറി. അവൻ പറഞ്ഞു: രണ്ടും, അതായത് ഞാനും അവന്റെ മകനും ഒരുപോലെയുള്ള വിഡ്ഢികളും വിവരം കെട്ടവരുമാണ്. ഒരു വണ്ടിക്കു കെട്ടേണ്ട രണ്ടു കഴുതകൾ. അതിനു ശേഷം അവൻ പതിവു പോലെ മസീഹ് മൗഊദി<sup>(അ)</sup>നെ തെറി കൊണ്ടഭിഷേകം ചെയ്യാൻ തുടങ്ങി. ഞാൻ പറഞ്ഞു: 'മുഹ്സിൻ, എനിക്കു നിന്നോടു വലിയ സ്നേഹവും സഹതാപവുമാണുള്ളത്. നീ എന്നോടു മതപരമായ കാര്യങ്ങളും ജമാഅത്തിന്റെ വീക്ഷണവും ചോദിച്ചതു കൊണ്ടാണു ഞാനിതൊക്കെ വിവരിച്ചത്. നീ ചോദ്യം ചോദിച്ചാൽ അതിന്റെ ഉത്തരം കേൾക്കാ നുള്ള സഹിഷ്ണുതയും സാമാന്യ മര്യാദയും നീ കാണിക്കണം. അല്ലെങ്കിൽ നീ ചോദിക്കരുത്. അതു പോലെ നീ നിന്റെ വൃത്തികെട്ട നാവിനെ നിയന്ത്രിക്കണം. നീ മസീഹ് മൗഊദിനെ ചീത്ത വിളിക്കുന്നത് എന്നെ അങ്ങേയറ്റം വേദനിപ്പിക്കുന്ന കാര്യമാണ്.' ഇതു കേട്ടപ്പോൾ അവൻ പറഞ്ഞു: 'ശരി. ഞാൻ നിന്റെ ഇമാം മഹ്ദിയെ ചീത്ത വിളിച്ചാൽ എനിക്കെന്താണു സംഭവിക്കുക.' ഞാൻ പറഞ്ഞു: 'ഈ കാര്യം ഞാൻ നിന്നോടു മുമ്പു പല തവണ പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദി(അ)നോടു അല്ലാഹുവിന്റെ വാഗ്ദാനമാണു

إِنِّي مُهِينٌ مَنْ أَرَادَ إِهَانَتَكَ

ഏതൊരാൾ ആ പുണ്യാത്മാവിനെ അധിക്ഷേപിക്കുകയോ നിന്ദിക്കുകയോ ചെയ്യുമോ അല്ലാഹു അവനേയും നിന്ദ്യനാക്കും. എളിമയിലുമാക്കും.' അതു കേട്ട ഉടനെ മുഹ്സിൻ ഹദ്റത്ത് മസീഹ് മൗഊദി(അ)നെ ചീത്ത വിളിക്കാൻ തുടങ്ങി. ഞാൻ പറഞ്ഞു: 'മുഹ്സിൻ ഇനി നീ ഓർത്തോളൂ, നീ അല്ലാഹുവിന്റെ ഒരു വരിഷ്ടദാസനെ രണ്ടാമത്തെ തവണയാണു ചീത്ത വിളിക്കുകയും ധിക്കാരം കാണിക്കുകയും ചെയ്തിരിക്കുന്നത്. ഇനി നിന്നെ അല്ലാഹു ശിക്ഷിക്കാതെ വിടുകയില്ല എന്നത് തീർച്ചയാണ്.' അത്രയും പറഞ്ഞു ഞാനവിടെ നിന്നും പോയി.

അതിനു ശേഷം കുറച്ചു ദിവസത്തേക്കു എനിക്കൊരിടം വരെ യാത്രപോകാനുണ്ടായിരുന്നു. പക്ഷേ, ആ സമയത്തൊക്കെ മുഹ്സിനായിരുന്നു എന്റെ മനസ്സുനിറയെ. കാരണം, അവൻ മസീഹ് മൗഊദി(അ)നോടു അങ്ങേയറ്റത്തെ ധിക്കാരമാണു കാണിച്ചത്. അതിനാൽ അല്ലാഹുവിന്റെ പിടി അവന്റെ മേൽ വീഴാതിരിക്കില്ല എന്നതായിരുന്നു എന്റെ ചിന്ത മുഴുവനും. ഞാൻ യാത്ര കഴിഞ്ഞു തിരിച്ചെത്തിയിട്ടും മുഹ്സിനെ കുറിച്ചു യാതൊരു വിവരവും അറിയാൻ സാധിച്ചില്ല. അതിനാൽ മനസ്സില്ലാമനസ്സോടെയാണെങ്കിലും ഞാനവനു ഫോൺ ചെയ്തു. അപ്പോഴാണു ഒരു കാറപകടത്തെ തുടർന്നു അവൻ ആശുപത്രിയിലാണെന്നു മനസ്സിലായത്. ഞാനുടനെ ആശുപത്രിയിൽ ചെന്നു. വിവരങ്ങൾ തിരക്കി. കാർ ഓടിക്കുന്ന അവസരത്തിൽ പെട്ടെന്നു ഉറങ്ങിപ്പോയെന്നും കാർ ചെന്നു മരത്തിലിടിച്ചുവെന്നും അവൻ പറഞ്ഞു. കാർ തകർന്നു തരിപ്പണമായി. ശരീരമാസകലം മുറിവ് പറ്റി. ഇടതു കാലിന്റെ അസ്ഥി ഒടിഞ്ഞു പ്ലാസ്റ്ററിടേണ്ടി വന്നു. ഞാനവന്റെ പ്രിയ സുഹൃത്താണല്ലോ. അന്നു രാത്രി അവനെ ശുശ്രൂഷിക്കാനായി ഞാൻ ആശുപത്രിയിൽ തങ്ങി. അവന്റെ ഭാര്യയെ വീട്ടിലേയ്ക്കു പറഞ്ഞയച്ചു. ഞാനവനോടു പറഞ്ഞു: 'നോക്കൂ മുഹ്സിൻ, അല്ലാഹുവിൽ നിന്നുള്ള മുന്നറിയിപ്പാണിത്. അഹങ്കാരത്തിനും ധിക്കാരത്തിനുമുള്ള ശിക്ഷയാണിതെന്നു നീ തിരിച്ചറിയണം. അതുകൊണ്ട് മേലിൽ വളരെ ശ്രദ്ധിക്കണം.' എന്റെ വാക്കുകൾക്കു അവൻ മറുപടിയൊന്നും പറഞ്ഞില്ല. കുറച്ചു നാൾ ആശുപത്രിയിൽ കഴിഞ്ഞ ശേഷം പതുക്കെ സാധാരണ ജീവിതത്തിലേയ്ക്കു അവൻ തിരിച്ചു വന്നു.

ഈ സംഭവത്തിനു കുറച്ചു നാളുകൾക്കു ശേഷം ഞങ്ങൾ തമ്മിൽ വീണ്ടും കണ്ടുമുട്ടി. കുശലാമ്പേഷണത്തിനു ശേഷം സംസാരം അഹ്മദിയാ ജമാഅത്തിനെ കുറിച്ചായി. മതപരമായ ചർച അവൻ തന്നേയാണു തുടങ്ങുന്നത്. പതിവു പോലെ സംസാരം ചീത്തവിളിയിലുമെത്തി. ഞാൻ പറഞ്ഞു: 'നിന്റെ ധിക്കാരം നിമിത്തം ഇതിനു മുമ്പു എന്തു ശിക്ഷയാണു നിനയ്ക്കു കിട്ടിയ തെന്നു നീ മറന്നു പോയോ? ഇനിയും അല്ലാഹു നിന്നെ ശിക്ഷിക്കണമെന്നാണോ നീ പറയുന്നത്.? അൽപമെങ്കിലും മാന്യത കാണിച്ചു കൊണ്ട് അല്ലാഹുവിന്റെ വരിഷ്ടദാസരെ ചീത്ത വിളിക്കുന്നതിൽ നിന്നു വിട്ടു നിന്നു കൂടേ. അല്ലാഹുവിന്റെ പ്രിയപ്പെട്ടവരെ അധിക്ഷേപിച്ചു കൊണ്ട് നീ അല്ലാഹുവിന്റെ ശിക്ഷ ചോദിച്ചു വാങ്ങുകയാണു ചെയ്യുന്നതെന്നു നീ ഓർത്തോളൂ.'

അതിനു ശേഷം ഒരാഴ്ച കഴിഞ്ഞതേയുള്ളു മുഹ്സിൻ രണ്ടാമതും കാറപകടത്തിൽ പെട്ടതായി എനിക്കു വിവരം ലഭിച്ചു. താമസിയാതെ ഞാനവനെ ആശുപത്രിയിൽ കാണാൻ ചെന്നു. വലതു കാലിന്റെ അസ്ഥി പൊട്ടി സ്റ്റീൽ റോഡ് ഇട്ടിട്ടാണുള്ളത്. ആദ്യം പൊട്ടിയ ഇടതുകാലിനു പ്ലാസ്റ്റർ മാത്രമേ അന്നു ഇടേണ്ടി വന്നിട്ടുണ്ടായിരുന്നുള്ളു. ഈ പ്രാവശ്യവും ശരീരത്തിന്റെ പലഭാഗത്തും മുറിവുകളുണ്ടായി. മറ്റു സംസാരങ്ങൾക്കു ശേഷം ഞാനവന്റെ അടുക്കൽ ചെന്നിരുന്നു കൊണ്ട്, അല്ലാഹുവിന്റെ നബിമാരെ അധിക്ഷേപിക്കുകയും ചീത്ത വിളിക്കുകയും ചെയ്യുന്നത് അല്ലാഹുവിനു ഇഷ്ടമല്ലെന്നു നിനയ്ക്കു ഇപ്പോഴെങ്കിലും മനസ്സിലായോയെന്നു ചോദിച്ചു. അവൻ മറുപടിയൊന്നും പറഞ്ഞില്ല. ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി അലൈഹിസ്സലാത്തു വസ്സലാം അല്ലാഹു വിനാൽ നിയോഗിതനായ മസീഹും മഹ്ദിയുമല്ലെന്നും ഞാൻ അവനോടു പറയുന്നതെല്ലാം ഒരടിസ്ഥാ നവുമില്ലാത്ത കള്ളത്തരമാണെന്നും അതുകൊണ്ട് നഊദുബില്ലാഹ് മിൻസാലിക്, വാഗ്ദത്ത മസീഹി(അ)നെ ചീത്ത വിളിച്ചതു കൊണ്ട് ഒന്നും സംഭവിക്കാനില്ലെന്നും അവനു തെളിയിക്കണം. അതിനാണ വൻ മസീഹ് മൗഊദി(അ)നെ നിരന്തരം ചീത്ത വിളിക്കുകയും അധിക്ഷേപിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നത്. ഞാനവനെ വീണ്ടും വീണ്ടും ഉപദേശിച്ചു കൊണ്ട് പറഞ്ഞു: 'മുഹ്സിൻ, നീ തന്റെ പര്യവസാനം കഷ്ടത്തിലും ദുരിതത്തിലുമാക്കാതെ ഒരു നല്ല മനുഷ്യനായി ജീവിക്കാൻ ശ്രമിക്കൂ.' അവൻ ഒന്നും പറഞ്ഞില്ലെങ്കിലും മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കുകയില്ലെന്ന ശുഭാപ്തി വിശ്വാസം എനിക്കുണ്ടായി. പക്ഷേ,അതൊക്കെ തന്നെ എന്റെ വ്യാമോഹമായിരുന്നുവെന്നു പിന്നീട് മനസ്സിലായി.

മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബ് തുടർന്നു പറയുകയാണ്: പിന്നീട് ഞാൻ ഒന്നര വർഷ ത്തിനു ശേഷമാണു യാദൃച്ഛികമായി ഒരിടത്തു വെച്ചു മുഹ്സിനെ കാണുന്നത്. കുശലാന്വേഷണങ്ങൾക്കുശേഷം സംസാരം അഹ്മദിയ്യാ ജമാഅത്തിലും മസീഹ് മൗഊദിലുമെത്തി. പതിവുപോലെ അവൻ തെറിവിളി ആരംഭിച്ചു. ഞാനവനോടു പറഞ്ഞു: 'നീ നിന്റെ ധിക്കാരവും ചീത്തവിളിയും നിർത്തുകയില്ലെങ്കിൽ അല്ലാഹു നിനക്കു ശിക്ഷയ്ക്കു മേൽ ശിക്ഷ നൽകി ക്ഷീണിച്ചു പോകുമെന്നു നീ കരുതുന്നുണ്ടോ? ഇതിനു മുമ്പു മുന്നറിയിപ്പെന്ന നിലയിൽ അല്ലാഹു രണ്ടു തവണ നിനക്കു ശിക്ഷ നൽകിയിട്ടുണ്ട്. നിന്റെ രണ്ടു കാലിന്റേയും എല്ലു പൊട്ടി. നീ വീണ്ടും അല്ലാഹുവിനോടു ശിക്ഷ ചോദിച്ചു വാങ്ങുകയാണ്.' അങ്ങനെ ഞങ്ങൾ തമ്മിൽ പിരിഞ്ഞു. കുറച്ചു കഴിഞ്ഞതേയുള്ളു മൂന്നാം തവണയും മുഹ്സിൻ കാർ അപകടത്തിൽപെട്ടതായി എനിക്കു വിവരം ലഭിച്ചു. ഓരോ അപകടത്തിലും ശരീര മാസകലം മുറിവും ഏതെങ്കിലുമൊരവയവം പൊട്ടുകയുമാണു ചെയ്യാറ്. ഈ പ്രാവശ്യവും അതു തന്നെ സംഭവിച്ചു. വലതു കൈയുടെ എല്ലു പൊട്ടി.

മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബ് പറയുകയാണ്. ഞാനവനെ ആശുപത്രിയിൽ ചെന്നു കണ്ടു. സംസാരമദ്ധ്യേ ഞാനവനോടു പറഞ്ഞു: 'നീ നിന്റെ വൃത്തികെട്ട സ്വഭാവം മാറ്റുകയില്ലെങ്കിൽ അല്ലാഹു തന്റെ വരിഷ്ടദാസരോടു ചെയ്തിരിക്കുന്ന വാഗ്ദാനം പൂർത്തിയാക്കിക്കൊണ്ടേയിരിക്കും. അവൻ നിനയ്ക്കു ശിക്ഷ നൽകി തളർന്നു പോകുമെന്നു നീ ധരിക്കണ്ട. കാരണം

إِنِّي مُهِينٌ مَنْ أَرَادَ إِهَانَتَكَ

എന്നത് വാഗ്ദത്ത മസീഹി(അ) നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതവൻ പൂർത്തിയാക്കുക തന്നെ ചെയ്യും. അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും നിന്നെരക്ഷിക്കാനാണു ഞാനിനൊക്കെ പറയുന്നത്. അതിനാൽ ഞാൻ പറയുന്നതിനു നീ ഒന്നു ചെവി കൊടുക്കൂ. അനുസരിക്കൂ.' അങ്ങനെ ഞാനവനോടു യാത്ര പറഞ്ഞു പിരിഞ്ഞു.

ഈ സംഭവത്തിനു ഏകദേശം ഒരു വർഷത്തിനു ശേഷമാണു വീണ്ടും ഞങ്ങൾ പരസ്പരം കാണുന്നത്. മതപരമായ ഒരു കാര്യവും മുഹ്സിനോടു സംസാരിക്കുകയില്ലെന്നു ഞാൻ നേരത്തെ മനസ്സിൽ തീരുമാനിച്ചിട്ടുണ്ടായിരുന്നു. കാരണം, മതപരമായ സംസാരത്തിന് അവനാണു എല്ലായിപ്പോഴും ആരംഭം കുറിക്കുന്നതെങ്കിലും അതിനു ഞാൻ മറുപടി നൽകുമ്പോഴാണല്ലോ അവൻ ജമാഅത്തിനേയും മസീഹ് മൗഊദിനേയും ചീത്ത വിളിക്കുന്നത്. അതു കാരണമാണല്ലോ അവനു അല്ലാഹുവിന്റെ ശിക്ഷയും ലഭിക്കുന്നത്. മതപരമായ കാര്യങ്ങൾ ഞാൻ മിണ്ടാതിരുന്നാൽ അവൻ ഒന്നും പറയുകയില്ലല്ലോ. അതിലൂടെ അല്ലാഹുവിന്റെ ശിക്ഷ അവനു കിട്ടുകയുമില്ലല്ലോ എന്നതായിരുന്നു എന്റെ ചിന്ത. തന്റെ പ്രിയ സുഹൃത്തിനെ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും രക്ഷിക്കാനാണ് ബക്കർ മുസ്തഫാ സാഹിബ് ശ്രമിക്കുന്നത്. അത്രമാത്രം തന്റെ സുഹൃത്തിനോടു അദ്ദേഹത്തിനു ആത്മാർഥ സ്നേഹമുണ്ടായിരുന്നു.

ബക്കർ മുസ്തഫാ സാഹിബ് തുടർന്നു പറയുകയാണ്: മതപരമായ ചർച്ചകൾ ഇല്ലാതിരിക്കാൻ ഞാൻ കഴിവിന്റെ പരമാവധി ശ്രമി

ച്ചിട്ടും മുഹ്സിൻ മനഃപൂർവം ജമാഅത്തിനെ കുറിച്ചുള്ള സംസാരം വലിച്ചിഴച്ചുകൊണ്ട് ജമാഅത്തിനേയും മസീഹ് മൗഊദി(അ)നേയും ചീത്ത വിളിക്കാൻ തുടങ്ങി. ഞാൻ വളരെ അക്ഷോഭ്യനായി അവനോടു പറഞ്ഞു: 'മുഹ്സിൻ, നീ എന്റെ വളരെ നല്ല സുഹൃത്താണ്. ബാല്യകാലം മുതൽ നമ്മൾ സുഹൃത്തുക്കളാണ്. നാലാമത്തെ പ്രാവശ്യവും നിന്റെ എല്ലു പൊട്ടണമെന്നു ഞാൻ ഒരിക്കലും ആഗ്രഹിക്കുകയില്ല. അതു കൊണ്ട് മേലിൽ നിന്നെ കാണാതിരിക്കാനും മതപരമായ ചർച്ചകളില്ലാതിരിക്കാനും ഞാൻ ശ്രമിക്കുന്നതായിരിക്കും.' ഇത്രയും പറഞ്ഞുകൊണ്ട് ഞങ്ങൾ തമ്മിൽ പിരിഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സുഹൃത്തുക്കളുമായുള്ള സ്നേഹ ബന്ധത്തെക്കുറിച്ച് ഒരിക്കൽ പറയുകയുണ്ടായി; 'ഒരു പ്രാവശ്യം ഒരാൾ ഞാനുമായി സ്നേഹബന്ധത്തിലേർപ്പെട്ടാൽ അയാൾ എതു തരത്തിലുള്ള വ്യക്തിയായാലും ശരി എങ്ങനെയുള്ള ആളായാലും ശരി എനിക്കാ ബന്ധം ഒരിക്കലും വിഛേദിക്കാനാവുകയില്ല. പക്ഷേ, അയാൾ ആ ബന്ധം വിഛേദിക്കുകയാണെങ്കിൽ എനിക്കൊന്നും ചെയ്യാനാവുകയില്ല. എന്നാൽ ആ ബന്ധത്തിനു ഞാൻ കൽപിക്കുന്ന സ്ഥാനം എങ്ങനെയുള്ളതാണെന്നു വെച്ചാൽ സുഹൃത്തുക്കളിൽ ആരെങ്കിലും മദ്യപിച്ചു ബോധം കെട്ട് അങ്ങാടിയിൽ വഴിയിൽ കിടക്കുകയും ആളുകൾ അയാൾക്കു ചുറ്റും കൂടി പരിഹസിക്കുന്ന അവസ്ഥ ഉണ്ടായാൽ പോലും ആ കൂടിനിൽക്കുന്ന ജനങ്ങൾ എന്നെ കുറിച്ചു എന്തു വിചാരിക്കും എന്ന കാര്യം അൽപം പോലും ഗൗനിക്കാതെ അയാളെ ഞാൻ എഴുന്നേൽപിച്ചു വൃത്തിയാക്കിയ ശേഷം അയാളെ ഞാൻ വീട്ടിലെത്തിക്കും. പിന്നീട് അയാൾക്കു നാണവും ലജ്ജയും തോന്നാതിരിക്കാൻ അയാൾക്കു ശരിക്കുള്ള ബോധം വരുന്നതിനു മുമ്പ് ഞാനവിടെ നിന്നു മാറിക്കളയും.' എന്നിട്ട് ഹുദൂർ അരുൾ ചെയ്തു: 'സുഹൃദ്ബന്ധം അത്രമാത്രം അമൂല്യ രത്നമാണെന്നു മനസ്സിലാക്കണം..' *(മൽഫൂസാത്ത് വാല്യം ഒന്ന് പേജ് 311)* എത്ര ഉന്നതമായ വികാരമാണിത്!

കുറച്ചു നാൾ കഴിഞ്ഞതേയുള്ളു നാലാമതും മുഹ്സിൻ കാറപകടത്തിൽ പെട്ടതായും ഇടതു കൈയുടെ എല്ലു പൊട്ടിയതായും എനിക്കു വിവരം ലഭിച്ചു. വിവരമറിഞ്ഞിട്ടും ഞാൻ മുഹ്സിനെ കാണാൻ ആശുപത്രിയിൽ ചെന്നില്ല. അവൻ മസീഹ് മൗഊദിനോടു ചെയ്യുന്ന ധിക്കാരവും തുടർന്നുള്ള അല്ലാഹുവിന്റെ ശിക്ഷയും കാരണം അവന്റെ രണ്ടു കൈയുടേയും കാലുകളുടേയും അസ്ഥികൾ നുറുങ്ങി. സാമ്പത്തികമായും ശാരീരികമായുമുള്ള ഒരു പാടു കഷ്ടനഷ്ടങ്ങൾ അനുഭവിച്ചിട്ടും അവൻ പാഠം പഠിക്കുന്നില്ല. എന്റെ ഉപദേശങ്ങൾ അവനിൽ ഒരു സ്വാധീനവും ചെലുത്തുന്നുമില്ല. അതുകൊണ്ടാണു ഞാനവനെ കാണാൻ ആശുപത്രിയിൽ പോകാതിരുന്നത്. അവസാന കൂടിക്കാഴ്ചയിൽ ഇനി മേലിൽ നിന്നെ കാണാതിരിക്കാൻ ഞാൻ ശ്രമിക്കുന്നതാണെന്നു ഞാനവനോടു പറഞ്ഞിട്ടുമുണ്ടായിരുന്നു.

കുറച്ചു മാസങ്ങൾക്കു ശേഷം ഒരു ദിവസം മുഹ്സിൻ ഫോൺ ചെയ്തു കൊണ്ട് എന്നെ കാണണമെന്നു ആഗ്രഹം പ്രകടിപ്പിച്ചു. എനിക്കവനെ കാണാൻ തീരെ താൽപര്യമില്ലായിരുന്നു.കാരണം അവൻ സ്വയം മതപരമായ സംസാരം ഉണ്ടാക്കി മസീഹ് മൗഊദി(അ)നേയും ജമാഅത്തിനേയും അധിക്ഷേപിക്കാനുള്ള പഴുതു കണ്ടെത്തുകയാണു ചെയ്യുന്നത്. കാണണമെന്നു അവൻ ആഗ്രഹം പ്രകടിപ്പിച്ചതല്ലേയെന്നു കരുതി ഞാനവനെ കാണാൻ ചെന്നു. മതപരമായ ചർചകൾ ഇല്ലാതിരിക്കാൻ പരമാവധി ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. സംസാരം കുടുംബ കാര്യങ്ങളിലും നാലു അപകടങ്ങൾ തരണം ചെയ്ത അവന്റെ ആരോഗ്യ കാര്യങ്ങളിലും മാത്രം ഒതുക്കാൻ ഞാൻ ശ്രമിച്ചു. ഇടയിൽ, മൂത്ത മകൻ എന്താണു പഠിക്കുന്നതെന്നു ഞാനവനൊടു ചോദിച്ചു. നഴ്സിങ്ങിനാണെന്നും നന്നായി പഠിക്കുന്നുണ്ടെന്നും അവൻ മറുപടി നൽകി. ഏതു കോളജിലാണു പഠിക്കുന്നതെന്നു അപ്പോൾ ഞാനവനോടു വീണ്ടും ചോദിച്ചു. ഇന്ന ടൗണിലുള്ള ഇന്ന കോളജിലാണു പഠിക്കുന്നതെന്നു മുഹ്സിൻ മറുപടി നൽകി.

അതു കേട്ടപ്പോൾ ഒന്നും ആലോചിക്കാതെ പൊടുന്നനെ 'ഓഹോ, ആ ടൗണിലാണോ പഠിക്കുന്നത്, അവിടെ തന്നേയാണു ഞങ്ങളുടെ ജമാഅത്തിന്റെ പ്രധാന കേന്ദ്രവും ഉള്ളതെന്നു' ഞാൻ വീണ്ടുവിചാരമില്ലാതെ പറഞ്ഞു പോയി. മതപരമോ ജമാഅത്തു പരമോ ആയ ഒരു വാക്കു പോലുംഅതുവരെ ഉച്ചരിക്കാതിരുന്ന എന്റെ നാവിൽ യാതൊരു ദുരുദ്ദേശ്യവും ഇല്ലാതെ ഒരാവേശത്തിൽ ഞാനറിയാതെ അതു വന്നുപോയതാണ്. അതു കേൾക്കേണ്ട താമസം മുഹ്സിൻ ഒരു ശൈത്താനായി മാറി. ദ്വേഷ്യം കൊണ്ട് അവനു കണ്ണു കാണാതായി. അവൻ ജമാഅത്തിനേയും മസീഹ് മൗഊദിനേയും വായിൽ തോന്നിയതൊക്കെ വിളിക്കാൻ തുടങ്ങി. ഞാനവനോടു അൽപം പോലും ദ്വേഷ്യം കാണിക്കാതെ അൽപം പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു: 'മുഹ്സിൻ, അല്ലാഹുവിന്റെ പ്രിയപ്പെട്ടവരെ തെറിവിളിക്കുന്നതു നിർത്തലാക്കുന്ന



താണ് നിനയ്ക്കു നല്ലത്. നിന്റെ ശരീരത്തിൽ പൊട്ടാൻ ഇനി എല്ലൊന്നും ബാക്കിയില്ല. അതിനാൽ അല്ലാഹുവിനോടു പശ്ചാത്തപിച്ചു മടങ്ങൂ. ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കൂ. എങ്കിൽ മാത്രമേ നീ ഇനി രക്ഷപ്പെടുകയുള്ളു. ഒരു കാര്യം കൂടി ഞാൻ പറയാം. ഇതു എന്റേയും നിന്റേയും അവസാന കൂടിക്കാഴ്ചയാണ്. കാരണം, നിന്നെ ഗുണദോഷിക്കാൻ ഞാൻ കുറേയേറെ ശ്രമിച്ചു. ഒന്നിനു പിറകെ മറ്റൊന്നായി പല പരീക്ഷണങ്ങൾ നിനക്കുണ്ടായി. എന്നിട്ടും നീ ഒരു പാഠവും പഠിച്ചില്ല. ഓരോ പ്രാവശ്യവും ഇതു അല്ലാഹുവിൽ നിന്നുള്ള ശിക്ഷയല്ലെന്നു തെളിയിക്കാനാണ് നീ ശ്രമിച്ചു കൊണ്ടിരുന്നത്. ഒരേ തെറ്റു നീ ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. അതിനാൽ നീ നേർമാർഗം പ്രാപിക്കുന്നതിനായി നിനക്കുവേണ്ടി പ്രാർഥിച്ചു കൊണ്ട് എന്നെന്നേക്കുമായി ഈ ബന്ധം ഞാൻ വേർപ്പെടുത്തുന്നു. ഇങ്ങനെയൊക്കെ പറയുന്നതിൽ എനിക്കു വിഷമമുണ്ടെങ്കിലും നിർവാഹമില്ല. അതിനാൽ ഇനി നീ എന്നെ വിളിക്കരുത് കാണാൻ ശ്രമിക്കുകയുമരുത്.' അങ്ങനെ ഞാൻ എന്നെന്നേക്കുമായി അവനുമായി പിരിഞ്ഞു.

കാറപകടത്തിലൂടെ നാലു പ്രാവശ്യം മുഹ്സിനു അല്ലാഹു നൽകിയത് ചെറിയ ശിക്ഷയാ യിരുന്നുവെന്നും രക്ഷപ്പെടണമെങ്കിൽ തൗബ ചെയ്തോളൂ എന്ന മുന്നറിയിപ്പായിരുന്നു അതിലടങ്ങിയതെന്നും പിന്നീടാണു മനസ്സിലായത്. മുഹ്സിനുമായുള്ള എന്റെ അവസാന കൂടിക്കാഴ്ചയ്ക്കു കൃത്യം പത്തു ദിവസങ്ങൾക്കു ശേഷം ഒരർദ്ധ രാത്രി ഈജിപ്ഷ്യൻ സ്പെഷ്യൽ പോലീസ് മുഹ്സിന്റെ വീടു വളഞ്ഞു. ഒരാൾ വാതിലിൽ മുട്ടി. വാതിൽ തുറന്നപ്പോൾ പോലീസ് ചോദിച്ചു: 'ആരാണു മുഹ്സിൻ.' അവൻ പറഞ്ഞു: 'ഞാനാണ്.' ആ നിമിഷം, ജയിലിൽ കഴിയേണ്ട നീ എങ്ങനെയാണു ഇവിടെ വീട്ടിൽ കഴിയുന്നതെന്നു ചോദിച്ചു കൊണ്ട് വീട്ടുകാരുടെ മുന്നിൽ വച്ചു അവർ അവനെ വലിച്ചു പോലീസ് വണ്ടിയിലിട്ടു കൊണ്ടു പോയി. കുറച്ചു വർഷങ്ങൾക്കു മുമ്പ് ഒരു കേസ്സുമായി ബന്ധപ്പെട്ട് മുഹ്സിനെ കോടതി എട്ടു വർഷത്തെ തടവു ശിക്ഷയ്ക്കു വിധിച്ചിട്ടുണ്ടായിരുന്നു. അന്നു കോടതി തന്നെ എന്തോ കാരണത്താൽ ശിക്ഷനടപ്പാക്കുന്നതു തൽക്കാലം നിർത്തി വെച്ചിട്ടുമുണ്ടായിരുന്നു. ആ ശിക്ഷ നടപ്പിൽ വരുത്താനാണു പോലീസ് അവന്റെ വീട്ടിലെത്തിയത്.

അല്ലാഹു നൽകിയ ചെറിയ ശിക്ഷയിലൂടെ പാഠം ഉൾക്കൊള്ളാതെ അഹങ്കാരവും ധിക്കാരവും കൊണ്ട് അയാൾ നടക്കുകയായിരുന്നു. അല്ലാഹുവിന്റെ പ്രിയപ്പെട്ടവരെ ചീത്ത വിളിക്കുന്നത് അല്ലാഹുവിനു ഇഷ്ടപ്പെടുകയില്ലെന്നു എത്ര പറഞ്ഞിട്ടും അവൻ വില കൽപിച്ചില്ല. അവസാനം എട്ടു വർഷത്തേയ്ക്കു ആർക്കും സഹായിക്കാൻ സാധിക്കാത്തവിധം ഇരുമ്പഴിക്കുള്ളിലായി. ഇത്തരത്തിൽ അവിശ്വസിക്കുകയും അല്ലാഹുവിന്റെ ദൂതരെ പരിഹാസ പാത്രമാക്കുകയും ചെയ്യുന്നവരെ കുറിച്ചു അല്ലാഹു പറയുകയാണ്

ذَٰلِكَ جَزَاؤُهُمْ جَهَنَّمُ بِمَا كَفَرُوا وَاتَّخَذُوا آيَاتِي وَرُسُلِي هُزُوًا

(അവർ അവിശ്വസിക്കുകയും എന്റെ ദൃഷ്ടാന്തങ്ങളേയും എന്റെ ദൂതന്മാരേയും പരിഹാസ പാത്രമാക്കുകയും ചെയ്തതിനു അവർക്കു പ്രതിഫലമായിട്ടുള്ളതാണാ നരകം. ഖുർആൻ 18:107) അതായത്, അത്തരക്കാർക്കു ഈ ലോകത്തു നരകമായിരിക്കും ലഭിക്കുക. പരലോകത്തും നരകം തന്നേയായിരിക്കും അവരുടെ വാസസ്ഥലം.

മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബ് പറയുകയാണ്: എന്റെ പ്രിയ സ്നേഹിതന് ഇത്ര വലിയ ശിക്ഷ കിട്ടിയതിൽ എനിക്കു അതീവ ദു:ഖമുണ്ടെങ്കിലും ഹദ്റത്ത് മസീഹ് മൗഊദി(അ) നോടു അല്ലാഹു ചെയ്ത

اِنِی مُہِینٌ مَنْ اَرَادَ اِہَانَتَکَ

എന്ന വാഗ്ദാനം തുടർച്ചയായി പൂർത്തിയാകുന്നത് ഞാനെന്റെ കണ്ണു കൊണ്ട് നേരിൽ കാണുകയും അറിയുകയും ചെയ്തതിനാൽ മസീഹ് മൗഊദിലും ജമാഅത്തി ലുമുള്ള എന്റെ ഈമാൻ ദിനംപ്രതി വർദ്ധിക്കുകയും ദൃഢീകരിക്കുകയും ചെയ്തിട്ടുണ്ട്. അൽഹംദുലില്ലാഹ്. അല്ലാഹു നമ്മെ എല്ലാവരേയും കാത്തുസൂക്ഷിക്കുമാറാകട്ടെ. യഥാർഥ ഈമാനോടു കൂടി മരിക്കാൻ സഹായിക്കുമാറാകട്ടെ.

അവലംബം & കടപ്പാട്: മസ്വാലിഹുൽ അറബ് - അൽ ഫസ്ൽ ഇന്റർനേഷണൽ. ലണ്ടൻ

# ഷെർലക് ഹോംസ് ലണ്ടൻ മസ്ജിദിൽ

**ലോക പ്രശസ്തനായ ഡിറ്റക്റ്റീവ് നോവലിസ്റ്റ് സർ ആർതർ കോനൻ ഡോയലിന്റെ അപസർപ്പക കഥകളിലെ മുഖ്യകഥാപാത്രമാണ് ഷെർലക്ഹോംസ്. നോവലിസ്റ്റിനെക്കാൾ പ്രശസ്തി നേടിയ കഥാപാത്രമായ ഷെർലക്ഹോംസിന്റെ പേരിലാണ് ആർതർ കോനൻ ഡോയൽ അറിയപ്പെടുന്നത്. അദ്ദേഹം ശതാബ്ദി പൂർത്തിയാക്കുന്ന ലണ്ടനിലെ അഹ്മദിയ്യാ മസ്ജിദുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന, ആത്മീയ അഭിരുചികളും അഭിനിവേശവുമുള്ള ഒരു മനുഷ്യസ്നേഹിയും അക്കാലത്തെ മുസ്‌ലിം പ്രശ്നങ്ങളിൽ തൽപരനുമായിരുന്നു.**

**ആസിഫ് എം ബാസിത്**
**(അഹ്മദിയ്യാ ആർക്കൈവ് ആൻഡ് റിസർച്ച് സെന്റർ, ലണ്ടൻ)**

**സർ** ആർതർ കോനൻ ഡോയൽ ആഗോള പ്രശസ്തനായ ഡിറ്റക്റ്റീവ് നോവലിസ്റ്റ് മാത്രമല്ല, ആത്മീയ അഭിരുചികളുണ്ടായിരുന്ന ഒരു മഹദ് വ്യക്തി കൂടിയായിരുന്നു. വർണ്ണം, മതം, വിശ്വാസം എന്നിവക്കപ്പുറം മനുഷ്യാവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിച്ച ഊർജ്ജസ്വലനായ ഒരു മനുഷ്യ സ്നേഹിയുമായിരുന്നു അദ്ദേഹം. ലണ്ടൻ മസ്ജിദായിരുന്നു ഈ മഹത്തായ പ്രവർത്തനങ്ങൾക്ക് വേദിയായി വർത്തിച്ചത്. ലണ്ടനിലെ ആദ്യത്തെ പള്ളിയായ ഫസൽ മസ്ജിദിലെ യോഗങ്ങളിൽ സർ ആർതർ കോനൻ ഡോയൽ പങ്കെടുക്കുകയും നിവേദനങ്ങൾ തയ്യാറാക്കുകയും അതിൽ ഒപ്പിടുകയും ചെയ്തിരുന്നു.

സംസ്കാര സമ്പന്നവും സൗഹാർദ്ദപരവുമായ രീതിയിൽ മുസ്‌ലിം അവകാശങ്ങൾക്ക് വേണ്ടി പോരാടുന്നതിൽ ആർതർ കോനൻ ഡോയലിനെപ്പോലുള്ള മഹാന്മാരും മറ്റു പലരും അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന് പിന്നിൽ നിലകൊണ്ട കാര്യം ആർക്കും അത്ര അറിയാത്ത കഥയാണ്. നാം നോവൽ കഥാപാത്രങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ ജീവസ്സോടെ ആദ്യം മനസ്സിൽ കടന്നു വരുന്ന സാങ്കൽപ്പിക കഥാപാത്രങ്ങളിലൊന്നാണ് ഷെർലക് ഹോംസ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സർ ആർതർ കോനൻ ഡോയൽ സൃഷ്ടിച്ച ഷെർലക് ഹോംസ് അപ്രകാരം തന്നെ ഇനിയും ജീവിക്കുമെന്ന് തോന്നുന്നു.

ആർതർ കോനൻ ഡോയലിന്റെ *'എ സ്റ്റഡി ഇൻ സ്കാർലറ്റ്'* എന്ന കഥയിൽ നിന്നാണ് അലാവുദ്ദീന്റെ അത്ഭുതവിളക്കിലെ ജിന്നിനെ പോലെ, 'ഷെർലക് ഹോംസ് ഉയർന്നുവന്നത്. എന്നാൽ അറബിക്കഥയിലെ അലാവുദ്ദീന്റെ വിളക്കിലെ ജിന്നിൽ നിന്ന് വ്യത്യസ്തമായി, ഷെർലക് ഹോംസ് ഒരിക്കലും പേനയിലേക്ക് തന്നെ മടങ്ങിയില്ല. അദ്ദേഹം ജീവിക്കുകയും മറ്റേതൊരു സാങ്കൽപ്പിക കഥാപാത്രത്തേക്കാളും വലുതായ ഒരു കഥാപാത്രമായി വളരുകയും ചെയ്തു. ഷെർലക് ഹോംസിന്റെ ജനപ്രീതിയുടെ ഈ അഭൂതപൂർവമായ പ്രളയം ഇംഗ്ലീഷ് സംസാരിക്കുന്ന ജനതയിൽ മുമ്പെങ്ങുമില്ലാത്തവിധം എല്ലാവരേയും അത്ഭുതപ്പെടുത്തി ഓളം സൃഷ്ടിച്ച് നിറഞ്ഞെഴുകി. രചയിതാവ് പോലും ഈ ജനപ്രീതി മുൻകൂട്ടി കണ്ടിരുന്നില്ല. ഇതിൽ ആശ്ചര്യപ്പെടുക മാത്രമല്ല അക്ഷരാർത്ഥത്തിൽ ഞെട്ടുകയാണ് ചെയ്തതെന്ന് തോന്നുന്നു.

സാഹിത്യനിരൂപകർ ഷെർലക് ഹോംസ് എന്ന കഥാപാത്രത്തെ അതിന്റെ സ്രഷ്ടാവിന്റെ സാങ്കൽപ്പിക പ്രതിരൂപമായാണ് കണക്കാക്കിയത്. എഡിൻബർഗിലെ റോയൽ ഇൻഫെർമറിയിൽ ഒരു സർജനായ ജോസഫ് ബെല്ലിന്റെ ഗുമസ്തനായി ജോലി ചെയ്യുകയായിരുന്നു ഷെർലക് ഹോംസിന്റെ രചയിതാവായ ആർതർ കോനൻ ഡോയൽ. അവിടെ ജോസഫ് ബെൽ എന്ന സർജൻ ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ശരീരങ്ങളെ അതിസൂക്ഷ്മമായി നിരീക്ഷിച്ച് വിശദാംശങ്ങൾ മനസ്സിലാക്കുകയും ആഴത്തിലുള്ള നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്ന രീതി ഡോയലിനെ ആഴത്തിൽ സ്വാധീനിച്ചു. ഷെർലക് ഹോംസിന്റെ ഡിറ്റക്റ്റീവ് കഥകൾ വായിച്ചവർക്ക് ഷെർലക് ഹോംസിന് പ്രത്യേക സ്ഥാനം നൽകുന്നത് ഡിഡക്റ്റീവ് ലോജിക് (നിഗമനാത്മക യുക്തി) പ്രയോഗിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രദ്ധേയമായ കഴിവാണെന്ന് കാണാം. ഇത് മാനസിക പ്രതിഭാസവുമായി അതിശയകരമാം വിധം തൊട്ടുരുമ്മി നിൽക്കുന്നു. തന്റെ ജീവിതത്തിൽ ജോസഫ് ബെൽ എന്നയാൾ ഷേർലക് ഹോംസ് എന്ന കഥാപാത്രത്തിന് പിന്നിലെ പ്രചോദനമായിരുന്നിട്ടും, ഷെർലക് ഹോംസ്, ആർതർ കോനൻ ഡോയൽ തന്നെയാണെന്ന് വായനക്കാർ വിശ്വസിച്ചു.

ആർതർ കോനൻ ഡോയലിന്റെ ജീവചരിത്രവും ആത്മകഥാപ



സർ ആർതർ കോനൻ ഡോയൽ

രമായ വിവരണങ്ങളും വായിക്കുമ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ആത്മീയ വശം നഷ്ടപ്പെടുത്താൻ കഴിയില്ല. അദ്ദേഹം ആഴത്തിൽ ആത്മീയതയോട് ആഭിമുഖ്യമുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ അദ്ദേഹത്തിന്റെ മൂത്ത മകൻ മരിച്ചപ്പോൾ രൂപപ്പെട്ട ഒരു സ്വഭാവം എന്ന നിലക്കാണ് ഈ ആത്മീയതയെ കാണുന്നത്. എന്നാൽ ഡോയൽ എല്ലായ്പ്പോഴും ആത്മീയ ആഭിമുഖ്യമുള്ള വ്യക്തിയായിരുന്നു. 1887 മുതൽ തന്നെ അദ്ദേഹം ആത്മീയ ജീവിതം നയിച്ചിരുന്നുവെന്ന് അദ്ദേഹം തന്നെ അടയാളപ്പെടുത്തുന്നുണ്ട്.

ഡോയൽ സ്വയം ഒരു ആത്മീയ ചായ്‌വ് കണ്ടെത്തിയ സമയത്താണ് ഷെർലക് ഹോംസ് എന്ന തന്റെ കഥാപാത്രം ജീവൻ വെച്ചത് എന്നതിൽ അതിശയിക്കാനില്ല. ഈ ആത്മീയത കുറ്റാന്വേഷണ കഥകളിലെ നിഗമനാത്മക യുക്തി (Forensic Deduction) എന്ന കലയോട് അദ്ദേഹത്തിന്റെ അഭിനിവേശം വർദ്ധിപ്പിച്ചു എന്നാണ് നാം മനസ്സിലാക്കേണ്ടത്. അങ്ങനെ, അദ്ദേഹം വികസിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്ത ഒരു കഥാപാത്രമായ ഷെർലക് ഹോംസിന്റെ ആൾരൂപമായിരുന്നു സർ ആർതർ കോനൻ ഡോയൽ. ഷെർലക് ഹോംസ് തന്റെ രചയിതാവായ ആർതർ കോനൻ ഡോയലിനെക്കാൾ വളരെ വലിയ വ്യക്തിത്വമായി വളർന്നുവെന്ന് ഡോയലിന് തന്നെ തോന്നിയതായും ചില ജീവചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഹോംസ് സ്വന്തം സ്രഷ്ടാവിനെ മറയ്ക്കുകയും മറികടക്കുകയും ഉയരുകയും ചെയ്തു. സമാധാനവും ശാന്തിയും തേടുന്ന സർ ആർതർ കോനൻ ഡോയലിന്റെ ആഴത്തിലുള്ള ആത്മീയ ചേതന ഷെർലക് ഹോംസിന്റെ കാര്യത്തിൽ എല്ലായ്പ്പോഴും സംഭവിച്ചതുപോലെ അദ്ദേഹത്തെ നിരവധി സ്ഥലങ്ങളിലേക്ക് കൊണ്ടുപോയിട്ടുണ്ട്.

## 'ഷെർലക് ഹോംസ്' ഫസൽ പള്ളി സന്ദർശിച്ചു

1920ൽ ലണ്ടനിലെ തെക്ക് പടിഞ്ഞാറ് സൗത്ത് ഫീൽഡിലുള്ള അഹ്‌മദിയ്യ മസ്ജിദായായ ഫസൽ പള്ളിയിൽ 'ഷെർലക് ഹോംസ്' പതിവായി വന്നിരുന്നു. ഇന്ന് ഈ മസ്ജിദ് ലണ്ടൻ മസ്ജിദ് എന്ന പേരിലാണ് അറിയപ്പെടുന്നത്. അദ്ദേഹം പള്ളിയുമായി സമ്പർക്കം പുലർത്തി എന്നതിന്റെ പരിപൂർണ്ണ വിവരത്തിനു വേണ്ടി ഞാൻ ഇപ്പോഴും ഗവേഷണം ചെയ്ത് പരിശോധിച്ചുകൊണ്ടിരിക്കുന്ന വിഷയമാണ്. അതിന്റെ പൂർണ്ണ വിവരം ഉടൻ കണ്ടെത്തുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. നിരവധി അവസരങ്ങളിൽ അദ്ദേഹം പള്ളിയിലെ യോഗങ്ങളിൽ പങ്കെടുക്കുകയും ലണ്ടൻ പള്ളിയുടെ ഇമാം, ഗ്രേറ്റ് ബ്രിട്ടന്റെ പ്രധാന മന്ത്രിക്കും വൈറ്റ്ഹാളിലെ മറ്റ് സ്വാധീനമുള്ള വ്യക്തികൾക്കും അയയ്ക്കുന്ന നിവേദനങ്ങളിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട്.

ഫസൽ മോസ്ക് അക്കാലത്ത് ലണ്ടനിലെ മുസ്‌ലിം പ്രാതിനിധ്യത്തിന്റെ ഒരു പ്രതീകമായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. ലണ്ടനിലെ ഒരേയൊരു ഒരു മസ്ജിദും ഇതായിരുന്നു. ഖാദിയാനിൽ നിന്നും ആരംഭിച്ച അഹ്‌മദിയ്യാ മുസ്‌ലിം സമൂഹം ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥാപിച്ച ലണ്ടൻ പള്ളിയിലെ ഇമാമിന്റെ ശബ്ദം ഇന്ത്യൻ-മുസ്‌ലിംകളുടെ ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന ശബ്ദമായിരുന്നു.

സർ ആർതർ കോനൻ ഡോയൽ ഇന്ത്യയിലെ മുസ്‌ലിംകളുടെ അവകാശങ്ങൾക്കായി സംസാരിച്ച അത്തരം ഹ്രസ്വമായ രണ്ട് ഉദാഹരണങ്ങൾ ഞാൻ ഉദ്ധരിക്കാം.

ബ്രിട്ടീഷ് പത്രങ്ങളും ഇന്ത്യയിലെ മുഖ്യധാരാ പത്രങ്ങളും 1927 ഓഗസ്റ്റ് 4 ന് അത് ഇപ്രകാരം റിപ്പോർട്ട് ചെയ്തു.

## 'അഞ്ഞൂറ് പേർ ഒപ്പുവെച്ച 'രംഗീല റസൂൽ' ഹർജി

'മൗലവി അബ്ദുർ റഹീം ദർദ്, എം. എ., ലണ്ടൻ പള്ളിയുടെ ഇമാം, കേബിൾ സർ എ. കോനൻ-ഡോയൽ, സർ ജെ. ഹോപ്പ് സിംപ്സൺ, സർ സ്റ്റാൻഫോർഡ് ലണ്ടൻ, സർ റോബർട്ട് ഹാമിൽട്ടൺ, മറ്റ് പ്രമുഖർ എന്നിവരുൾപ്പെടെ 500 പേർ ഇതുവരെ ഇന്ത്യൻ സ്റ്റേറ്റ് സെക്രട്ടറിക്ക് നിർദ്ദിഷ്ട നിവേദനത്തിൽ ഒപ്പുവച്ചുഭ. (Civil and Military Gazette, 4 August, 1927)

നമ്മുടെ വായനക്കാർ ഓർക്കുക 'റംഗീലാ റസൂൽ' വിവാദം കൊളോണിയൽ ഇന്ത്യയുടെ ഹൃദയഭേദകമായ ഒരു എപ്പിസോഡായിരുന്നു. ഇസ്‌ലാം വിരുദ്ധ വൃത്തങ്ങളിൽ രചിക്കപ്പെടുകയും ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകന്റെ സ്വഭാവത്തെ അപകീർത്തിപ്പെടുത്തുകയും ചെയ്ത ഒരു ക്ഷുദ്രകൃതിയായിരുന്നു രംഗീല റസൂൽ. രാജ്യത്തുടനീളം കലാപം പൊട്ടിപ്പുറപ്പെടുകയും ഹിന്ദു-മുസ്‌ലിം വർഗീയ സംഘർഷങ്ങൾ അത്യന്തം മോശമായി ആളിക്കത്തുകയും ചെയ്ത ഒരു സംഭ



**മസ്ജിദ് ഫസൽ ഒരു ഫയൽ ചിത്രം**

വമായിരുന്നു അത്. ആ സന്ദർഭത്തിൽ അഹ്മദിയ്യാ മുസ്‌ലിം സമൂഹം ബ്രിട്ടീഷ് സർക്കാരിന് മുന്നിൽ ഏറ്റവും സമാധാനപരവും ശക്തവുമായ രീതിയിൽ ഈ കേസ് അവതരിപ്പിച്ചു. അത്തരം കോളിളക്കം സൃഷ്ടിച്ച വിഷലിപ്തമായ പ്രചരണങ്ങളോട് പ്രതികരിച്ച ഏറ്റവും അനുയോജ്യമായ ഒരു വേദിയായിരുന്നു ലണ്ടൻ മസ്ജിദ്. മറ്റ് മുസ്‌ലിംകൾ കാണിച്ച അക്രമാസക്തമായ പ്രതികരണത്തിന് വിപരീതമായി, പള്ളിയിൽ യോഗം ചേർന്ന് നടത്തിയ രീതിയെയും ഒപ്പിട്ട നിവേദനത്തെയും സർ ആർതർ കോനൻ ഡോയൽ പ്രശംസിച്ചിരിക്കണം.

ഇതിന് രണ്ട് വർഷം മുമ്പ്, 1925 ൽ, കാബൂളിലെ അമീറിന്റെ നിർദേശപ്രകാരം അഫ്ഗാനിസ്ഥാനിൽ രണ്ട് അഹ്മദികൾ കല്ലെറിഞ്ഞു കൊല്ലപ്പെട്ടിരുന്നു. (വാഗ്ദത്ത മസീഹി(അ)ന്റെ കാലത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് ശഹീദിന്റെയും അബ്ദുറഹമാൻ സാഹിബ് ശഹീദിന്റെയും ശേഷമുണ്ടായ രക്തസാക്ഷിത്വമാണിത്). പ്രതിഷേധയോഗങ്ങളുടെ രൂപത്തിൽ നടന്ന സമാധാനപരമായ പ്രതിഷേധത്തിലൂടെയും അന്താരാഷ്ട്ര സ്ഥാപനങ്ങൾക്ക് അയച്ച നിവേദനങ്ങളിലൂടെയും ലണ്ടൻ പള്ളി ഈ വിഷയം ഉന്നയിച്ചിരുന്നു. രണ്ട് അഹ്മദികളുടെ കൊലപാതകം മാത്രമല്ല, അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ കശാപ്പായും മാധ്യമങ്ങൾ ശക്തമായി ഈ സംഭവം റിപ്പോർട്ട് ചെയ്യുകയുണ്ടായി. കാബൂളിൽ രണ്ട് അഹ്മദികളെ കൂടി കല്ലെറിഞ്ഞു കൊന്ന സംഭവം പരിഷ്കൃത ലോകത്ത് വളരെയധികം സഹതാപം സൃഷ്ടിക്കുകയും അതിന്റെ പ്രതിഷേധം മുസ്‌ലിംങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുകയും ചെയ്തില്ല.

'ലണ്ടനിൽ ഹാരോയിൽ വലിയ തോതിൽ സംഘടിപ്പിക്കപ്പെട്ട ഒരു യോഗം നടക്കുകയും താഴെപ്പറയുന്ന പ്രമേയം പാസാക്കുകയും ചെയ്തു'

'ഞങ്ങൾ, ഒപ്പിട്ടവർ, മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം മനുഷ്യരാശിയുടെ ജന്മാവകാശമാണെന്ന തത്വം സ്ഥിരീകരിക്കുകയും, വിശ്വാസ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് അഹ്ദികളെ കൂടി കല്ലെറിഞ്ഞു കൊല്ലുകയും ചെയ്ത അഫ്ഗാൻ സർക്കാരിന്റെ പെരുമാറ്റത്തെ ശക്തമായി അപലപിക്കുന്നു. (Civil and Military Gazette, 8 April, 1925)

ഒപ്പിട്ട പ്രമുഖരുടെ കൂട്ടത്തിൽ സർ ആർതർ കോനൻ ഡോയൽ ഏറ്റവും മുൻനിരയിലുള്ളതായി വാർത്തയിൽ പറയുന്നു. സർ ആർതർ കോനൻ ഡോയൽ മാത്രമല്ല പള്ളി സന്ദർശിക്കുകയും സമാധാന സ്ഥാപന ദൗത്യത്തിൽ ഭാഗമാക്കാവുകയും ചെയ്തത്. ലണ്ടനിലെ ഫസൽ പള്ളിയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ഇംഗ്ലീഷ് സാഹിത്യത്തിലെ നിരവധി സമുന്നത വ്യക്തികൾ റോൽഡ് ദാൽ, എച്ച് ജി വെൽസ് എന്നിവരെപ്പോലുള്ള അതി പ്രശസ്തരായ ഇംഗ്ലീഷ് നോവലിസ്റ്റുകളും ഉൾപ്പെടുന്നു. അവരുടെ വിവരണങ്ങൾ മറ്റൊരിക്കലാകാം.

ലണ്ടൻ പള്ളി മുസ്‌ലിം പ്രാതിനിധ്യത്തിന്റെയും മനുഷ്യാവകാശങ്ങളുടെയും കേന്ദ്രമായി തുടർന്നു, അതുപോലെ തന്നെ അതിന്റെ തുടക്കം മുതൽ തന്നെ മതാന്തര ഐക്യത്തിന്റെ പതാകവാഹകനായിരുന്നു. മുഹമ്മദലി ജിന്ന, സർ മുഹമ്മദ് ഇഖ്ബാൽ, സർ ഫസലുൽ ഹുസൈൻ, സർ ഷെയ്ഖ് അബ്ദുൾ ഖാദിർ എന്നിവരെപ്പോലുള്ള പ്രഗത്ഭരായ മുസ്‌ലിംകൾ അടിസ്ഥാന പ്രശ്നങ്ങളുടെ പരിഹാരത്തിന്നായി ഈ പള്ളിയിലേക്ക് തിരിയുമ്പോൾ, ഒരു ആതീയശാന്തിക്കും മനുഷ്യരാശിക്കായുള്ള സേവനത്തിനുമായി തേടുന്ന എല്ലാവർക്കും അതിൽ ആശ്വാസം ലഭിക്കും. മസ്ജിദ് ഫസൽ 100 വർഷം പിന്നിടുകയാണ്. പഴക്കമുള്ളതാണ് (പള്ളിക്ക് തറക്കല്ലിട്ടത് 19 ഒക്ടോബർ 1924ൽ ആണ്.) ഖലീഫത്തുൽ മസീഹ് രണ്ടാമൻ തറക്കല്ലിട്ട ലണ്ടനിലെ ആദ്യത്തെ പള്ളി എന്ന മഹത്തായ പാരമ്പര്യവും ആഗോള സമൂഹത്തിന് സമാധാനത്തിന്റെയും ഐക്യത്തിന്റെയും ദീപസ്തംഭവുമായും ലണ്ടൻ പള്ളി ശതാബ്ദി വർഷം ആഘോഷിക്കുകയാണ്.

ലേഖനം

# യുക്തിരഹിതമാണ് നാസ്തികവാദം

ഒരു കാര്യമുണ്ടാകണമെങ്കിൽ ഒരു കാരണം ഉണ്ടായിരിക്കണം അതുപോലെ ഒരു സൃഷ്ടിക്ക് ഒരു സൃഷ്ടാവുണ്ടാകണമെന്നതും അനിഷേധ്യമായ ഒരു പ്രപഞ്ച സത്യമാണ്. എന്നിരിക്കെ സങ്കീർണ്ണവും അത്യധികം ധിഷണാബദ്ധവുമായി സൃഷ്ടിച്ച് സംഘടിപ്പിക്കപ്പെട്ട ഈ പ്രപഞ്ചവും അതിലെ വസ്തുക്കളും സ്രഷ്ടാവില്ലാതെ താനെ ഉണ്ടായതാണ് എന്ന് പറയുന്ന നാസ്തിക വാദം പ്രാഥമികമായി യുക്തിരഹിതവും ബുദ്ധിശൂന്യവുമായ ഒരു വിശ്വാസം മാത്ര മാണ്.

**മഹ്മൂദ്, കൽക്കുളം**

ദൈവാസ്തിക്യ ബോധം മനുഷ്യനിൽ അന്തർലീനമാക്കപ്പെട്ട നിലയിലാണ് അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. തന്റെ സൃഷ്ടാവും രക്ഷകനുമായ ഒരു സർവ്വാധിനാഥൻ ഉണ്ടെന്നും താൻ അലക്ഷ്യമായി കഴിയേണ്ടവനല്ലെന്നുമുള്ള ചിന്ത മനുഷ്യന്റെ അന്തരംഗത്ത് നിന്നും പലപ്പോഴും പൊന്തി വരാറുണ്ട്. ഉദ്ദേശരഹിതമായിട്ടല്ല ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതെന്നും തിന്നും കുടിച്ചും ഭോഗിച്ചും മൃഗസമാനമായ രീതിയിൽ കടന്നുപോകുന്ന ഒരു അവസ്ഥ മാത്രമല്ല തനിക്കുള്ളതെന്നും മനുഷ്യന്റെ അന്തരംഗം മന്ത്രിക്കുന്നു. ഈ യാഥാർത്ഥ്യത്തെ നിരാകരിക്കുവാൻ അവന് സാധിക്കുന്നതല്ല. മനസ്സാക്ഷിയുടെ ഈ മന്ത്രണം തന്നെയാണ് ദൈവാസ്തിക്യത്തിനുള്ള പ്രഥമവും പ്രബലവുമായ സാക്ഷ്യം.

മനുഷ്യ പരമ്പരക്ക് അസ്ഥിവാരം കുറിച്ച് ദൈവം മനുഷ്യാത്മാക്കളെ സാക്ഷിനിറുത്തികൊണ്ട് അവനോട് ചോദിച്ചതും അവരംഗീകരിച്ചതുമായ സാക്ഷ്യം കൂടിയാണിത്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുകയാണ് അവൻ അവരോട് ചോദിച്ചു: ഞാൻ നിങ്ങളുടെ നാഥനല്ലയോ? തീർച്ചയായും അതേ, ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. ഞങ്ങൾക്ക് ദൈവത്തെക്കുറിച്ച് അറിവുണ്ടായിരുന്നില്ല എന്ന് പുനരുത്ഥാന നാളിൽ പറയാതിരിക്കാൻ വേണ്ടിയാണിത് അവൻ ഇപ്രകാരം ചെയ്തത്' (7:173)

ഈ ഖുർആൻ വാക്യത്തിന് വിശദീകരണം നൽകിക്കൊണ്ട് വാഗ്ദത്ത മസീഹ്(അ) പറയുന്നു: 'ഈ വാക്യത്തിൽ ദൈവം സംഭാഷണ രൂപേണ ആത്മാവിൽ അവൻ നിക്ഷേപിച്ചിട്ടുള്ള സ്വാഭാവ വിശേഷത്തെ അതായത് ഒരു ആത്മാവിനും ദൈവത്തിന്റെ സത്ത നിഷേധിക്കുവാൻ ശക്തമല്ല എന്ന സംഗതി എടുത്തു കാണിക്കുന്നു. നാസ്തികർ ദൈവത്തിന്റെ സത്തയെ നിഷേധിക്കുന്നത് അവരുടെ പ്രകൃതി അവരെ അതിലേക്ക് പ്രേരിപ്പിക്കുന്നത് കൊണ്ടല്ല, മറിച്ച് ദൈവം ഉണ്ടെന്നതിലേക്ക് അവരുടെ പക്കൽ തെളിവൊന്നുമില്ലെന്ന് അവർ വിചാരിക്കുന്നത് കൊണ്ടാണ് ഇങ്ങനെ ആദികാരണമായ ദൈവത്തെ നിഷേധിക്കുന്നതിനോടൊപ്പം തന്നെ അവൻ ഓരോ കാര്യത്തിനും ഓരോ പ്രത്യേക കാരണമുണ്ടെന്ന് വിശ്വസിക്കുന്നുമുണ്ട്. ശരീരത്തിന് രോഗം പിടിപെടുകയാണെങ്കിൽ അതിന് ഏതോ കാരണം ഉണ്ടായിരിക്കുമെന്നതിനെ നിഷേധിക്കുവാൻ മാത്രം ആലോചന ശൂന്യർ ലോകത്ത് ഉണ്ടെന്ന് തോന്നുന്നില്ല. ഈ ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന ഓരോ കാര്യത്തിനും ഓരോ പ്രത്യേക കാരണമില്ലെന്നാണെങ്കിൽ ഭൂകമ്പം കൊടുങ്കാറ്റ് ഗ്രഹണം ഇത്യാദി പ്രകൃതി സംഭവങ്ങളെ സംബന്ധിച്ച് മുൻകൂട്ടി ചെയ്യുന്ന ഗണനങ്ങളാദി ദിനേന നടന്നുകൊണ്ടിരിക്കുന്നു മറ്റു പല കാര്യങ്ങളെ സംബന്ധിച്ചും ചെയ്യുന്ന അനുമാനങ്ങളും അസാധ്യമായി ഭവിക്കുന്നതാണ്. അതിനാൽ ഒരു ദാർശനികൻ ദൈവത്തിന്റെ സത്തയിൽ വിശ്വസിക്കുന്നില്ലെന്ന് വന്നാലും അയാൾക്ക് കാര്യകാരണ വ്യവസ്ഥയെ നിഷേധിക്കുവാൻ വയ്യാത്തതിനാൽ ആദികാരണത്തിന്റെ സത്തയെ നിരസിക്കുവാനും അയാൾ ശക്തനാകുന്നില്ല. ഇത് ഒരു പ്രകാരത്തിൽ ദൈവത്തിന്റെ സത്ത അംഗീകരിക്കുന്നത് തന്നെയാണ് എന്നാലത് പൂർണ്ണ വിശ്വാസമല്ല' *(ഇസ്ലാംമത തത്ത്വജ്ഞാനം)*

തന്റെ രക്ഷകനും പരിപാലകനുമായി ഒരു പരാശക്തിയുണ്ട് എന്ന ബോധം അദൃശ്യ രൂപത്തിൽ സ്ഥിതി ചെയ്യുന്നതിന്റെ അനിവാര്യഫലമായിട്ടാണ് ജനിച്ച വീഴുന്ന ഒരു ശിശു അതിന്റെ മാതാവിലേക്ക് ചായുകയും മാതൃമടിത്തട്ടിൽ സമാശ്വാസം കണ്ടെത്തുകയും ചെയ്യുന്നത് യഥാർത്ഥ രക്ഷിതാവിനെ കുറിച്ചുള്ള ബോധം മനുഷ്യപ്രകൃതിയിൽ നിഗൂഢമായി പ്രവർത്തിക്കുന്നുണ്ട് എന്നതാണ് വാസ്തവം

### അനിഷേധ്യ സാക്ഷ്യം

ഭൗതിക സാഹചര്യങ്ങളുടെ ദുഃസ്സ്വാധീനം ഒരാളുടെ ശുദ്ധ പ്രകൃതിയെ കൂടി മറക്കുമ്പോൾ മാത്രമേ അയാൾ ദൈവ നിരാസത്തിനു മുതിരുകയുള്ളൂ എ

ന്നാൽ പരിശുദ്ധമായ മനുഷ്യപ്രകൃതി ദൈവ ചിന്തയാൽ പരിവൃതമായിരിക്കുമെന്നാണ് വിശുദ്ധ ഖുർആൻ മനസ്സിലാക്കിത്തരുന്നത്. ദൈവബോധത്തിന്റെ ബീജം ഉള്ളതുകൊണ്ട് തന്നെയാണ് ദൈവാന്വേഷണ തൃഷ്ണയും അവനിൽ കാണപ്പെടുന്നത്. വിശുദ്ധ ഖുർആൻ മനുഷ്യകുലത്തെ ഇങ്ങനെ ഓർമ്മപ്പെടുത്തുന്നു: 'നിങ്ങൾക്ക് തെളിവുകൾ തേടി മറ്റെവിടെയും പോകേണ്ട നിങ്ങളിൽ തന്നെയും നിങ്ങളിൽ തന്നെയും നിങ്ങൾക്ക് ദൈവിക ദൃഷ്ടാങ്ങളുണ്ട്. നിങ്ങൾ കണ്ടു മനസ്സിലാക്കുന്നില്ലയോ' (51:22) 'നാം മനുഷ്യനെ ഒരു രേതസ് കണത്തിൽ നിന്നുമാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന് അവൻ അറിയുന്നില്ലേ? എന്നിട്ടും അവനിപ്പോൾ കടുത്ത കുതർക്കിയായി തീർന്നിരിക്കുന്നു. നമുക്കെതിരെ പലതും പറഞ്ഞുണ്ടാക്കുകയും താൻ എങ്ങനെ സൃഷ്ടിക്കപ്പെട്ടു എന്ന കാര്യം അവൻ വിസ്മരിച്ചു കളയുകയും ചെയ്യുന്നു.' (36:78,79) അങ്ങേയറ്റം ദുർബലമായ അവസ്ഥയിൽ പിറവിയെടുക്കുകയും വളർന്നു വരികയും ചെയ്യുന്ന മനുഷ്യൻ പിന്നീട് തന്റെ ഇന്ദ്രിയങ്ങൾക്ക് കരുത്ത് ലഭിക്കുകയും സ്വാധീന വലയത്തിൽ അകപ്പെടുകയും ചെയ്യുന്ന ഘട്ടത്തിൽ ഒരുപക്ഷേ നിഷേധിയായി മാറുന്നുവെങ്കിലും അവന്റെ ഉപബോധമണ്ഡലത്തിൽ ചെയ്യുന്ന ആസ്തിക്യ ചിന്തയെ നിരാകരിക്കുവാൻ സാധിക്കുന്നതല്ല. വിശുദ്ധ ഖുർആൻ ഒരു സംഭവം നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്നുണ്ട് അതായത് 'അവർ സമുദ്രത്തിൽ സന്തുഷ്ടരായി കപ്പലിൽ യാത്ര ചെയ്യുകയും പെട്ടെന്ന് കപ്പലിനെ ഒരു കൊടുങ്കാറ്റ് ബാധിക്കുകയും നാനാഭാഗത്തുനിന്നും തിരമാലകൾ അവർക്കഭിമുഖമായി വന്നെത്തുകയും തങ്ങൾ നാശത്തിലകപ്പെട്ടുപോയെന്ന് അവർക്ക് തോന്നുകയും ചെയ്യുന്ന ഘട്ടത്തിൽ അവർ നിഷ്കളങ്ക മാനസരായി ദൈവത്തെ വിളിച്ചു കേഴുന്നതായിരിക്കും. അങ്ങനെ ദൈവം അവരെ രക്ഷപ്പെടുത്തിയാൽ വീണ്ടും അവൻ ഭൂമിയിൽ അന്യായം പ്രവർത്തിക്കാൻ തുടങ്ങുന്നു.' (10: 23,24) നിഷേധികളും ആപത് ഘട്ടം വന്നെത്തുമ്പോൾ വന്നെത്തുമ്പോൾ ദൈവത്തെ വിളിച്ച് വിലപിക്കുന്നതായി കാണാൻ കഴിയും. 'ഞാനാണ് നിങ്ങളുടെ നാഥൻ' എന്ന് അഹങ്കരിച്ചിരുന്ന ഫറോവ ചക്രവർത്തി പ്രളയം വന്ന് ഭീതിജനകമായ അവസ്ഥയിൽ അകപ്പെട്ട വേളയിൽ മൂസായും ഹാറൂനും പ്രബോധിക്കുന്ന ദൈവത്തിൽ വിശ്വസിക്കുന്നതായി വിളംബരപ്പെടുത്തുകയുണ്ടായി. ഈശ്വര സത്തയെ നിഷേധിക്കുന്നവരും അഹങ്കാരികളുമായ ആളുകളുടെ മനസ്സാക്ഷിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ദൈവിക ബോധം സന്നിഗ്ദ ഘട്ടങ്ങളിൽ മറനീക്കി പുറത്തുവരിക തന്നെ ചെയ്യുന്നതാണ്

**സൃഷ്ടി പദ്ധതി :
ദൈവത്തിലേക്കുള്ള
ചൂണ്ടുപലക**

കേവലം കാര്യകാരണ നിയമങ്ങളുടെ ആശ്രയത്തിലാണ് മനുഷ്യ ജീവൻ നിലനിന്നു പോരുന്നത്. സ്വശക്തിയിൽ നിലനിൽക്കാൻ അവനൊരിക്കലും സാധിക്കുന്നതല്ല. അതേസമയം വിസ്മയജന്യമായ അവയവ സംവിധാനങ്ങളോടുകൂടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഒരു നിരീക്ഷകനിൽ കൗതുകമുണർത്തുന്ന വിധമാണ് അവയുടെ പ്രവർത്തനങ്ങൾ. പ്രകൃതി പ്രതിഭാസങ്ങൾക്ക് അനുകൂലമായ രൂപത്തിലുള്ള മനുഷ്യന്റെ ഘടനാവിശേഷത്തെപ്പറ്റി പരിചിന്തനം ചെയ്യുമ്പോൾ അനിവാര്യമായും സർവ്വസമർത്ഥനായ സൃഷ്ടാവിലേക്ക് തന്നെയായിരിക്കും ചെന്നെത്തുക. വൈവിധ്യമാർന്ന പരിവർത്തന ഘട്ടത്തിലൂടെ ജീവൻ തുടിക്കാനും മനുഷ്യരൂപം പ്രാപിക്കാനും പറ്റുന്ന പാകത്തിൽ അതിനുവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്ന മാതൃഗർഭാശയത്തെക്കുറിച്ച് ചിന്തിക്കുന്നവർക്ക് അത് അതിസങ്കീർണമായ ഒരു ആന്തരികാവയവമാണെന്ന് ബോധ്യപ്പെടുത്തുന്നു. അവിടെ നിന്നും ഭൂമിയിൽ ശിശുവായി പിറന്നു വീഴുമ്പോൾ ജീവന്റെ നിലനിൽപ്പിന് വായു അനുപേക്ഷണീയമായിരുന്നു അത് ഇവിടെ ഉണ്ടായപ്പോൾ ശ്വസിക്കുവാനുള്ള ശ്വാസകോശം ശിശുവിന് നൽകപ്പെടുകയുണ്ടായി അതോടൊപ്പം നവജാത ശിശുവിന് അതിന്റെ ആമശയത്തിനു പറ്റിയ വിധം പ്രാരംഭ ഘട്ടങ്ങളിൽ ദ്രവരൂപത്തിലുള്ളതും പോഷക സമൃദ്ധവുമായ ഭക്ഷണം ആവശ്യമായിരുന്നു. അതിനൊത്ത വിധം മാതൃസ്തനങ്ങളിൽ പാൽ ചുരത്തപ്പെട്ടു. ദർശിക്കുവാനുള്ള ദൃഷ്ടികൾ പ്രധാനം ചെയ്യപ്പെട്ടപ്പോൾ പ്രകാശം അനിവാര്യമായിരുന്നു. അതിനായി സൂര്യൻ സൃഷ്ടിക്കപ്പെട്ടു. കേൾക്കുവാൻ കാത് നൽകപ്പെട്ടപ്പോൾ ശബ്ദ തരംഗങ്ങളും ശ്രവിക്കാനും ആശയവിനിമയവും സാദ്ധ്യമായി. ഇപ്രകാരം പ്രകൃതിസംവിധാനങ്ങളുമായി യോജിച്ചും പൊരുത്തപ്പെട്ടുപോകാനുള്ള അവയവ ഘടനയോടു കൂടി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നത് യാദൃശ്ചികതയുമായി ചേർത്ത് വായിക്കുന്നത് മൗഢ്യമാണ്. മനുഷ്യന്റെ നയനങ്ങൾ ആകസ്മികമായി ഉണ്ടായതാണെന്നിരിക്കട്ടെ പക്ഷേ അത് പ്രവർത്തനസജ്ജമാക്കാൻ പരകോടി സഹസ്രം കിലോമീർ ദൂരെ സൂര്യനുണ്ടായതും ആകസ്മികമാണ് എന്ന് എങ്ങനെയാണ് പറ




യാൻ കഴിയുക?. മുഴുവൻ ജീവജാലങ്ങളും സൃഷ്ടിപ്പിലും അവയുടെ പ്രകൃതിക്ക് അനുയോജ്യമാം വിധം അത്ഭുതകരമായ ഈ പൊരുത്തം കാണാൻ സാധിക്കുന്നതാണ്. വാഗ്ദത്ത മസീഹ് വിവരിക്കുന്നു: 'വിശുദ്ധ ഖുർആൻ ദൈവത്തിന്റെ സത്തയെ തെളിയിക്കുന്നതിന് മനുഷ്യന്റെ വിവേകജ്ഞാനത്തെ ക്ഷണിച്ചുകൊണ്ട് പ്രബലമായ പല യുക്തികളും എടുത്തു കാണിച്ചിരിക്കുന്നു. അത് ഒരു സ്ഥലത്ത് പറയുന്നതിങ്ങനെയാണ്. ഭങ്ങളുടെ റബ്ബ് എല്ലാ വസ്തുവിനും അതതിന്റെ പ്രകൃതിക്ക് അനുയോജ്യമായ സൃഷ്ടിപ്പിനെ പ്രധാനം ചെയ്യുകയും അനന്തരം അതിനു നിശ്ചിത പരിപൂർണ്ണതയിലേക്ക് എത്തിച്ചേരുവാൻ ഉപദർശനം നൽകുകയും ചെയ്തിരിക്കുന്നവനത്രെ.' (20:51) മനുഷ്യൻ തുടങ്ങി കരയിലും കടലിലും വായു മണ്ഡലത്തിലുള്ള എല്ലാ ജീവികളുടെയും ശരീരഘടനയെ പരിശോധിക്കുകയും പ്രകൃതിയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നതായാൽ എല്ലാം അവയുടെ അവയുടെ പ്രകൃതിയെകുറിച്ച് ചിന്തിക്കുകയും ചെയ്യുന്നതായികാണാം. ഈ വിഷയം ഓരോരുത്തർക്കും വേണ്ടത്ര ചിന്തിച്ചു നോക്കുവാൻ മാത്രം വിപുലമായിട്ടുള്ളതാണ്' (ഇസ്‌ലാംമത ജ്ഞാനം)

**യുക്തിരഹിതമാണ് നാസ്തിക വാദം**

ഈ പ്രപഞ്ചലോകവും ഇതിലെ സർവ്വ ചരാചരങ്ങളും ദൈവത്തിന്റെ സൃഷ്ടിപ്പാകുന്നു. ഇവയുടെ ചാലകശക്തിയും അവൻ തന്നെയാണ്. ദൈവത്തിന്റെ അപാരവും അനന്തരവുമായ ശക്തി പ്രകടനങ്ങളുടെയും കര വിരുതിന്റെയും നിദർശനങ്ങളാണിവ. സൃഷ്ടികൾക്ക് സ്വാഭാവികമായും സൃഷ്ടാവുണ്ടാകുമെന്നത് സമാന്യ യുക്തിമാത്രമാണ്. യാദൃശ്ചികമായിട്ടാണ് പ്രപഞ്ചം ഉണ്ടായതെന്ന നാസ്തിക വാദം തികച്ചും ബുദ്ധിശൂന്യമാകുന്നു. സൃഷ്ടിയെ അംഗീകരിക്കുകയും അതേസമയം സൃഷ്ടാവിനെ നിരാകരിക്കുകയും ചെയ്യുന്ന വിചിത്ര വാദമാണിത്. ഒരു ചിത്രം കാണുമ്പോൾ ചിത്രകാരനെ എങ്ങനെയാണ് മാറ്റിനിർത്താനാവുക. ലിയാണോ ഡാവിഞ്ചിയെ മാറ്റിനിർത്തിക്കൊണ്ട് മോണോലിസയെ അംഗീകരിക്കാൻ കഴിയുകയില്ല. കൃത്യമായ സമയം കാണിച്ചുകൊണ്ട് ചലിക്കുന്ന ഒരു ക്ലോക്ക് കാണുമ്പോൾ അതിനു നിർമ്മാതാവ് ഉണ്ടെന്ന് വിശ്വസിക്കുന്നതാണ് യുക്തി. എന്നിരിക്കെ അത്യന്തം കണിശതയോടും കൃത്യതയോടും വ്യവസ്ഥാപിതമായി ചരിച്ചുകൊണ്ടിരിക്കുന്ന ഈ മഹാപ്രപഞ്ചം യാദൃശ്ചികമായി ഉണ്ടായതാണെന്ന് വാദത്തിന് യാതൊരു പ്രസക്തിയുമില്ല. വിശുദ്ധ ഖുർആൻ പറയുന്നു: 'സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കുവാൻ കഴിയുകയില്ല രാത്രിക്ക് പകലിനെ അതിക്രമിക്കുവാനും കഴിയുകയില്ല എല്ലാ ഗ്രഹങ്ങളും നിശ്ചിതപഥങ്ങളിൽ സഞ്ചരിക്കുന്നു.' (36:41) 'ഇങ്ങനെയുള്ള ആകാശമണ്ഡലത്തെയും ഭൂമിയെ സൃഷ്ടിച്ച ദൈവത്തിന്റെ സത്തയിൽ വല്ല സംശയവുമുണ്ടോ' (14:11)

ചുരുക്കത്തിൽ ഈ അത്ഭുത പ്രപഞ്ചത്തിന് സ്രഷ്ടാവില്ല നിയന്താവില്ല ആസൂത്രകനില്ല എന്ന നാസ്തികവാദം വിതണ്ഡവാദം മാത്രമാകു.

# മത മൈത്രിയുടെ ഇസ്‌ലാമിക മാനങ്ങൾ

ഒരു ബഹു സ്വരജനാധിപത്യ സമൂഹത്തിൽ സാമൂഹിക ഉദ്ഗ്രഥനത്തിന്നും സമാധനത്തിന്നും ഏറ്റവും അനുയോജ്യമായ അദ്ധ്യാപനങ്ങളാണ് ഇസ്‌ലാം നൽകുന്നത്.

എ. എം മുഹമ്മദ് സലീം

മനുഷ്യ ജീവിതം ജനനത്തിന്നും മരണത്തിന്നും നടുവിലുള്ള ഒരു മഹാ പ്രഹേളികയാണ്. നമ്മുടെ ഹൃദയ ഘടികാരത്തിന്റെ സ്പന്ദനങ്ങൾക്കൊപ്പം മരണമെന്ന മഹാ സമസ്യയിലേക്ക് നാം ഓരോരുത്തരും നടന്നടുക്കുകയാണ്. ഒരുനാൾ വന്നണയുന്ന മരണമെന്ന അവസാന കവാടത്തിൽ ശരീരമുപേക്ഷിച്ച്  ഈ ജീവിതയാത്ര അവസാനിപ്പിക്കേണ്ടവരാണ് നമ്മൾ. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും പാഴ്സിയും ജൂതനും, നാം മനുഷ്യരെല്ലാം മരണമെന്ന തിരസ്ക്കരണിക്ക് പിന്നിലെ അജ്ഞാത ലോകത്തേക്കുള്ള പ്രയാണം തുടരുന്നവരാണ്. മനുഷ്യൻ അടിസ്ഥാനപരമായി അഭിമുഖീകരിക്കുന്ന ഈ അലംഘനീയ യാഥാർത്ഥ്യത്തിന്ന് മുമ്പിൽ നാം ഭയചകിതരായിപ്പോകുന്നു. മനുഷ്യന്റെ ഉള്ളിന്റെയുള്ളിനെ നിരന്തരം അലട്ടുന്ന ഈ അസ്തിത്വ സമസ്യക്ക് ഇസങ്ങൾക്കും ശാസ്ത്രത്തിന്നും ഉത്തരം നൽകാൻ സാദ്ധ്യമല്ല. ഏതോ അജ്ഞാത ഭൂതങ്ങളിൽ നിന്നും ഉത്ഭവിച്ച് ജീവിതമായി ഇവിടെ അരങ്ങേറി വീണ്ടും അദൃശ്യങ്ങളിലേക്കും അജ്ഞാതലോകത്തേക്കും തിരോഭവിക്കുന്ന ജീവിതമെന്ന ഈ മഹാ സമസ്യക്ക് ഉത്തരം നൽകി. മനുഷ്യനെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചത് മതങ്ങളാണ്. അതിന്നായി മൂല്യ ബോധവും സന്മാർഗ്ഗ പാഠങ്ങളും മതങ്ങൾ മനുഷ്യന്ന് നൽകി. മതങ്ങൾ മനുഷ്യനെ സാത്വിക വിശുദ്ധിയുടെ മലാഖമാരാക്കിമാറ്റി. ആ മതങ്ങൾക്ക് ഇന്ന് സംഭവിച്ച ശോഷണം യഥാർത്ഥ മതവിശ്വാസികളെ വ്യാകുല ചിത്തരാക്കുന്നില്ലേ? മനുഷ്യനെ മാലാഖയാക്കാൻ ധാർമിക ശേഷിയും ആത്മീയ പാഠങ്ങളുമുള്ള മതങ്ങൾ പൊതു വേദികളിൽ പേരുച്ചരിക്കാൻ പറ്റാത്ത അശ്ലീല പദമായി മാറിയിരിക്കുന്നു. മതം ചർച്ചചെയ്യാൻ ആളുകൾ ഭയക്കുന്നു. മതങ്ങൾക്ക് പൊതുവേ വന്നുപെട്ട ജീർണ്ണതകൾ വിശ്വാസികൾ ഹൃദയപൂർവ്വം ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

നാം ജീവിക്കുന്ന ലോകത്ത് ധാരാളം മതങ്ങളുണ്ട്. മതസ്പർദ്ധക്കും സംഘർഷങ്ങൾക്കും കാരണം യഥാർത്ഥത്തിൽ മതങ്ങളുടെ ബഹുലതയും വൈവിധ്യവുമാണോ? പ്രകൃതിയിലും പ്രപഞ്ചത്തിലും നിറഞ്ഞ് നിൽക്കുന്നത് വൈവിധ്യങ്ങളാണ്. ലോകത്ത് നിരവധി മതങ്ങൾ നിലനിൽക്കുന്നും എന്നതല്ല പ്രശ്നം. വൈവിധ്യങ്ങളോട് നാം എങ്ങനെ സമീപിക്കുന്നു എന്നതാണ് പ്രശ്നം. വാസ്തവത്തിൽ മനുഷ്യനും പ്രകൃതിയുമെല്ലാം വൈവിധ്യങ്ങളിൽ അധിഷ്ടിതമാണ്. ഏകശിലാഘടനയിലുള്ള വാർപ്പു രീതികൾ അഥവാ ക്ലോൺ രൂപങ്ങൾ പ്രകൃതിയിൽ കാണില്ല. യൂണിഫോമിറ്റി എന്നത് മനുഷ്യന്റെ കൃതബുദ്ധിയിൽ വരുന്ന ഒരു കൃത്രിമ സങ്കൽപ്പമാണ്. ദൈവം സൃഷ്ടിച്ച പ്രകൃതിയിൽ നിറഞ്ഞ് നിൽക്കുന്നത് വൈവിധ്യങ്ങളും നാനാത്വങ്ങളും ബഹുത്വവുമാണ്. അതാണ് പ്രകൃതിയുടെ സൗന്ദര്യം. മനുഷ്യൻ പഠിക്കേണ്ടതും പരിചയിക്കേണ്ടതും സമരസപ്പെടേണ്ടതും ഈ വൈവിധ്യങ്ങളോടാണ്. കൂടുതൽ ശാസ്ത്രീയമായി പറഞ്ഞാൽ ലീനിയാരിറ്റി അഥവാ രേഖീയത എന്നത് പ്രകൃതിയിൽ അപൂർവ്വമാണ്. അരേഖിയതയാണ് പ്രകൃതിയുടെ സ്വഭരൂപം. ആകാശത്ത് നോക്കുമ്പോൾ കാണുന്ന നക്ഷത്രങ്ങളുടെ വിന്യാസവും ഭൂമിയുടെ ഉപരിതല ഘടനയും സസ്യവൈവിധ്യങ്ങളും മൃഗരാശികളുടെ സഹജീവനവുമെല്ലാം വൈവിധ്യ പൂർണ്ണങ്ങളും അരേഖീയവുമാണ്. മനുഷ്യന്റെ ഭാഷയിലും വേഷത്തിലും ഭക്ഷണത്തിലും വർണ്ണത്തിലും ഈ വൈവിധ്യങ്ങളുടെ അടയാളമുദ്രകൾ കാണാം. മാത്രമല്ല മനുഷ്യന്റെ സാമൂഹിക മണ്ഡലത്തിലും രാഷ്ട്രീയ മണ്ഡലത്തിലും വിജ്ഞാന മണ്ഡലത്തിലും ഇത്തരം വൈവിധ്യങ്ങൾ കാണാം. അതുകൊണ്ട് ഒരു മതത്തിലെ വിശ്വാസി വിവിധ മതങ്ങൾ ലോകത്ത് കാണുന്നതിൽ അസ്വസ്ഥനാകേണ്ടതില്ല. അവന്റെ ദൈവം സൃഷ്ടിച്ച പ്രകൃതിയിൽ തന്നെ ഈ നാനാത്വം കാണാം പിന്നെ എന്തിന്ന് അന്യ മതങ്ങളെ നാം വേറുക്കണം? പ്രകൃതിയുടെ ഈ വൈവിധ്യ സംവിധാനത്തെ ക്കുറിച്ച്  അല്ലാഹു ഖുർആനിൽ പറയുന്നു:

'അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണ്ണങ്ങളുടെയും വൈവിധ്യങ്ങളും. തീർച്ചയായും അതിൽ അറിവുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. *(30 അദ്ധ്യായം: റും വചനം 23)*

നീ കാണുന്നില്ലേ ? മനുഷ്യരിലും ജന്തുക്കളിലും കന്നുകാലികളിലും ഇതേപ്രകാരം വിവിധ വർണ്ണങ്ങളുണ്ട്. അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ. *(അദ്ധ്യായം: അൽഫാത്തിർ, വചനം 29)*

‘മനുഷ്യരെ തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെ ണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ ജന വർഗ്ഗങ്ങളും ഗോത്രങ്ങളുമായി സൃ ഷ്ടിച്ചിരിക്കുന്നു. നിങ്ങൾ പരസ് പരം തിരിച്ചിയുന്നതിന്ന് വേണ്ടി. *(49 അദ്ധ്യായം അൽഹുജൂറാത്ത് 49:13)*

ഒരു മതം മാത്രം ലോകത്ത് നിലനിർത്തി എല്ലാവരും ആ മത ത്തിൽ വിശ്വസി ച്ചുകൊള്ളണം എന്ന നിലപാട് ദൈവം സ്വീക രിച്ചിട്ടില്ല എന്ന് ഖുർആൻ വ്യക് തമായും പറയുന്നു.

‘നിന്റെ നാഥൻ ഇഛിച്ചിരുന്നു വെങ്കിൽ നിശ്ചയമായും ഭൂമിയി ലുള്ള വരെല്ലാം ഒന്നായി വിശ്വ സിക്കുമായിരുന്നു. എന്നിരിക്കെ അവർ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ?’(10 അദ്ധ്യായം യൂനുസ് വചനം 100)

പ്രകൃതിയിലുള്ളതും നരവംശ ശാസ്ത്രപരമായതും മതപരവുമായ വൈവിധ്യങ്ങളെല്ലാം തന്നെ അടിസ്ഥനപരമായി പരസ്പരം തിരിച്ചറിയാൻ വേണ്ടിയുള്ളതാണ്. മതങ്ങളുടെയെല്ലം ആന്തരിക മൂ ല്യം ഒന്നാണ്. അവയെല്ലാം ഉദ് ഭവിച്ചത് ഒരേ സ്രോതസ്സിൽ നി ന്നാണ്. വൈവിധ്യങ്ങളാണ് മ നുഷ്യ വളർച്ചയുടെ അടിസ്ഥാനം വൈവിധ്യങ്ങൾ വംശീയതയും വർഗ്ഗീയതയും ഉണ്ടാക്കാനല്ല. ഒരു മഴവിൽ വർണ്ണ രാജിയിലെ നിറ ഭേദങ്ങളുടെ സൗന്ദര്യം പോലെ നാം അത് അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യണം. ഒരു മയോടെ മനുഷ്യൻ ജീവിക്ക ണമെന്ന സന്ദേശമാണ് വൈവി ധ്യ പൂർണ്ണമായ എല്ലാ ദൈവിക മതങ്ങളും പ്രകൃതിയിലെ ദൃഷ് ടാന്തങ്ങളും നമ്മോട് പറയുന്നത്.

നമ്മുടെ പുണ്യപുരാതനമായ ഭാരതം മതവൈവിധ്യങ്ങളുടെ ഒരു പ്രദർശന ശാലയാണ്. ഇത്ര യധികം മതങ്ങളും വിശ്വാസ വൈ ജാത്യങ്ങളുമുള്ള മറ്റൊരു ദേശം ഭൂമിയിലില്ല. പക്ഷേ ഖേദകര മായ ഒരു വസ്തുത ഇന്ത്യയിലെ പ്രബല മതങ്ങളായ ഹിന്ദുക്കളും മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒരു ഭരണഘടനക്ക് കീഴിൽ സാ മൂഹിക ജീവിതം നയിക്കുന്നവരാ യിട്ടുപോലും മതങ്ങൾ തമ്മി ലുള്ള ആദാന പ്രദാനങ്ങളും ആശ യസംവാദവും വളരെ കുറഞ്ഞ തോതിലേ സംഭവിക്കുന്നുള്ളൂ. അതുകൊണ്ട് ഒരു വിഭാഗത്തിന്റെ മതവിശ്വാസം മറ്റൊരു വിഭാഗത്തെ സംബന്ധിച്ചേടത്തോളം പരലോ കം പോലെ അന്യവും അജ്ഞാ തവുമാണ്. ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും ഒന്നിച്ച് ജോലി ചെയ്യുന്നു. ഒന്നിച്ച് സാമൂഹിക രാഷ്ട്രീയ പ്രവർത്തനം നടത്തു ന്നു ഒന്നിച്ച് ഭക്ഷണം കഴിക്കുന്നു. പക്ഷേ മതവിശ്വാസങ്ങളെ പറ്റി ചർച്ചചെയ്യാൻ നമുക്ക് ഭയമാണ്. മതങ്ങൾ തമ്മിലുള്ള സംവാദങ്ങ ളോ ചർച്ചകളോ നാം നടത്താ റില്ല. മതമെന്നാൽ തീപ്പിടിക്കുന്ന വികാരമാണെന്നും പൊട്ടിത്തെ റിക്കുന്ന ബോംബാണെന്നും മ താന്തര സംവാദങ്ങൾ തീക്കളിയാ ണെന്നും ഒരു മതം മറ്റൊരു മ തവിശ്വാസികളെ പരിവർത്തനം ചെയ്ത് വിഴുങ്ങാൻ കാത്തിരിക്കു കയാണെന്നും ധരിച്ച് പരസ്പരം അവിശ്വാസത്തിൽ സമൂഹജീവി തം നയിക്കാൻ വിധിക്കപ്പെട്ടവ രാണ് നാം മതവിശ്വാസികൽ. വിഭ ജനത്തിന്റെ അദൃശ്യമായ വൻ മതിലുകൾക്കുള്ളിൽ മതങ്ങൾ വിനിമയ രഹിതരായി കഴിയുന്നു. പാലങ്ങളില്ലാത്ത മതവിശ്വാസ ത്തിന്റെ ഈ ഒറ്റപ്പെട്ട ദ്വീപുകളാണ് മതസ്പർദ്ദയുടെയും സംഘർഷ ങ്ങ ളുടെയും വളർത്തുകേന്ദ്ര ങ്ങൾ. മതം ഇങ്ങനെയൊക്കെയാ ണെങ്കിൽ മതം ഇല്ലാതിരി ക്കുന്ന താണ് നല്ലത്.

ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ മത വർഗ്ഗീയ കലാപം മൂലം മരിച്ചവ രുടെ എണ്ണത്തെ മറികടക്കാൻ ലോക മഹായുദ്ധങ്ങൾക്ക് മാത്രമേ സാധികൂ എന്ന് നാം ഓർക്കണം. നാം വിട്ടുപിരിയേണ്ട ഈ നശ്വര ലോകത്തിന്നതീതമായി മരണാ നന്തര ജീവിതത്തിന്റെ അന്വേഷ ണത്തിൽ മനുഷ്യന്റെ ആത്മാവി നെ സജ്ജമാക്കേണ്ട മതങ്ങൾ അധികാര സോപാനത്തിലേക്ക് വേണ്ടിയുള്ള ചവിട്ടു പടികളായി മതത്തെ ഉപയോഗിക്കുന്നത് കൊ ണ്ടാണ് മതസംഘർഷങ്ങൾ ഉട ലെടുക്കുന്നത്.

മിശിഹ വന്നാൽ ഭൗതികമായ മതഭരണം കിട്ടുമെന്നായിരുന്നു പലസ്തീനിലെ യഹൂദർ ബൈ ബിൾ പ്രവചനങ്ങളെ തെറ്റിദ്ധ രിച്ച് കാത്തിരുന്നത്. പീലാത്തോ സിന്റെ കോടതിയിൽ വെച്ച് താ ങ്കൾ മിശിഹായാണെങ്കിൽ വാഗ് ദാനം ചെയ്യപ്പെട്ട രാജ്യവും ചെ ങ്കോലുമെവിടെ? എന്ന് ചോദി ക്കപ്പെടുകയുണ്ടായി. മഹാനായ യേശു പറഞ്ഞ മറുപടി നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. യേശു പറഞ്ഞു:

‘എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരു ന്നുവെങ്കിൽ യഹൂദർക്ക് എന്നെ ഏൽപ്പിച്ചു കൊടുക്കാതിരിക്കാൻ എന്റെ ഭൃത്യർ പോരാടുമായിരു ന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല. സത്യത്തിന്ന് സാ ക്ഷ്യം വഹിക്കാനാണ് ഞാൻ ജ നിച്ചത്. സത്യത്തിൽ നിന്നുള്ള വരെല്ലാം എന്റെ സ്വരം കേൾ ക്കുന്നു.’ (യോഹാന്നൻ 18 : 36)

യഥാർത്ഥ മതം എപ്പോഴും ഇപ്ര കാരമായിരുന്നു. ലോകഭോഗങ്ങ ളോടുള്ള വിരക്തിയും ആസക് തിയില്ലായ്മയുമായിരുന്നു മത ഭക്തർ പ്രകടിപ്പിച്ചിരുന്നത്. ഇതിന്നു ള്ള പരിഹാരം. തീർച്ചായയും സാർ വ്വത്രിക മാനവമൂല്യങ്ങളും സാർ വ്വജനീന തത്വങ്ങളും എല്ലാ മതപ്ര മാണങ്ങളുടെയും അടിസ്ഥാന തത്വമായി നിലനിൽക്കുന്നുണ്ട്. അവയായിരിക്കണം ഒരു ബഹു സ്വര സമൂഹത്തിൽ വിശ്വാസി

കൾക്കിടയിൽ പ്രചരിപ്പിക്കേണ്ടത്.

മതങ്ങൾക്ക് ഇത്തരത്തിലുള്ള ഒരു ജീർണ്ണണം വരാനുള്ള മുഖ്യ കാരണം അധികാര രാഷ്ട്രീയത്തിലേക്കുള്ള മതങ്ങളുടെ രംഗപ്രവേശനമാണ്. അല്ലെങ്കിൽ അധികാര രാഷ്ട്രീയം മതത്തിലേക്ക് പ്രവേശിച്ചതാണ്. മതം അതിന്റെ പാവനമായ അദ്ധ്യാത്മിക മണ്ഡലം വിട്ട് അധികാര രാഷ്ട്രീയത്തിന്റെയും സങ്കുചിതവും ഭോഗാസക്തവുമായ ലൗകിക മേഖലകളിൽ വ്യവഹരിക്കാൻ തുടന്ദുന്നിറ്റത്താണ് മത സംഘർഷങ്ങളുണ്ടാകുന്നത്.

എത്രതന്നെ ന്യായീകരിച്ചാലും മതത്തിന്റെ ചിന്താമണ്ഡലം പൂർണ്ണമായും യുക്തിക്ക് വിശകലനം ചെയ്യാൻ കഴിയാത്തതാണ്. മതത്തിന്റേയും രാഷ്ട്രത്തിന്റെയും മണ്ഡലങ്ങളും ലക്ഷ്യങ്ങളും വ്യത്യസ്തങ്ങളാണ്. രാഷ്ട്ര വ്യവഹാരങ്ങൾ നമ്മുടെ ഭൗതിക വിജ്ഞാനങ്ങളും അനുഭവജ്ഞാനങ്ങളും വെച്ചുകൊണ്ടാണ് നാം നിർവ്വഹിക്കേണ്ടത്. മതമാകട്ടെ സാത്വിക ജീവിതം നയിച്ചും ആത്മീയ സാധനയിലൂടെയുമാണ് ആത്മസാക്ഷാത്ക്കാരം എന്ന അതിന്റെ ലക്ഷ്യം കാണുന്നത്. രാഷ്ട്രം എന്ന സ്ഥാപനം പരമാധികാരത്തിധിഷ്ഠിതവും സമ്മർദ്ദ സ്വഭാവമുള്ളതുമാണ്. സാമൂഹിക ക്ഷേമം എന്നത് മതത്തിന്റേയും രാഷ്ട്രത്തിന്റേയും ലക്ഷ്യമായിരിക്കാം. പക്ഷേ അതിന്റെ രീതികൾ വഴികളും വ്യത്യസ്തവും പരസ്പര വിരുദ്ധവുമാണ്. മതവിശ്വാസത്തെ കക്ഷി രാഷ്ട്രീയമായോ അധികാര രാഷ്ട്രീയവുമായോ കൂട്ടി കുഴച്ചാൽ മതവും രാഷ്ട്രീയവും ദുഷിക്കുകയായിരിക്കും ഫലം. അതുകൊണ്ട് മതങ്ങളും രാഷ്ട്രീയ പാർട്ടികളും പരസ്പരം കലരാതെ വേറിട്ടു നിൽക്കുന്ന സെക്കുലറിസത്തിന്റെ ഉന്നതമായ ജനാധിപത്യ പാരമ്പര്യന്മാണ് നമുക്ക് അഭികാമ്യമായിട്ടുള്ളത്. ഒരു സമൂഹം എന്ന നിലക്ക് വിഭിന്ന മതസ്ഥരായിരിക്കെ ഒരു സിവിൽ സമൂഹമായിട്ടാണ് നാം വിവിധ മതസ്ഥർ ജീവിക്കേണ്ടത്. ക്യ സ്തുവിന്റെ മഹത്തായ ആ വചനം ഓർക്കുക.

'സീസറിന്റേത് സീസറിന്നും ദൈവത്തിന്റേത് ദൈവത്തിന്നും കൊടുക്കുക.' (മാർക്കോസ് 12: 17)

മതവിശാസം നമുക്ക് നൽകുന്ന ധാർമികവും സാമൂഹികവുമായ മൂല്യങ്ങളും നന്മകളും നമ്മുടെ ബഹുസ്വരമായ രാഷ്ട്ര നിർമിതിക്കും സാമൂഹിക ക്ഷേമത്തിന്നും വേണ്ടി നമുക്ക് ഉപയോഗിക്കാം. രാഷ്ട്രീയത്തിൽ മതത്തിന്റെ നേരിട്ടുള്ള ഇടപെടൽ മതത്തിന്റെ വിശുദ്ധിയും രാഷ്ട്രത്തിന്റെ സമാധാനവും നശിപ്പിക്കും. ഇസ്‌ലാം മതം ഒരിക്കലും തന്നെ മതത്തിന്റെ പേരിൽ ഒരു അധികാര രാഷ്ട്രം വരാൻ അനുവദി ക്കുന്നില്ല അങ്ങനെ ചിലർ പറയുന്നുവെങ്കിലും മത രാഷ്ട്ര വാദം ഇസ്‌ലാമിക പ്രമാണങ്ങൾക്ക് കടക വിരുദ്ധമാണ്.

സമാധാനമാണ് ഇസ്‌ലാം മതത്തിന്റെ സാരസത്ത. സമാധാനം എന്ന അർത്ഥമുള്ള നാമപദം സംജ്ഞാനാമമായി സ്വീകരിച്ച ഒരു മതമാണ് ഇസ്‌ലാം. ഇസ്‌ലാം മതത്തിന്റെ സന്ദേശം അതിന്റെ വിളിപ്പേരിൽ നിന്നു തന്നെ വ്യക്തമാണ്. ആ മതം ഇന്ന് മത രാഷ്ട്രവാദത്തിന്റെയും ഭീകരതയുടെയും തീവ്രാദത്തിന്റെയും പര്യായമായി ഉപയോഗിക്കപ്പെടുന്നത് നിർഭാഗ്യകരമാണ്. സത്യാന്വേഷികളായ സഹൃദയർ ഇതിന്റെ യാഥാർത്ഥ്യം പ്രാമാണികമായി മനസ്സിലാക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ബഹുസ്വരമായ ഒരു ജനാധിപത്യ സിവിൽ സമൂഹത്തിൽ മൈത്രീ ഭാവത്തോടെ ഏറ്റവും സമാധാന പൂർണ്ണമായ ജീവിതം നയിക്കാനാണ് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത്. മനുഷ്യ സമൂഹത്തെ സ്വന്തം കുടുംബാംഗങ്ങളെ പോലെ ആത്മാർത്ഥമായി സ്നേഹിക്കാനും വിശ്വശാന്തി പുലരാൻ യത്നിക്കാനും പഠിപ്പിക്കുന്ന ഇസ്‌ലാം എല്ലാ മതങ്ങളും ദൈവത്തിൽ നിന്നും ഉദ്ഭവിച്ചതാണെന്ന കാഴ്ചപാടാണ് പുലർത്തുന്നത്.

വിശുദ്ധ ഖുർആൻ പറയുന്നു: **'ഓരോ ജനസമൂഹത്തിന്നും ഓരോ ദൈവദൂതന്മാർ വന്നുകഴിഞ്ഞിട്ടുണ്ട്.'** (വി. ഖുർആൻ അദ്ധ്യാ: സൂറ; യൂനുസ്:10 47) എല്ലാ മതങ്ങളുടെയും യഥാർത്ഥ പാഠങ്ങളും മൂല്യങ്ങളും ലോകത്ത് പുനസ്ഥാപിക്കുക എന്നതായിരുന്നു മുഹമ്മദ് നബി(സ)യുടെ ജീവിത സന്ദേശം. എല്ലാ മതങ്ങളും പ്രപഞ്ചസൃഷ്ടാവായ ഏകദൈവത്തിൽ നിന്നും വെളിപ്പെട്ടതാണെന്നാണ് അദ്ദേഹം ഉദ്ബോധിപ്പിച്ചത്. അതിൽ ചില ദൈവദൂതന്മാരുടെ പേരുകൾ മാത്രമേ പ്രവാചക തിരുമേനിക്ക് ഖുർആനിലൂടെ ദൈവം വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ളൂ. ഖുർആൻ പറയുന്നു: ***'തീർച്ചയായും നിനക്ക് മുമ്പ് പല പ്രവാചകന്മാരേയും നാം അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിട്ടില്ല.'*** (വി. ഖുർആൻ അദ്ധ്യാ: അൽ മുഅ്മിൻ, 24:79)

അത്തരത്തിൽ ലോകത്ത് അവതീർണ്ണരായ എല്ലാ ദൈവദൂതന്മാരിലും വിശ്വസിക്കൽ നിർബന്ധമാണെന്നും അദ്ദേഹം നിശ്ക്കർഷിച്ചു. അല്ലാഹു അയച്ച എല്ലാ ദൂതന്മാരിലും അവർ കൊണ്ടുവന്ന യഥാർത്ഥ വേദങ്ങളിലും അദ്ധ്യാപനങ്ങളിലും വിശ്വസിച്ചെങ്കിൽ മാത്രമേ ഒരു മുസ്‌ലിമിന്റെ വിശ്വാസം പൂർണ്ണമാകുകയുള്ളൂ എന്നാണ് ഖുർആൻ പറയുന്നത്. മതങ്ങളെല്ലാം വിവിധ ദേശീയ ജനസമൂഹങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ ഒരേ ദൈവ

ത്തിൽ നിന്നാണ് ഉദ്ഭവിച്ചതെന്ന് പറഞ്ഞുവല്ലോ. അങ്ങനെയുണ്ടായ മതങ്ങളുടെ ഈ ശൃംഖല കാലനുക്രമം പുരോഗമിക്കുന്നതാണ്. അങ്ങനെ വിശ്വമാനവ സമൂഹം പരസ്പരം അറിയാനും ഏകീകരിക്കപ്പെടാനും ആരംഭിക്കുന്ന ഘട്ടത്തിലാണ് പൂർവ്വമതങ്ങളുടെ സ്വാഭാവിക പരിപൂർത്തികരണമായി ഇസ്‌ലാം മതവും ആവിർഭവിച്ചത്. പൂർവ്വ മതങ്ങളെയെല്ലാം സത്യപ്പെടുത്തിക്കൊണ്ടും സ്വാംശീകരിച്ചു കൊണ്ടുമാണ് ഇസ്‌ലാം കടന്നു വന്നത് ഒന്നിന്നേയും നിഷേധിച്ചുകൊണ്ടോ നിരാകരിച്ചുകൊണ്ടോ അല്ല.

അന്യ മതസ്ഥരായ ക്രിസ്ത്യാനികളെ പറ്റി മുസ്‌ലിംകളുടെ മതഗ്രന്ഥമായ വിശുദ്ധ ഖുർആൻ അവരുടെ സദ്ഗുണങ്ങളെ വാഴ്ത്തി പറഞ്ഞത് നോക്കൂ.

***'സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സ്നേഹമുള്ളവരായി ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് പറഞ്ഞവരേയും നീ കണ്ടെത്തുന്നതാണ്. അതിന്ന് കാരണം അവരിൽ പണ്ഡിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹങ്കരിക്കുന്നില്ലയെന്നതുമാണ്.*** (വി. ഖുർആൻ 5: 83)

ലോകത്തെ എല്ലാ സമൂഹങ്ങളിലും സാർവ്വജനീനമായി പ്രവാചകന്മാർ വന്നിട്ടുണ്ട്. എന്ന ഈ ഖുർആനിക പാഠത്തെ ദൃഢപ്പെടുത്തുമാറ് നമ്മുടെ മഹത്തായ ഭാരത സംസ്കൃതിയുമായി ബന്ധപ്പെട്ട് മുഹമ്മദ് നബി(സ) പറഞ്ഞ ഒരു വചനം ഹദീസുക ളിൽ (പ്രവാചക വചനം) രേഖപ്പെട്ടു കിടക്കുന്നു. അത്

***'കാന ഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദി ലൗനിഹീ ഇസ്മുഹൂ കാഹിന'*** (ദയ്‌ലമി) (കാർവർണ്ണ നിറത്തോടുകൂടിയ ഒരു പ്രവാചകൻ ഇന്ത്യയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാമം കാഹിന (കണ്ണൻ) എന്നായിരുന്നു.)

സഹസ്രസഹാബ്ദങ്ങളായി ഭാരതത്തിലെ ജനകോടികളുടെ ആത്മീയ മാർഗ്ഗദർശിയായ ഹദ്റത്ത് ശ്രീകൃഷ്ണനെക്കുറിച്ച് നബി എന്ന അങ്ങേയറ്റത്തെ ബഹുമാനിതമായ അഭിധാനത്തിൽ മുഹമ്മദ് നബി വാഴ്ത്തി പറഞ്ഞുകൊണ്ടാണ് ഹദ്റത്ത് ശ്രീകൃഷ്ണനെ തന്റെ അദ്ധ്യാത്മിക പരമ്പരയിൽ പ്രവാചകൻ കണ്ണി ചേർത്തത്. ശ്രീകൃഷ്ണനോട് മുസ്‌ലിംകൾ കാട്ടേണ്ട അനുരക്തിയും ബഹുമാനവും വ്യക്തമാണല്ലോ. ഇതോടനുബന്ധിച്ച് ഖുർആന്റെ മറ്റൊരു സുവ്യക്തമായ വചനം കൂടി നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

***'ഞങ്ങൾ എല്ലാവരും (മുസ്‌ലിംകൾ) അല്ലാഹുവിലും അവന്റെ മാലാഖമാരിലും അവന്റെ വേദങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല എന്നവർ പറയും'*** (ഖുർആൻ അദ്ധ്യാ: ബക്കറ 2: 285)

ഒരു യഥാർത്ഥ മുസൽമാൻ ആകണമെങ്കിൽ എല്ലാമതങ്ങളും വന്ന മതപ്രവാചകന്മാരെയും യാതൊരു വ്യത്യാസവും ഇല്ലാതെ വിശ്വസിക്കൽ നിർബന്ധമാണ്. ..***'ലാ നുഫറിക്കു ബയ്ന അഹദിൻ മിൻ റുസുലിഹി'*** (അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല) എന്നാണ് ഈ വചനം വ്യക്തമാക്കുന്നത്. റസൂൽ തിരുമേനി(സ) പേരെടുത്ത് പറഞ്ഞ ഹദ്റത്ത് ശ്രീകൃഷ്ണനിൽ വിശ്വസിക്കാൻ ഒരു മുസ്‌ലിം ബാദ്ധ്യസ്ഥനാണ്. ഇത് ആരേയും പ്രീതിപ്പെടുത്താണോ പ്രീണിപ്പെടുത്താനോ അല്ല.

ഒരു മുസൽമാന്റെ വിശ്വാസം ഈമാൻ കാര്യങ്ങൾ അഥവ വിശ്വാസകാര്യങ്ങൾ എന്നാണ് അറിയപ്പെടുന്നത്. ഇസ്‌ലാമിക വിശ്വാസങ്ങളുടെ ആധാരശിലയായ 6 ഈമാൻ കാര്യങ്ങളിൽ മൂന്നും നാലും കാര്യങ്ങൾ പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും വിശ്വസിക്കുക എന്നതാണ്. ഒരു മുസൽമാന്റെ വിശ്വാസം പൂർണ്ണമാകണമെങ്കിൽ അയാൾ എല്ലാ പ്രവാചകന്മാരിലും അവർ കൊണ്ട് വന്ന യഥാർത്ഥ അദ്ധ്യാപനങ്ങളിലും വിശ്വസിക്കേണ്ടതുണ്ട്. അപ്പോൾ വിശുദ്ധ ഖുർആന്റെയും മുഹമ്മദ് നബി(സ) യുടെയും അദ്ധ്യാപനം പാലിക്കുന്ന ഒരു യഥാർത്ഥ മുസൽമാന്ന് എങ്ങനെ അന്യമത വിരോധിയാവാൻ സാധിക്കും.

ഇസ്‌ലാം മതം പൂർവ്വമതങ്ങളെയെല്ലാം അതിന്റെ സ്വന്തം പൈതൃകമായി കാണുകയാണ്. ഇസ്‌ലാമടക്കം മതങ്ങളുടെ ചരിത്രഗതിയിലുണ്ടായ വ്യതിയാനങ്ങളും കൂട്ടിചേർക്കലും ഇതിഹാസവത്ക്കരണവുമുണ്ടായിട്ടുണ്ട്. എന്നത് ശരിതന്നെ രൂപാന്തരങ്ങളും വിരൂപണങ്ങളും ഉണ്ടാവുമ്പോൾ പുരാതന മതങ്ങൾ പലപ്പോഴും ദിവ്യദൂതന്മാരാൽ നവീകരിക്കപ്പെടുകയും പുനരുജ്ജീവിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വിശ്വാസികൾ പരിശോധന നടത്തി കണ്ടെത്തേണ്ട മറ്റൊരു വിഷയമാണത്. എന്തായാലും തത്വത്തിൽ എല്ലാ മതങ്ങളുടെയും ഉറവിടം പരിശുദ്ധമായ ഒരേയൊ ദൈവിക സ്രോതസ്സിൽ നിന്നു തന്നെയാണ് എന്ന കാര്യം ഇസ്‌ലാമിന്റെ ഒരു അടിസ്ഥാന സങ്കൽപ്പമാണ്. ഇസ്‌ലാം ഉത്ഭവിച്ച അതേ ദൈവിക സ്റോതസ്സിൽ നിന്നു തന്നെയാണ് ഹിന്ദു മതവും യഹൂദമതവും കൃസ്തു മതവും ജൈനമതവും സൊറോസ്ട്രിയൻ മതവും ആവിർഭവിച്ചത്. അടിസ്ഥാനപരമായി എല്ലാ മതസത്യങ്ങളേയും സ്വീകരിക്കുന്ന ഇസ്‌ലാം മതത്തിന്റെ ഈ സവിശേഷതയും വിശാലതയുമാണ് ഇന്ന് ഏറ്റവും കൂടുതൽ വിസ്മരിക്കപ്പെട്ടിരിക്കുന്നത്.

ഇസ്‌ലാം മതത്തിൽ വാഗ്ദാനം

ചെയ്യപ്പെട്ട വാഗ്ദത്ത മസീഹും അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരുമായ ഹദ്റത്ത് അഹ്മദ്[അ] ഭാരത വർഷത്തിൽ ആഗതനായ ഹദ്റത്ത് ശ്രീകൃഷ്ണനെ പറ്റി പറയുന്നു:

'രാജാ കൃഷ്ണൻ യഥാർത്ഥത്തിൽ ഒരു പരിപൂർണ്ണ മനുഷ്യൻ ആയിരുന്നു വെന്ന് എനിക്ക് വെളിപെടുത്തപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്നു തുല്യനായി ഹിന്ദുക്കളുടെ ഋഷിമാരിലും അവതാരങ്ങളിലും മറ്റൊരാളെ കാണാനില്ല. അദ്ദേഹം തന്റെ കാലഘട്ടത്തിലെ അവതാരം അഥവാ നബിയായിരുന്നു. ദൈവത്തിൽ നിന്നുള്ള റൂഹുൽ ഖുദുസ് അഥവാ പരിശുദ്ധാത്മാവ് അദ്ദേഹത്തിൽ ഇറങ്ങാറുണ്ടായിരുന്നു. അദ്ദേഹം ദൈവത്തിൽ നിന്നുള്ള ജേതാവും ഐശ്വരര്യവാനും ആയിരുന്നു. ആര്യാവർത്തത്തെ പാപത്തിൽ നിന്നും ശുദ്ധീകരിച്ച അദ്ദേഹം തന്റെ കാലഘട്ടത്തിലെ നബി തന്നെയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പാഠങ്ങൾ പിൽക്കാലത്ത് മാറ്റി മറിക്കപ്പെട്ടു. ദൈവപ്രേമം നിറഞ്ഞുതുളുമ്പിയ ആളായിരുന്നു അദ്ദേഹം. നന്മയോടുള്ള സ്നേഹവും തിന്മയോടുള്ള വെറുപ്പും അദ്ദേഅഹം പുലർത്തിയിരുന്നു. (ലക്ച്ചർ സിയാൽ ക്കോട്ട്.)

മുഹമ്മദ് നബി ലോകത്തിന്ന് സമർപ്പിച്ച വിശുദ്ധ ഖുർആനിലെ മറ്റൊരു ഉജ്ജ്വല വചനം ഇപ്രകാരമാണ്. 'വിശ്വസിച്ചവരും യഹൂദരും സാബികളും ക്രിസ്ത്യാനികളും (അവരിൽ നിന്ന്) ആർ അല്ലാഹുവിലും വിധിനാളിലും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നുവോ തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാവുകയില്ല അവർ ദുഖിക്കുകയുമില്ല.' (വി. ഖുർആൻ അദ്ധ്യാ: അൽ മാഇദ 5: 69)

ഇവിടെ ശ്രദ്ധേയമായ കാര്യം ഖുർആൻ തങ്ങളുടെ സ്വന്തം



അനുയായികളായ മുസ്ലിംകൾക്ക് മാത്രമല്ല ആത്മീയ സാന്ത്വനം നൽകിയത്. മുസ്ലിംകളല്ലാത്ത യഹൂദരേയും ക്രിസ്ത്യാനികളേയും അത്പോലെ സാബികളുടേയും പേരെടുത്ത് അഭിസംബോധനം ചെയ്ത് കൊണ്ട് വിധിനാളിൽ വിശ്വസിക്കുകയും സൽക്കർമ്മം ചെയ്യുകയും ചെയ്യുന്നവർക്ക് നിർഭയത്വത്തിന്റേയും വ്യസനമില്ലായ്മയുടെയും ആത്മീയ സാന്ത്വനം നൽകുകയാണ് ചെയ്യുന്നത്. ഇവിടെ ഓർക്കേണ്ട ഒരു കാര്യം 'സാബി' എന്നത് ഒരു പ്രത്യേക മതത്തിന്റെ പേരല്ല. സെമിറ്റിക്ക് പാരമ്പര്യമില്ലാത്ത ഹിന്ദു, ബുദ്ധ, ജൈന, സൊറോസ്റ്റർ മുതലായ എല്ലാ മതങ്ങളെയും കുറിക്കുന്ന ഒരു അറബി പദമാണ് സാബി. അങ്ങനെ വരുമ്പോൾ മുഹമ്മദ് നബിയുടെ ആത്മീയ സഹൃദയത്വവും വിശ്വത്തോളം വിശാലമാവുകയാണ്. അബ്രഹാം, മോസസ്സ് , ജീസസ്, എന്നീ സെമിറ്റിക്ക് പ്രവാചകന്മാരെ കൂടാതെ പൂർവ്വദേശത്തെ അദ്ധ്യാത്മിക കുലപതികളായ ശ്രീ കൃഷ്ണൻ, ശ്രീ രാമൻ, ശ്രീ ബുദ്ധൻ, ശ്രീ വർദ്ധമാന മഹാവീരൻ സൊറോസ്റ്റർ മുതലായ മതപുരുഷന്മാരെ യാതൊരു വ്യത്യാസവും കൽപ്പിക്കാതെ ബഹുമാനിക്കണമെന്നും അവരുടെ യഥാർത്ഥ വേദാദ്ധ്യാപനങ്ങൾ സ്വീകരിക്കണമെ ന്നും അവരുടെ നാമം കേൾക്കുമ്പോൾ അവർക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നുമാണ് മുഹമ്മദ് നബി[സ] പഠിപ്പിച്ചത്. അദ്ദേഹം കൊണ്ടുവന്ന ഇസ്ലാം മതത്തിന്റെ സാർവ്വ ജനീന ഭാവവും സഹിഷ്ണുതയും വിശ്വമാനവികതയുമാണ് ഈ മതമൈത്രീ ദിനത്തിൽ ഞാൻ ഊന്നി പറയാനാഗ്രഹിക്കുന്നത്. മൂന്ന് മതങ്ങളുടെയും മൂന്ന് ശാന്തി വചനങ്ങൾ ഉദ്ദ്രിച്ചു കൊണ്ട് ഞാനെന്റെ വാക്കുകൾ വിരാമമിടാം. മഹാനായ കൃസ്തു പറയുന്നു:

'അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം, ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം' (ലൂക്കോസ് 2:4)

ബൃഹദാരണ്യകോപനിഷത്തിലെ ശാന്തി മന്ത്രം പറയുന്നു:

**അസദോ മാ സദ്ഗമയാ തമസോമാ ജ്യോതിർഗമയാ**
**മൃത്യോമാ അമൃതം ഗമയാ,**
**ഓം ശാന്തി ശാന്തി ശാന്തി.**

വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ അറിയുക. അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനസ്സമാധാനം കൈവരൂ. (അൽ റഅദ്- 13: 30)

ബൃഹദാരണ്യകോപനിഷത്തിലെ ശാന്തി മന്ത്രം പറയുന്നു.

**അസദോ മാ സദ്ഗമയാ**
**തമസോമാ ജ്യോതിർഗമയാ**
**മൃത്യോമാ അമൃതം ഗമയാ,**
**ഓം ശാന്തി ശാന്തി ശാന്തി.**


വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ അറിയുക. അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനസ്സമാധാനം കൈവരൂ. (അൽ റഅദ്- 13: 30 )

ലേഖനം

# ഈ അപ്പത്തിൽ നിന്നും നിങ്ങൾക്കും പങ്ക് പറ്റാം

ദൈവത്തിൻ നിന്നുള്ള ആത്മീയാഹാരം അവൻ മനുഷ്യർക്കായി കാലാകാലങ്ങളിൽ നൽകിപോരുന്നു. സത്യാത്മാക്കൾ അവരുടെ അപ്പം ആഹരിക്കട്ടെ.

**ഫലാഹുദ്ദീൻ ശംസ്**




'അവൻ അവരോടു പറഞ്ഞു. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പറയുക: 'ദൈവമേ നിന്റെ നാമം പൂജിതമാകേണമേ. നിന്റെ രാജ്യം വരണമേ. ദിവസേന വേണ്ട അപ്പം അന്നന്നു ഞങ്ങൾക്ക് തരേണമേ. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കേണമേ (ലൂക്കോസ് 2-3); സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ (ദൈവമേ) നിന്റെ രാജ്യം വരേണമേ. നിന്റെ തിരുവി വിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നിറവേറണമേ. ദിവസേന വേണ്ട അപ്പം ഇന്ന് ഞങ്ങൾക്ക് തരേണമേ (ലൂക്കോസ്: 6:9-11)

ഇത് യേശു പഠിപ്പിച്ച പ്രധാനപ്പെട്ട ഒരു പ്രാർത്ഥനയാണ്. കോടിക്കണക്കിന് ക്രിസ്ത്യാനികൾ കഴിഞ്ഞ രണ്ടായിരം വർഷമായി ഈ പ്രാർത്ഥന ആവർത്തിക്കുന്നു. ഈ പ്രാർത്ഥനയ്ക്ക് രണ്ട് വശങ്ങളുണ്ട്. ആദ്യത്തേത് ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കണമെന്ന അർത്ഥനയാണ്. രണ്ടാമത്തേത് ദിവസേനയുള്ള ആഹാരത്തിനു വേണ്ടിയുള്ള അർത്ഥനയും. ഈ പ്രാർത്ഥനയാണ് ക്രിസ്ത്യാനികൾ ദിവസവും ആവർത്തിക്കുന്നത്. ഇവിടെ ദിവസേനയുള്ള ആഹാരം എന്നത് മിക്ക ആളുകൾക്കും ഗോതമ്പ് കൊണ്ടോ ചോളം കൊണ്ടോ ഉണ്ടാക്കിയ റൊട്ടിയാണ്. പക്ഷേ ഇത് മാത്രമാണ് ഈ പ്രാർത്ഥനയുടെ താല്പര്യമെങ്കിൽ ഈ പ്രാർത്ഥനാവചനത്തിലെ സൗന്ദര്യം നഷ്ടമായിപ്പോവുന്നു. 'ദിവസേന വേണ്ട അപ്പം അന്നന്നു ഞങ്ങൾക്ക്

തരണമേ' എന്ന പ്രാർത്ഥനാശൈലിക്ക്, തികച്ചും വ്യത്യസ്തമായ മറ്റൊർത്ഥമാണുള്ളത്.

ഇവിടെ യേശു പറഞ്ഞത് നാം ദിനേന വയർ നിറക്കുന്ന ആഹാരത്തെക്കുറിച്ചല്ല. മറ്റൊരു രീതിയിലുള്ള ആഹാരത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്.

ബൈബിളിൽ യേശു പിശാചിന്റെ പ്രലോഭനം നേരിട്ടതായി നാം വായിക്കുന്നു. "പ്രലോഭകൻ വന്ന് അവനോട് പറഞ്ഞു: 'നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകളോട് അപ്പമാകാൻ കല്പിക്കുക.' യേശു പറഞ്ഞു: മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്; ദൈവത്തിന്റെ തിരുവായിൽ നിന്ന് പുറപ്പെടുന്ന എല്ലാ വചനങ്ങളാലും അത്രേ. (മത്താ. 4:3-4).

യേശു പിന്നീട് ഈ വചനത്തിന്റെ അർത്ഥം വിവരിക്കുന്നു. 'സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു ലോകത്തിന് ജീവൻ നൽകുന്നതാണ് ദൈ വത്തിന്റെ അപ്പം' അവർ അവനോട് പറഞ്ഞു: 'കർത്താവേ ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും തന്നാലും (യോഹ: 6.33-34)

ഈ അപ്പത്തെപ്പറ്റിയുള്ള പ്രതിപാദനം ബൈബിൾ പഴയനിയമത്തിലും കാണാം. 'മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത് മറിച്ച് കർത്താവിന്റെ വായിൽ നിന്നും പുറപ്പെടുന്നവയെല്ലാം കൊണ്ട് അത്രേ' (ആവ: 8:3)

മറ്റൊരർത്ഥത്തിൽ പറയുകയാണെങ്കിൽ മനുഷ്യന്റെ ആത്മീയാഹാരം സമയാസമയങ്ങളിൽ ദൈവത്തിന്റെ വചനങ്ങളിൽ നിന്നാണ് വരേണ്ടത്. മുമ്പ് ഇസ്രായേൽ ജനത പ്രവാചകൻ മോസസിലൂടെ ആത്മീയമായി അനുഗ്രഹിക്കപ്പെടുകയുണ്ടായി. അപ്രകാരം തന്നെ യേശുവിന്റെ അനുയായികളും ദൈവത്തിൽ നിന്നുള്ള ഈ ആത്മീയാഹാരം മുഖേന ആഹരിക്കപ്പെടുകയുണ്ടായി. യേശു ഈ ലളിതമായ ഈ വചനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത് ദിനേന ഈ ആത്മീയ ഭക്ഷണത്തിന്റെ ആവശ്യകത മുൻനിർത്തി അതിന്റെ നിവർത്തിപ്പിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കണമെന്നാണ്. ഇന്നലത്തെ അപ്പം ഇന്നലെയുടെ ജനതക്കുള്ള അനുഗ്രഹമാണ്. അത്കൊണ്ട് ഇന്നത്തെ ജനതയുടെ വിശപ്പ് ശമിക്കണമെന്നില്ല. കഴിഞ്ഞ വർഷത്തെ വർഷജലത്തിന് ഈ വർഷത്തെ വരൾച്ചയിൽ നിന്നും കൃഷിയെ രക്ഷിപ്പാൻ സാധ്യമല്ലല്ലോ? കാരുണ്യവാനായ ദൈവം അവന്റെ മക്കളുടെ വിശപ്പടക്കാൻ വേണ്ടി നടത്തുന്ന പ്രാർത്ഥന അവഗണിക്കില്ല. വളരെ മനോഹരമായി യേശു ഇത് വിവരിക്കുന്നു.

'അപ്പം ചോദിക്കുന്ന മകനു കല്ലു കൊടുക്കുന്ന ആരെങ്കിലും നിങ്ങളുടെ കൂട്ടത്തിലുണ്ടോ? അതുപോലെ മകൻ മീൻ ചോദിച്ചാൽ ആരാനും സർപ്പകൊടുക്കുമോ? മക്കൾക്ക് നല്ല ദാനങ്ങൾ കൊടുക്കണമെന്ന് ദുഷ്ടരായ നിങ്ങൾക്ക് പോലും അറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോട് ചോദിക്കുന്നവർക്ക് എത്രയോ അധികം നല്ലവ നൽകും. (മത്താ. 7:9-12)

യേശു മുന്തിരിത്തോട്ടത്തിന്റെ ഉടമയുടെ കഥ എന്ന പേരിൽ മഹത്തായ ഒരു ഉപമാകഥ ബൈബിളിൽ വിവരിക്കുന്നു (മത്താ 21, മാർ ക്കോസ് 12, ലൂക്കോസ് 20).

ഈ കഥയിൽ ഒരു മുന്തിരിത്തോട്ടത്തിന്റെ ഉടമ ത്തോട്ടം സ്ഥാപിച്ച് അത് കുടിയാന്മാരെ ഏല്പിച്ച് മറ്റൊരു നാട്ടിലേക്ക് പോയി കൊയ്ത്ത് അടുത്തപ്പോൾ തോട്ടത്തിന്റെ ഉടമ തന്റെ ഭൃത്യന്മാരെ മുന്തിരിപ്പഴങ്ങൾ ശേഖരിക്കാൻ അയച്ചു. പക്ഷേ കുടിയാന്മാർ ഉടമ അയച്ച ഭൃത്യന്മാരെ അടിച്ചുകൊല്ലുകയും മറ്റയാളെ അടിക്കുകയും ചെയ്തു. അവസാനം ഉടമ തന്റെ മകനെ അയച്ചു. അയാളെയും കുടിയാന്മാർ കൊന്നുകളഞ്ഞു. ഇത്തരമൊരവസ്ഥയിൽ തോട്ടത്തിന്റെ ഉടമ ആ കുടിയാന്മാരോടു എങ്ങനെയായിരിക്കും പെരുമാറുക എന്ന് യേശു ചോദിക്കുന്നു? അപ്പോൾ ശിഷ്യന്മാർ പറഞ്ഞ ഉത്തരം 'അയാൾ (തോട്ടമുടമ) ആ നികൃഷ്ടരെ നികൃഷ്ടമാംവിധം വധിക്കും. യഥാകാലം വിള നൽകുന്ന കുടിയാന്മാർ ക്ക് ഏല്പിച്ചു കൊടുക്കും.'

### തള്ളിക്കളഞ്ഞ മൂലക്കല്ല്

പിന്നീട് യേശു മറ്റൊരു ഉപമ പറയുന്നു. 'നിങ്ങൾ ഇത് വിശുദ്ധ ലിഖിതത്തിൽ വായിച്ചിട്ടില്ലേ. പണിക്കാർ തള്ളിക്കളഞ്ഞ കല്ലു തന്നെ മൂലക്കല്ലായിതീർന്നത്. ഇത് ദൈവത്തിന്റെ പ്രവർത്തിയാണ്, നമ്മുടെ ദൃഷ്ടിയിൽ വിസ്മയകരവും" അതിനാൽ ഞാൻ നിങ്ങളോട് പറയുന്നു. ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകും' (മത്തായി 21: 42-44)

ഈ കൊച്ചുകഥ യേശുവിനെ ക്രൂശിക്കാൻ ശ്രമിച്ച യഹുദികളുടെ വിധിയെപറ്റി സൂചിപ്പിക്കുന്നു. അവർ ഒന്നിനു പിറകെ ഒന്നായി പ്രവാചകന്മാരെ നിഷേധിച്ചു. അവസാനം അവരുടെ അക്രമം പുത്രൻ എന്ന് വിശേഷിപ്പിക്കപ്പെട്ട യേശുവിനെ നേരെ തിരിഞ്ഞു. അതായത് യേശു വിവരിച്ചത് ദൈവത്തിന്റെ ക്രോധം ആ യഹൂദജനതയിലേക്ക് തിളച്ചുപൊങ്ങി എന്നാണ്. അവന്റെ ദൈവരാജ്യവും പ്രവാചകത്വത്തിന്റെ അനുഗ്രഹവും അവരിൽ നിന്ന് എടുത്തുമാറ്റി മറ്റൊരു ജനതക്ക് നൽകുകയും ചെയ്തു. ഏതാണ് ഈ ജനത? തിന്മ പ്രവർത്തിച്ച യഹൂദരിൽ നിന്നും ആ അനുഗ്രഹം എടുത്ത് മാറ്റി നൽകിയ മറ്റൊരു ജനതയേതാണ്?

ഇവിടെ പറഞ്ഞ് ജനത എബ്രഹാമിന്റെ മകനായ ഇസ്മായേലിന്റെ പിന്തുടർച്ചക്കാരായ ജനതയല്ലാതെ മറ്റാരുമല്ല. അദ്ദേഹം വീട്ടിൽ നിന്നും പുറത്ത് പോയ ആളായിരുന്നു. അതായത് പണിക്കാർ നുള്ളിക്കളഞ്ഞ മൂലക്കല്ല് ആയിരുന്നു. ദൈവം



ഇസ്മാഈലിനെക്കുറിച്ച് പറയുന്നു: 'ഞാൻ അവനെ വലിയ ഒരു ജനതയാക്കും' അനന്തരം ദൈവം അവളുടെ കണ്ണ് തുറന്നു. അവൾ ഒരു നീരുറവ കണ്ടു അവൾ ചെന്നു തുരത്തിയിൽ വെള്ളം നിറച്ച് പുത്രനു കുടിക്കാൻ കൊടുത്തു. (21:18, 19). വീണ്ടും അവന്റെ പിതാവ് അബ്രാഹാമിനോട് : 'നീ എന്റെ വാക്ക് അനുസരിച്ചതിനാൽ നിന്റെ സന്തതികളിലൂടെ ഭൂമിയിലെ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും (മത്താ 22:18, അപ്പോ പ്രവ. 3:25, ഗലാതിയർ 3:8-9).

ദൈവത്തിന്റെ രാജ്യം ഒരു ജനതയിൽ നിന്നും മറ്റൊരു ജനതയിലേക്കുള്ള മാറ്റിയതിനെപറ്റി ബൈബിൾ ഉല്പത്തിയിൽ വ്യക്തമായ മറ്റൊരു തെളിവ് പറയുന്നു: 'അവർ പറഞ്ഞതെല്ലാം ശരി തന്നെ. നിന്നെപോലെ (മോസസ്) ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽ നിന്നും അവർക്കായി ഞാൻ ഉയർത്തും. ഞാൻ എന്റെ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും. ഞാൻ കല്പിക്കുന്നതെല്ലാം അയാൾ അവരോട് സംസാരിക്കും. അയാൾ എന്റെ നാമത്തിൽ ഉച്ചരിക്കുന്നു. എന്റെ വാക്കുകൾ ചെവി കൊള്ളാത്തവനോട് ഞാൻ തന്നെ കണക്ക് ചോദിക്കും. എന്റെ നാമത്തിൽ സംസാരിക്കാൻ ഞാൻ ആജ്ഞാപിച്ചിട്ടില്ലാത്ത ഒരു വാക്കെങ്കിലും സം സാരിക്കാൻ മുതിരുകയോ, മറ്റു ദേവന്മാരുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരിക്കും" (ആവ 18:18-20)

ഈ ബൈബിൾ പ്രവചനമെല്ലാം മുഹമ്മദ് നബി(സ)യുടെ വരവിനാൽ പൂർത്തിയായി. യേശുവിന് ആറ് നൂറ്റാണ്ടുകൾക്ക് ശേഷമാണ് അദ്ദേഹം അറേബ്യയായിൽ പ്രത്യക്ഷപ്പെട്ടത്. അദ്ദേഹം മോസസിന് സദൃശനായിരുന്നു. അദ്ദേഹം പുതിയ ന്യായപ്രമാണം കൊണ്ടുവന്നു. ഇസ്മായിലി പാരമ്പര്യത്തിൽ വന്നയാളായിരുന്നു. അബ്രഹാമിന്റെ ബീജത്തിൽ നിന്നുള്ളവനായിരുന്നു. ഇസ്രയേൽ മക്കളുടെ സഹോദരനുമായിരുന്നു.അദ്ദേഹം ഒരിക്കലും സ്വയം സംസാരിച്ചില്ല. ദൈവത്തിന്റെ വെളിപാടനുസരിച്ചായിരുന്നു സംസാരിച്ചത്. ആ ശുദ്ധവെളിപാടുകൾ രേഖപ്പെടുത്തിയ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ.

ദൈവം ഈ വചനത്തിൽ 'എന്റെ നാമത്തിൽ സംസാരിക്കുന്നവൻ' എന്നാണ് പറഞ്ഞിട്ടുള്ളത്. മുഹമ്മദ് നബി(സ)ക്ക് അവതരിച്ച വിശുദ്ധ ഖുർആനിലെ ഓരോ അദ്ധ്യായവും 'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നു' എന്ന വചനത്തോടെയാണ് ആരംഭിക്കുന്നത്. ഈ പ്രവചനം മുഹമ്മദ് നബി(സ)യിൽ അക്ഷരം പ്രതി പൂർത്തിയാവുന്നു.

അബ്രഹാമിനോട് 'നിന്റെ സന്തതികളാൽ എല്ലാ ജനതയും അനുഗ്രഹിക്കപ്പെടും' എന്ന പ്രവചനവും മുഹമ്മദ് നബി(സ)യിലാണ് പൂർത്തിയായത്. യേശു പോലും ഇസ്രായേലിലെ കാണാതെപോയ ആട്ടിൻ ഗോത്രങ്ങളെ ഒരുമിച്ചു കൂട്ടാനാണ് വന്നത് എന്ന് പറയുന്നു. അപ്രകാരം 'അബ്രഹാമിന്റെ ബീജത്തിൽ നിന്നുള്ളവൻ' എന്ന വിശേഷണം യേശുവിന് യോജിക്കില്ല. കാരണം യേശു പിതാവില്ലാതെയാണ് ജനിച്ചത്.

### യേശുവിന്റെ പ്രവചനം

അത് കൂടാതെ വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകൻ താനല്ല എന്ന്

യേശു തന്റെ അനുയായികളോട് പറയുന്നു. 'ഇനിയും പല കാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയാനുണ്ട്.' എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അത് താങ്ങാൻ സാധ്യമല്ല. സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും. സ്വന്തം അധികാരത്തിൽ ഒന്നും അവൻ പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോട് പ്രഖ്യാപിക്കും.'

ഇവിടെ മഹാനായ ഒരു പ്രവാചകൻ 'സത്യാത്മാവ്' തീർച്ചയായും വരാനുണ്ടെന്ന് യേശു പ്രവചിക്കുന്നു. അപ്പോസ്ത പ്രവർത്തികൾ ഈ പ്രവചനം വീണ്ടും സത്യപ്പെടുത്തുന്നു. 'നിങ്ങൾ ക്കായി നിയോഗിക്കപ്പെട്ട ക്രിസ്തുവിനെ, യേശുവിനെ, അവൻ അയക്കുകയും ചെയ്യും. ആദികാലം മുതൽ തന്റെ വിശുദ്ധ പ്രവാചകരുടെ അധരങ്ങളിലൂടെ ദൈവം അരുൾ ചെയ്തവയെല്ലാം സംസ്ഥാപിതമാകുന്ന സമയം വരെ സ്വർഗ്ഗം അവനെ സ്വീകരിക്കേണ്ടതുണ്ട്. മോശെ പറഞ്ഞു: 'കർത്താവായ ദൈവം എന്നെ ഉയർത്തിയത് പോലെ. നിങ്ങൾക്ക് വേണ്ടി ഒരു പ്രവാചകനെ നിങ്ങളുടെ സഹോദരനിൽ നിന്നും ഉയർത്തും. അവൻ നിങ്ങളോട് പറയുന്നതെല്ലാം. നിങ്ങൾ ചെവിക്കൊള്ളണം. ആ പ്രവാചകനെ ശ്രവിക്കാത്ത ഏതൊരാളും ജനത്തിൽ നിന്ന് ഉന്മൂലനം ചെയ്യപ്പെടും. (അപ്പോ. പ്രവ. 3:20:23).

ഈ വചനങ്ങളിൽ പറയുന്നത് അവസാനകാലത്ത് യേശുവിനെ വീണ്ടും ദൈവം അയക്കുമെന്നാണ്. പക്ഷേ ഇത് സംഭവിക്കുന്നതിന് മുമ്പായി മോസസിനാൽ പ്രവചനം ചെയ്യപ്പെട്ട പ്രവാചകൻ വരേണ്ടതുണ്ട്. അങ്ങനെയാണ് ദൈവസാമ്രാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുക. അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു.

യേശു തനിക്ക് ശേഷം വരുന്ന പ്രവാചകനെ പറ്റി വ്യക്തമായി പ്രവചിക്കുകയും ആകാശത്ത് നിന്നുള്ള അപ്പം ലഭിക്കാൻ ഉള്ള പ്രാർത്ഥന പഠിപ്പിക്കുകയും ചെയ്തു. 'അവർക്ക് കണ്ണുണ്ട് പക്ഷേ കാണില്ല' പ്രവാചകരുടെ സത്യം കാണാൻ കൂട്ടാക്കാത്ത ദുഷ്ടാത്മാക്കളെ സംബന്ധിച്ചാണ് ഈ വചനം പറയുന്നത്.

### കള്ളപ്രവാചകന്മാരെ ക്കുറിച്ചുള്ള താക്കീത്


യേശു കള്ളപ്രവാചകരെ പറ്റി താക്കീത് നൽകിയിട്ടുണ്ട് അതിനർത്ഥം ഭാവിയിൽ വരുന്നവരെല്ലാം കള്ള പ്രവാചകരാണ് എന്നല്ല. വരാനിരിക്കുന്ന പ്രവാചകൻമാർക്കിടയിൽ കള്ള പ്രവാചകരുണ്ടാകും അത്കൊണ്ട് നിങ്ങൾ സത്യപ്രവാചകരെ തിരിച്ചറിയാനുള്ള മുന്നറിയിപ്പാണ് യേശു നൽകിയത്. 'വ്യാജ പ്രവാചകരെ സൂക്ഷിച്ചുകൊള്ളൂ അവർ ആടിന്റെ വേഷത്തിൽ നിങ്ങളെ സമീപിക്കും അപ്രകാരം അവനെയും നിങ്ങൾക്ക് ഫലം കൊണ്ടു തിരിച്ചറിയാം (മത്താ 7 : 15,20)

ഇനി ഒരു പ്രവാചകനും വരാനില്ലെങ്കിൽ വ്യാജ പ്രവാചകനെകുറിച്ച് മുന്നറിപ്പ് നൽകേണ്ടയാതൊരാവശ്യവുമില്ല. ഇനി ഒരു പ്രവാചകനും വരാനില്ല എന്ന് പറഞ്ഞാൽ മാത്രം മതിയായിരുന്നു. അതിന് പകരം അദ്ദേഹം പറഞ്ഞത് 'വ്യാജ പ്രവാചകരെ സൂക്ഷിച്ചുകൊള്ളൂ അവർ ആടിന്റെ വേഷത്തിൽ വരും' എന്നാൽ അവർ അകത്ത് ദുര നിറഞ്ഞ ചെന്നായ്ക്കളാണ്. ഫലങ്ങൾക്കൊണ്ട് അവരെ നിങ്ങൾക്ക് തിരിച്ചറിയാം മുൾചെടിയിൽ നിന്നു മുന്തിരിപ്പഴമോ ഞെരിഞ്ഞിലിൽ നിന്ന് അത്തിപ്പഴമോ ശേഖരിക്കാറുണ്ടോ? അതേ നല്ല വൃക്ഷത്തിൽ നല്ല ഫലമുണ്ടാകും. ചീത്ത വൃക്ഷങ്ങളിൽ ചീത്ത ഫലവുമുണ്ടാകും. നല്ല വൃക്ഷം ചീത്തഫലവും ചീത്ത വൃക്ഷം നല്ല ഫലവും കാഴ്ക്കാറില്ല. നല്ല ഫലം കാഴ്ക്കാത്ത വൃക്ഷമെല്ലാം വെട്ടിതീയിലിടും അപ്രകാരം അവരെയും നിങ്ങൾക്ക് ഫലം കൊണ്ട് തിരിച്ചറിയാം (മത്താ : 15 – 20) ഈയൊരു മാനദണ്ഡം വെച്ച് കൊണ്ട് മുഹമ്മദ് നബി^(സ)യുടെ സത്യത പരിശോധിക്കാം. അദ്ദേഹത്തെ മക്കയിൽ നിന്നും പുറത്താക്കിയതിനാൽ പിന്നെ ഏതാനും വർഷങ്ങൾക്ക് ശേഷം പതിനായിരം അനുയായികളുമായി മക്കയിൽ തിരിച്ചെത്തി. പാറാൻ താഴ് വരയിലൂടെയാണ് അദ്ദേഹം വന്നത്. ഇത് മോസസിന്റെ മറ്റൊരു പ്രവചനത്തിന്റെ പൂർത്തികരണമാണ്. (കർത്താവും സീനായിൽ വന്നു. സേയിറിൽ വെച്ച് നമ്മുടെ മേൽ ഉദിച്ചു. പാറാൻ പർവ്വതത്തിൽ അവൻ പ്രകാശിച്ചു. (ആവർത്തനം: 33 :2)

വിശുദ്ധപ്രവാചകൻ മുഹമ്മദ്നബി^(സ) പ്രകൃതി സാധാരണമാംവിധം ദിവംഗതനായി. അതിന് ശേഷം അദ്ദേഹത്തിന്റെ സന്ദേശം ലോകം മുഴുവൻ അനുയായികൾ പ്രചരിപ്പിച്ചു. അതായിരുന്നു പടിഞ്ഞാറ് ദേശത്ത് തിളങ്ങിയ മുഹമ്മദി^(സ)ന്റെ വെളിച്ചം. ആ വെളിച്ചമാണ് യൂറോപ്പിനെ ഇരുണ്ട കാലഘട്ടത്തിൽ നിന്നും വെളിച്ചത്തിലേക്ക് കൊണ്ടുവന്നത്. ഈ കാലത്തും മുഹമ്മദ്നബി^(സ)യുടെ അനുയായികൾ അനുദിനം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ലോകത്തിലെ എല്ലാ കോണുകളിലും വ്യാപിക്കുന്നു. വ്യാജ പ്രവാചക ന്മാരെ ദൈവം നശിപ്പിക്കുമെന്ന് പ്രവചന്മുണ്ടെങ്കിൽ മുഹമ്മദ്നബി^(സ)ക്ക് എന്ത്കൊണ്ട് ഇത്ര വലിയ വിജയമുണ്ടായി?

### ക്രിസ്തീയ സഹോദരങ്ങൾ മുഹമ്മദ് നബി^(സ)യെ തിരിച്ചറിയുക

മോസസിനു സദൃശനായി വന്ന മുഹമ്മദ് നബി^(സ) അംഗീകരിക്കാൻ ഞങ്ങൾ ഞങ്ങളുടെ പ്രിയപ്പെട്ട ക്രിസ്തീയ സഹോദരന്മാരെ ക്ഷണിക്കുകയാണ്. അദ്ദേഹമാണ്




മനുഷ്യവംശത്തിന് ആകമാനം വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകൻ: അദ്ദേഹത്തെ 'സമാധാനത്തിന്റെ രാജകുമാരൻ' 'നിത്യനായ പിതാവ്, ആശ്വാസ പ്രദൻ, സത്യത്തിന്റെ ആത്മാവ്, പ്രവാചകന്മാരുടെ മുദ്ര എന്നി അഭിധാനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

വിശുദ്ധഖുർആനിൽ വിശ്വസിക്കൽ ക്രി സ്ത്യാനികളുടെ മതപരമായ ധർമ്മമാണ്. മുഹമ്മദിന്[സ] ദൈവത്തിൽ നിന്നും വെളിപ്പെട്ട ഈ വിശുദ്ധഗ്രന്ഥം എല്ലാ തിരുവെഴുത്തുകളിലും പ്രവചിക്കപ്പെട്ട സത്യങ്ങളുടെ സംക്ഷേപമാണ്. എല്ലാ ലൗകികവും ആത്മീയവുമായ പ്രശ്നങ്ങൾക്കും ഇതിൽ പൂർണമായ പരിഹാരമുണ്ട് അതിൽ ശാശ്വതശാന്തിക്കുള്ള വഴികളുണ്ട്. ഉത്തരമില്ലാത്ത പ്രശ്നങ്ങൾക്ക് അതിൽ പരിഹാരമുണ്ട്. ഇതിനെല്ലാറ്റിനുമുപരിയായി ലളിതവും എളുപ്പവുമായ ജിവിതസംഹിതയായതുകൊണ്ട് ഈ മതം അനായാസം ആചരിക്കാം. നിങ്ങളുടെ ജീവിതത്തിലെ എല്ലാ പ്രതിബന്ധങ്ങളും ദൈവസഹായത്താൽ പരിഹരിക്കപ്പെടും. യാതൊരുവിധ മനശാസ്ത്ര ചികിത്സകൊണ്ടും സാന്ത്വനം കൊണ്ടും പുനഃജീവിപ്പിക്കാൻ കഴിയാതെ മരിച്ചുപോയ ആത്മാവിനെ പുനരുജ്ജീവിപ്പിക്കാൻ ഈ സ്വർഗ്ഗീയ സത്യത്തിന് സാധ്യമാണ്.

ഇതിന് വേണ്ടിയാണ് നിങ്ങൾ പ്രാർത്ഥിക്കേണ്ടത്. തീർച്ചയായും നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകപ്പെടും. വരിക ദൈവത്തിന് വേണ്ടി നിങ്ങൾ സ്വയം സമർപ്പിതരാവുക. വാഗ്ദാനം ചെയ്യപ്പെട്ട ആ പുണ്യാത്മാവ് ആഗതനായിരിക്കുന്നു. അദ്ദേഹത്തിനു വിശ്വസിച്ചുകൊണ്ട് ദൈവരാജ്യത്തിൽ കണിചേരുക

മറ്റൊരു ദിവ്യപുരുഷന്റെ ഗമനം കൂടി യേശു പ്രവചിച്ചിട്ടുണ്ട് മുഹമ്മദ് നബി[സ]യുടെ തന്നെ രണ്ടാം വരവ്. എല്ലാ അടയാളങ്ങളുടെ പൂർത്തീകരണത്തിന്റെ നിറവിൽ മുഹമ്മദ് നബി[സ] അവതരണത്തിന് ശേഷമാണ് അത് സംഭവിക്കുക മുഹമ്മദ് നബി[സ]യെ വിശ്വസിക്കാതെ അദ്ദേഹത്തിന്റെ രണ്ടാം വരവിൽ അവതരിക്കുന്ന മഹാത്മാവിനെ നിങ്ങൾക്ക് തിരിച്ചറിയാൻ സാധ്യമല്ല. പ്രവചനങ്ങളുടെ ഭാഷയും പ്രതീകങ്ങളുടെ അർത്ഥവും നാം മനസിലാക്കേണ്ടതുണ്ട്. യേശു രണ്ടാമതും നിങ്ങളുടെ കൺമുന്നിൽ വന്നണയുകയും തിരോഭവിക്കുകയും ചെയ്തിരിക്കുന്നു. 'രാത്രി വന്ന കള്ളനെപ്പോലെ! അദ്ദേഹം ഇരുപതാം ആണ്ടിൽ ആഗതനായി . കഷ്ടം നിങ്ങൾക്ക് അദ്ദേഹത്തെ തിരിച്ചറിയാനായില്ല.

ഇന്ത്യയിൽ ഹദ്റത്ത് മിർസാഗുലാം അഹമദ് ഖാദിയാനി[അ] യേശുവിന്റെ സാമ്യതയിലും സാദൃശ്യത്തിലും ആഗതനായി. യേശുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച സകല പ്രവചനങ്ങളും അദ്ദേഹത്തിൽ പൂർത്തിയായി. അദ്ദേഹം സകല മനുഷ്യർക്കും തന്റെ യജമാനനായ മുഹമ്മദ് നബി[സ]യുടെ സന്ദേശം നല്കി. ഒരിക്കൽ കൂടി ദൈവത്തിന്റെ മുഖം കാണുമാറാതെയും, ദൈവത്തിന്റെ ശബ്ദം കേൾക്കുമാറാകുകയും ചെയ്തു. നിങ്ങൾ അത്യധികം പ്രത്യാശയോടെ വൈകാരികാവേശത്തോടും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന അപ്പം ഒരിക്കൽ കൂടി നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. നിങ്ങൾ സന്തോഷിക്കുക നിങ്ങളുടെ പ്രാർത്ഥനകൾ നിങ്ങൾ അറിഞ്ഞോ അറിയാതെയോ സഫലമായ ഈ മുഹൂർത്തം തിരിച്ചറിയുക – ഇതാ ദൈവരാജ്യം സമാഗതമായി. നിങ്ങൾക്കും നിങ്ങളുടെ അപ്പത്തിന്റെ പങ്ക്പറ്റാം.

ലേഖനം

# ഇസ്‌ലാം എന്ത്‌കൊണ്ട് പുനരുജ്ജീവിപ്പിക്കപ്പെടണം?

ഇസ്‌ലാം ഇന്ന് നാനാഭാഗത്ത് നിന്നും അതിനിഷ്ഠൂരമായി ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. ആഭ്യന്തരമായി അങ്ങേയറ്റം ഭിന്നതയും ജീർണ്ണതയും ഉള്ളത്കൊണ്ടാണ് ഇത് സംഭവിക്കുന്നത്. സമൂഹം ജീർണ്ണിക്കുമ്പോൾ അല്ലാഹു വെളിപാടുകൾകൊണ്ട് അനുഗ്രഹീതരായ ദിവ്യാത്മാക്കളെ അയച്ചു കൊണ്ടാണ് പുനരുജ്ജീവനം നടത്താറുള്ളത് എന്നാണ് വിശുദ്ധ ഖുർആനിലെ പാഠം. അതാണ് ദൈവികമാർഗ്ഗം. അല്ലാതെ ഇക്കാര്യം സംഘടനകളെ ഏൽപ്പിക്കുക എന്നത് അല്ലാവിന്റെ നടപടിക്രമമല്ല. തീർച്ചയായും ഇസ്‌ലാമിന് ജീർണ്ണതയുടെ ഒരു കാലം വരുമെന്നും മഹ്ദിയും മസീഹുമായി ഒരാൾ അവതരിക്കുമെന്നും മുഹമ്മദ് നബി(സ) പ്രവചിച്ചതാണ്. അതിനായി മുസ്‌ലിം സമൂഹം കാത്തിരുന്നതുമാണ്. പ്രവചനം ചെയ്യപ്പെട്ട ആ മഹാത്മാവ് യഥാകാലം ആഗതനായപ്പോൾ ഈസാ നബി(അ)യെ യഹൂദർ നിഷേധിച്ചത് പോലെ നിഷേധത്തിലുറച്ച് താതാങ്ങൾ ഉണ്ടാക്കിയ സംഘടനകളുമായി അല്ലാഹു അയച്ച മഹ്ദി മസീഹിനെ നിഷേധിക്കുന്ന കാഴ്ച്ചയാണ് നാം കാണുന്നത്.

ബാസിത്, അഹ്മദ്


ഇസ്‌ലാമിന് പുനരുജ്ജീവനം ആവശ്യമാണെന്ന് പറയുന്നതു കൊണ്ട് ഖുർആൻ മാറണം അല്ലെങ്കിൽ മുഹമ്മദ് നബിയുടെ അദ്ധ്യാപനങ്ങൾ പരിഷ്കരിക്കണം എന്നല്ല അർത്ഥമാക്കുന്നത്. പ്രാക്തന വിശുദ്ധമായ ഇസ്‌ലാം അവികലമാണ്. പക്ഷേ നിർഭാഗ്യവശാൽ ആ പരിശുദ്ധ ഇസ്‌ലാം വിനഷ്ടമായി. ഇന്ന് ഇസ്‌ലാമിന്റെ പേരിൽ നടക്കുന്ന അതിക്രമങ്ങൾ-വെടിവയ്പ്പ്, ബോംബാക്രമണം, കത്തിക്കുത്ത് നിരപരാധികളെ കൊല്ലൽ, ഇവയെല്ലാം മുഹമ്മദ് നബി(സ)യുടെ അദ്ധ്യാപനങ്ങൾക്ക് കടക വിരുദ്ധമാണ്. മുസ്‌ലിംകളുടെ പേരിൽ മുസ്‌ലിംകൾ തന്നെ പ്രചരിപ്പിക്കുന്ന പല ആശയങ്ങളും തീവ്രവാദത്തേയും ഭീകരവാദത്തിന്റെയും വഴിയിലാണ്. അവർ അബദ്ധ വിശ്വാസങ്ങൾ വെച്ച് പുലർത്തുന്നു. മതപരിത്യാഗികൾക്ക് വധശിക്ഷ, രക്തദാഹിയായ മസീഹിനെ കാത്തിരിക്കൽ എന്നിങ്ങനെ ഹിസാത്മകമായ സ്വഭാവമുള്ളതാണ്. പല മുസ്‌ലിം സംഘടനകളുടെയും ആശയങ്ങളും പ്രവർത്തനങ്ങളും ഭൗതിക സംഘടനകളെ അനുകരിച്ചുള്ള തീവ്രവാദ സ്വഭാവമുള്ളതാണ്. ഈ അവസ്ഥ അസഹിഷ്ണുതയ്ക്കും തീവ്രവാദത്തിനും കാരണമാവുകയും ഇപ്പോൾ ലോകം അതിനെയെല്ലാം ഒരു ഇസ്‌ലാമിക മാനദണ്ഡമായി കാണുകയും ചെയ്യുന്നു.

യഥാർത്ഥ സ്രോതസ്സുകളിൽ നിന്ന് ഇസ്‌ലാമിക ദൈവശാസ്ത്രം പഠിക്കുമ്പോൾ ഇതൊന്നുമല്ല ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ എന്ന് നമുക്ക് മനസ്സിലാകും. അതിനാലാണ് ഈ തെറ്റായ വ്യാഖ്യാനങ്ങളോടെ ഇസ്‌ലാം പുനരുജ്ജീവിപ്പിക്കണമെന്ന് പറയുന്നത് ഒരിക്കലും റസൂൽ തിരുമേനി(സ)യുടെ പ്രവചനത്തിനനുസരിച്ചുള്ള സത്യസന്ധമായ കാഴ്ച്ചപാടല്ല. തീർച്ചയായും ഇസ്‌ലാമിൽ പുനരുജ്ജീവനം നടക്കുമെന്നുള്ളത് പ്രവചനം ചെയ്യപ്പെട്ട വാഗ്ദാനമാണ്.

എന്നാൽ അയാൻ ഹിർസി അലി തന്റെ 'Why Islam Needs a Reformation Now' എന്ന പുസ്തകത്തിൽ നിർദ്ദേശിച്ച അതേ പുനരുജ്ജീവനമല്ല നടക്കേണ്ടത്. അതായത് ശരീഅത്ത് നിയമവും ഇസ്‌ലാമിക നിയമശാസ്ത്രവും മാറേണ്ടത്. മുസ്‌ലിംകൾ ഖുർആന്റെ യഥാർത്ഥ വിവക്ഷയിൽ നിന്നും മാറി അക്ഷരാർത്ഥത്തിൽ ദൈവവചനം വ്യാഖ്യാനിക്കുന്നത് തുടരുകയാണെങ്കിൽ പരിഷ്ക്കരണം നടക്കില്ല.

മുസ്‌ലിംകൾ ഖുർആന്റെ യഥാർത്ഥ സന്ദേശം പിന്തുടരേണ്ടിയിരിക്കുന്നു. സഹിഷ്ണുത, പരസ്പര ബഹുമാനം, സ്നേഹം, വിനയം, ഐക്യം എന്നീ ഖുർആനിക മൂല്യങ്ങൾ നാം മുറുകെ പിടിക്കണം. തീർച്ചയായും വിശുദ്ധ ഖുർആനിൽ യുദ്ധത്തെ സംബന്ധിച്ച വാക്യങ്ങളുണ്ട്, പക്ഷേ അതോടൊപ്പം തന്നെ കർശനമായ മാർഗ്ഗനിർദ്ദേശങ്ങളും വ്യവസ്ഥകളും ഉണ്ട്. നിർഭാഗ്യവശാൽ ജനങ്ങളെ നയിക്കുകയും ഖുർആൻ വ്യാഖ്യാനം രൂപപ്പെടുത്തുകയും ചെയ്യുന്ന മുസ്‌ലിം പുരോഹിതന്മാർ ഖുർആനിന്റെ യഥാർത്ഥ സത്തയിൽ നിന്ന് വളരെ അകന്നുപോകുകയും അസംബന്ധങ്ങൾക്കും തെറ്റിദ്ധാരണകൾക്കും വഴിയൊരുക്കുകയും ചെയ്തു.

ഇത് അങ്ങേയറ്റം നിർഭാഗ്യാകരമാണെങ്കിലും, മുഹമ്മദ് നബി(സ)യുടെ പ്രവചങ്ങളുടെ പൂർത്തീകരണമാണ്. അതായത് 'മുസ്‌ലിം



പണ്ഡിതന്മാർ സൃഷ്ടികളിൽ വെച്ച് ഏറ്റവും മോശപ്പെട്ടവരായിരിക്കുകയും ഖുർആനിന്റെ യഥാർത്ഥ സത്ത നഷ്ടപ്പെടുകയും ചെയ്യുന്ന ഒരു കാലം വരും.' *(മിശ്കാത്ത് അൽ മസാബിഹ്, ഹദീസ് 276)*

എന്നാൽ റസൂൽ തിരുമേനി(സ) തന്റെ ഉമ്മത്തിനെ ഈ മുന്നറിയിപ്പിൽ നിരാശനായി വിട്ടിരിക്കുകയല്ല ചെയ്തത്. അവിടുന്ന് മുസ്ലിം സമൂഹത്തിന്റെ രക്ഷക്കുള്ള പരിഹാരവും നിർദ്ദേശിച്ചിരിക്കുന്നു. ഓരോ നൂറ്റാണ്ടിലും ഇസ്ലാമിനെ പുനരുജ്ജീവിപ്പിക്കാനും മുസ്ലിംകളെ ശരിയായ പാതയിലേക്ക് നയിക്കാനും ഒരോ പരിഷ്കർത്താക്കൾ വന്നുകൊണ്ടിരിക്കും. അവസാന കാലം ആഗതമായാൽ ഇസ്ലാമിക വിശ്വാസങ്ങളുടെ അപചയം എക്കാലത്തെയും ഉയർന്ന നിലയിലായിരിക്കുമ്പോൾ, മനുഷ്യരാശിയെ രക്ഷിക്കാൻ മസീഹിന്റെ ആവിർഭാവമുണ്ടാകും. ഈ പ്രവചിതമായ മസീഹിന്റെ വരവാണ് അവസാനകാലത്തെ ഇസ്ലാമിന്റെ രക്ഷാമാർഗ്ഗമായി ഗണിക്കപ്പെടുന്നത്.

അത്തരമൊരു മസീഹിന്റെ ആവശ്യം മുമ്പത്തേക്കാളും ഇന്ന് ശക്തമാണ്. 'പ്രതിസന്ധി നേരിടുന്ന മുസ്ലിം ഭൂരിപക്ഷ സമൂഹത്തിന് ലോകമെമ്പാടും ആത്മീയവും ധസാർമികവും ബുദ്ധിപരവുമായ പരിഷ്കരണം തീർച്ചയായും ആവശ്യമാണ്. 'രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ മുസ്ലിം ലോകത്തിന്റെ സർവ്വ മേഖലകളിലും സമൂല പരിഷ്ക്കരണം ആവശ്യമാണ്. ഈ വസ്തുത മുസ്ലിം സമൂഹത്തെ സ്നേഹിക്കുന്ന എല്ലാ ആധുനിക മുസ്ലിം പണ്ഡിതന്മാരും ചിന്തകന്മാരും ഏകകണ്ഠമായി സമ്മതിക്കുന്നു.' മെഹ്ദി ഹസൈന്റെ 'Why Islam doesn't need a reformation' എന്ന പുസ്തകത്തിൽ നിന്നും ഉദ്ദരണം.

ഈ ഉമ്മത്തിന്റെ രോഗാതുരമായ ശരീരത്തിന്റെ എല്ലാ ലക്ഷണങ്ങളും, ഇത് തീർച്ചയായും മസീഹിന്റെ വരവിനുള്ള സമയമാണെന്ന വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു. എന്നാൽ മസീഹ് വന്നു കഴിഞ്ഞില്ലേ? ഇല്ലെങ്കിൽ എപ്പോഴാണ് അദ്ദേഹം വരിക?. അദ്ദേഹം വരുമ്പോൾ, ഇസ്ലാമിന്റെ രാഷ്ട്രീയ അന്തരീക്ഷത്തിൽ അദ്ദേഹത്തിന് എന്തെങ്കിലും ഇടം ഉണ്ടാകുമോ? ഈ അസ്വസ്ഥപ്പെടുത്തുന്ന ചോദ്യങ്ങൾ അവസാനിക്കുന്നില്ല. വരുന്നയാൾ ഒരു സലഫി ആയിരിക്കുമോ? അതോ ഒരു ഷിയാ ആയിരിക്കുമോ? അതോ ബറേൽവിയോ? ദിയോബന്ദിയോ? നിങ്ങൾ സങ്കൽപ്പങ്ങൾ തുടരുകയും രംഗം കൂടുതൽ കലുഷിതമാവുകയും ചെയ്യുന്നു.

അതുകൊണ്ടാണ് ഈ മസീഹിനെ സംബന്ധിച്ചുള്ള ശുഷ്ക്കമായ തർക്കങ്ങളും പരിഹരിക്കപ്പെടുക ദൈവത്തിൽ നിന്നും വിവ്യജ്ഞാനത്താൽ അനുഗ്രഹീതനായ മസീഹ് തന്നെയായിരിക്കും. അത് കേവലം അഭിപ്രായത്തെയോ നിർദ്ദേശത്തെയോ അടിസ്ഥാനമാക്കിയുള്ളതല്ല, മറിച്ച് ദൈവികമായി നൽകപ്പെട്ട അറിവിനെ അടിസ്ഥാനമാക്കിയുള്ള നിർണ്ണായകവും ഉറച്ചതുമായ വിധിയിലൂടെയായിക്കും.

ഈസ്ലാമിനെ പിടികൂടിയിട്ടുള്ള എന്നിയാലൊടുങ്ങാത്ത് അസംബന്ധ് വിശ്വാസങ്ങലിൽ നിന്നും ഉടനടി പരിഷ്കരണം ആവശ്യപ്പെടുന്ന അഞ്ച് വിശ്വാസങ്ങളെ പറ്റി ഇവിടെ പ്രതിപാദിക്കാം.

**1. യേശുവിന് നൽകപ്പെട്ട ദിവ്യത്വം**

ഭൂരിഭാഗം മുസ്ലിംകളും വിശ്വസിക്കുന്നത് യേശുക്രിസ്തു മരിച്ചിട്ടില്ലെന്നും അദ്ദേഹത്തെ സർവ്വശക്തനായ അല്ലാഹു ഉടലോടെ സ്വർഗത്തിലേക്ക് ഉയർത്തിയതാണെന്നുമാണ്. സർവ്വ പ്രവാചകന്മാരിലും വെച്ച് ശ്രേഷ്ഠനായ മുഹമ്മദ് നബി(സ) ഉൾപ്പെടെ എല്ലാ പ്രവാചകന്മാരും ഇവിടെ ഭൂമിയിൽ സ്വാഭാവികമായും മരിച്ചു പിരിയുകയുണ്ടായി. എന്നിട്ടും ഈസാ നബി(അ) മാത്രം മരിച്ചില്ല. ഇതെങ്ങനെ സാധിക്കുന്നു? മനുഷ്യർ ഭൂമിയിൽ ജീവിതം നയിക്കുകയും ഇവിടെ തന്നെ മരിക്കുകയും ചെയ്യുന്നുവെന്ന് വിശുദ്ധ

ഖുർആൻ വ്യക്തമാക്കുന്നു. ഈ നിയമത്തിൽ ഒരു അപവാദവുമില്ല. തന്റെ സത്യസന്ധത തെളിയിക്കാൻ സ്വർഗത്തിലേക്ക് കയറാൻ ആവശ്യപ്പെട്ട മുഹമ്മദ് നബി(സ)പോലും പറഞ്ഞത് താൻ വെറുമൊരു മനുഷ്യനാണെന്നും അല്ലാഹുവിന്റെ ദൂതനാണെന്നും പറഞ്ഞ് ഒരിക്കലും എനിക്കത് മനുഷ്യനെന്ന നിലയിൽ സാദ്ധ്യമല്ലെന്നാണ്. ഭക്ഷണമോ വെള്ളമോ കൂടാതെ മനുഷ്യന്റെ നിലനിൽപ്പിന് ആവശ്യമായ ഏതെങ്കിലും ആവശ്യങ്ങളോ ഇല്ലാതെ ഏകദേശം 2000 വർഷത്തോളം ആകാശത്ത് വസിക്കുക എന്നത് ഒരു മനുഷ്യനും സാധ്യമല്ല. ഇത് ഈസാ നബി(അ)ക്ക് അഥവാ യേശുവിന് ദൈവിക ഗുണങ്ങൾ ചാർത്തുന്ന വിശ്വാസമല്ലേ?

ഇത് ഒരു തെറ്റായ വിശ്വാസമാണ്, എല്ലാ പ്രവാചകന്മാരെയും പോലെ യേശുവും മരിച്ചുവെന്ന് 30-ലധികം വാക്യങ്ങൾ തെളിയിക്കുന്നു. *(വിശുദ്ധ ഖുർ ആൻ 3: 145) അദ്ധ്യാ: 3: വ 156).* വാദത്തിനു വേണ്ടി അദ്ദേഹം സ്വർഗ്ഗത്തിൽ പോയെന്ന് തന്നെ വെക്കുക. സ്വർഗത്തിൽ പ്രവേശിക്കുന്നവർക്ക് ഒരിക്കലും അത് ഉപേക്ഷിക്കാൻ കഴിയില്ലെന്ന് ഖുർആൻ പറയുന്നു. അപ്പോൾ അവൻ എങ്ങനെ തിരിച്ചുവരും?

അത്തരമൊരു വിശ്വാസം നിലനിർത്തുന്നത് മുഹമ്മദ് നബി(സ)യെ തരംതാഴ്ത്തുന്നു. ആകാശത്തിൽ കയറാൻ അദ്ദേഹത്തിന് കഴിയാതെ വരികയും സ്വാഭാവിക മരണം നേരിടേണ്ടിവരികയും ചെയ്തുവെങ്കിൽ ചിരഞ്ജീവിത്വം നൽകിക്കൊണ്ട് എന്തുകൊണ്ടാണ് യേശുവിന് മുൻഗണന നൽകിയത്?

**2. രക്തദാഹിയായ മിശിഹായെയും മഹ്ദിയെയും കാത്തിരിക്കുന്നു**

യേശുക്രിസ്തു മടങ്ങിയെത്തുമ്പോൾ അദ്ദേഹം രക്തച്ചൊരിച്ചിലിനും യുദ്ധത്തിനും കാരണമാകുമെന്നും എല്ലാ അവിശ്വാസികളെയും ഇസ്‌ലാം മതം സ്വീകരിക്കാൻ വിസമ്മതിക്കുന്നവരെയും കൊല്ലുമെന്നും വിശ്വാസിക്കപ്പെറ്റുന്നു. ഈ ജിഹാദിൽ മഹ്ദി അദ്ദേഹത്തോടൊപ്പം ചേരുകയും ചെയ്യും.

ഇത് സാധാരണക്കാർക്ക് അറിയാത്ത ഒരു വിശ്വാസമാണ്. എന്നാൽ നിങ്ങളുടെ പണ്ഡിതന്മാരോട് ചോദിക്കുക. മതത്തിൽ ഒരു നിർബന്ധവുമില്ല എന്ന് പഠിപ്പിക്കുന്ന ഖുർആന് കടക വിരുദ്ധമാണ് ഈ വിശ്വാസം. ഇത്തരം ഒരു വിശ്വാസ പരിവർത്തനത്തിന് യാതൊരു സാദ്ധ്യതയും ഇസ്‌ലാം വകവെച്ചു കൊടുക്കുന്നില്ല എന്നിരിക്കെ ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കാൻ വരുന്ന മിശിഹാ ഖുർആന് വിരുദ്ധമായി ഇങ്ങനെ പ്രവർത്തിക്കുന്നത് എന്തുകൊണ്ട്?

ഈസ നബി(അ) ജീവിച്ചിരിപ്പുണ്ടെങ്കിൽ മാത്രമേ ശാരീരികമായി മടങ്ങാനും അവിശ്വാസികളെ കൊല്ലാനും കഴിയൂ. അദ്ദേഹം ഇപ്പോൾ എവിടെയാണ് ജീവിച്ചിരിക്കുന്നത്?

**3. വിശ്വാസത്യാഗത്തിന് വധശിക്ഷ**

'മതത്തിൽ യാതൊരു നിർബന്ധമില്ല' ഇത് സർവ്വശക്തനായ അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറഞ്ഞ് വ്യക്തവും അടിസ്ഥാന പരവുമായ കൽപ്പനയാണ്, അത് പലപ്പോഴും അവഗണിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്നു.

ഇസ്‌ലാം മതം ഉപേക്ഷിക്കുന്നവർ കൊല്ലപ്പെടണമെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു. ഇസ്‌ലാം ഉപേക്ഷിച്ചവന്റെ ശിക്ഷ ദൈവത്തിന്റെ കരങ്ങളിൽ മാത്രമാണെന്നാണ് ഖുർആൻ ഖണ്ഡിതമായി പറയുന്നത്. അതിനാൽ ഈ ജീവിതത്തിൽ സമ്പൂർണ്ണ മതസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നിരവധി വാക്യങ്ങൾ ഉണ്ട്. ലോകം മുഴുവൻ വിശ്വസിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ അവന് അത് എളുപ്പത്തിൽ ചെയ്യാൻ കഴിയുമായിരുന്നുവെന്ന് അല്ലാഹു നമ്മോട് പറയുന്നു. എന്നാൽ അല്ലാഹു അത് ചെയ്തില്ല, പകരം ഓരോ വ്യക്തിക്കും സ്വയം തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നൽകി. കൂടാതെ, വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നീട് വിശ്വസിക്കുകയും വീണ്ടും അവിശ്വസിക്കുകയും ചെയ്യുന്നവർക്ക് അവരുടെ ശിക്ഷ അല്ലാഹുവിങ്കൽ മാത്രമാണെന്ന് ഒരു വാക്യം ഖുർആനിൽ പരാമർശിക്കുന്നു. (സൂറ: അന്നിസാഅ് 4:138)

ഇസ്‌ലാംമതം ഉപേക്ഷിക്കുന്നത് വധശിക്ഷ അർഹിക്കുന്നതാണെങ്കിൽ, അത്തരത്തിൽ മതം ഉപേക്ഷിച്ച വ്യക്തി വ്യക്തി ആദ്യമായിതന്നെ കൊല്ലപ്പെടുമായിരുന്നു. നിങ്ങൾ സ്വയം ചിന്തിക്കുക, വിശുദ്ധ പ്രവാചകന്റെ ജീവിതത്തിൽ ഇസ്‌ലാം ഉപേക്ഷിച്ചതിന് എത്ര പേർ കൊല്ലപ്പെട്ടു? ഒരൊറ്റ വ്യക്തിയും കൊല്ലപെട്ടിട്ടില്ല. ഒരുപക്ഷേ രാജ്യദ്രോഹത്തിനോ മറ്റ് കുറ്റകൃത്യങ്ങൾക്കോ ആയിരിക്കാം, പക്ഷേ ഒരിക്കലും വിശ്വാസത്യാഗത്തിന് വേണ്ടിയല്ല.

**4. പ്രവാചകത്വത്തെ ക്കുറിച്ചുള്ള വൈരുദ്ധ്യം**

ഇത് ഒരു യഥാർത്ഥത്തിൽ ഒരു വിഷമ വൃത്തമാണ്. എല്ലാത്തരം പ്രവാചകത്വവും അവസാനിച്ചുവെന്ന് സുന്നി മുസ്‌ലിംകൾ ഉറച്ചു വിശ്വസിക്കുന്നു. പഴയതോ പുതിയതോ ആയ ഒരു പ്രവാചകനും മുഹമ്മദ് നബിക്ക് ശേഷം വരാൻ കഴിയില്ലെന്ന് അവർ വിശ്വസിക്കുന്നു. ഒരു പ്രവാചകനായിരുന്ന മറിയത്തിന്റെ മകൻ ഈസാ നബി(അ) ന്റെ തിരിച്ചുവരവിനായി ആകാംക്ഷയോടെ കാത്തിരിക്കുമ്പോഴാണ് അവർ ഇത് ആനയിട്ടു പറയുന്നത്!

തീർച്ചയായും അദ്ദേഹം ഒരു പഴയ പ്രവാചകനായിരുന്നു, പക്ഷേ അപ്പോഴും അദ്ദേഹം ഒരു പ്രവാചകനായിരുന്നു. (ബനീഇൗസ് രായില്ല് അയക്കപ്പെട്ട റസൂൽ വി. ഖുറാൻ 3: 50) സഹീഹ് മുസ്‌ലിമിലെ ഹദീസിൽ കാണുന്നതുപോലെ, മടങ്ങിയെത്തുമ്പോൾ അദ്ദേഹം ഒരു പ്രവാചകനായിരിക്കും. (സഹീഹ് മുസ്‌ലിം ഹദീസ് 2937) ഈസാ നബി[അ] മടങ്ങിയെത്തിയാലുടൻ മുഹമ്മദ് നബി[സ] അന്ത്യപ്രവാചകത്വം പൊളിഞ്ഞുപോകും. അപ്പോൾ ഭൂമിയിൽ ജീവിക്കുന്ന അവസാനത്തെ പ്രവാചകൻ ആരായിരിക്കും? തീർച്ചയായും അത് ഈസാ നബി[അ] ആയിരിക്കും. അദ്ദേഹം ലോകത്തെല്ലാവർക്കും വേണ്ടി മടങ്ങിയെത്തിയാൽ അദ്ദേഹത്തെ ബനി ഇസ്രായേലിലേക്ക് മാത്രമാണ് അയച്ചതെന്ന് പറയുന്ന ഖുർആൻ വാക്യം തെറ്റാവില്ലേ? ഈ നഗ്നമായ വൈരുദ്ധ്യത്തെക്കുറിച്ച് ചോദിക്കുമ്പോൾ ഈ യുക്തി കടലിലേക്ക് വലിച്ചെറിയാനും ഈ വൈരുദ്ധ്യം അംഗീകരിക്കാനുമാണ് മുസ്‌ലിം ഭൂരിപക്ഷം പറയുന്നത്. ഇസ്‌ലാമിനെ പുനരുദ്ധരിക്കാൻ ഭൂരിപക്ഷ മുസ്‌ലിംകൾ വിശ്വസിക്കുന്നത് പോലെ സംഭവിക്കുകയാണെങ്കിൽ ഉണ്ടാകുന്ന പ്രശ്നമിതാണ്. വാസ്തവത്തിൽ ഇതിൽ വൈരുദ്ധ്യമില്ല. ഇത് ഒരു ധാരണ പിശകാണ്. ഈ തെറ്റിദ്ധാരണ നീക്കാൻ മസീഹിന് മാത്രമേ സാദ്ധ്യമാകൂ.

**5. വെളിപാട് അവസാനിച്ചു**

വെളിപാട് അവസാനിച്ചുവെന്നും ദൈവം മുൻകാലങ്ങളിൽ ചെയ്തതുപോലെ ഇനി ആരോടും സംസാരിക്കുന്നതല്ല എന്നുമാണ് മുസ്‌ലിം ഉലമാക്കന്മാർ പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്. ഇതാണ് ഉമ്മത്ത് ഇരുട്ടിലാവാനുള്ള ഒരു മുഖ്യകാരണം. മുൻകാലങ്ങളിൽ ചെയ്തതുപോലെ ദൈവം ഇന്നും തന്റെ പ്രിയപ്പെട്ടവരോട് സംസാരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. രക്ഷകനായ മസീഹിനെ സ്വീകരിക്കാൻ മുസ്‌ലിംകൾക്ക് കഴിയുന്ന ഒരേയൊരു മാർഗ്ഗം ഇതാണ്. വെളിപാടിന്റെ വെളിച്ചമില്ലാതെ, ഉമ്മത്തിനെ വലയം ചെയ്തു നിൽക്കുന്ന ഇരുട്ട് ഒരിക്കലും വിപാടനം ചെയ്യപ്പെടുകയില്ല. ഇക്കാര്യം അവർ മനസ്സിലാക്കാൻ തയ്യാറാകുന്നില്ല. മറ്റ് പണ്ഡിതന്മാരെപ്പോലെ അദ്ദേഹം മറ്റൊരു കൂട്ടം അഭിപ്രായമാണ് കൊണ്ടുവരുന്നതെങ്കിൽ ആരാണ് അദ്ദേഹത്തിന്റെ അഭിപ്രായം സ്വീകരിക്കുക? അപ്പോൾ വരുന്ന മസീഹിന് ദൈവികമായ ബന്ധവും ദിവ്യജ്ഞാനവും ഉണ്ടായിരിക്കണം എങ്കിൽ മാത്രമേ ഇസ്‌ലാമിന്റെ പുനരുജ്ജീവനം സാദ്ധ്യമാവൂ.

**ഉപസംഹാരം**

ഇത് തീർച്ചയായും മസീഹ് ആഗതനാകാനുള്ള സമയമാണ്, അപ്പോൾ അദ്ദേഹം എവിടെയാണെന്ന് നാം കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രവചിച്ചതുപോലെ യഥാ സമയം അദ്ദേഹം ആഗതനായി യഥാർത്ഥ ഇസ്‌ലാമിക വിശ്വാസങ്ങൾ അദ്ദേഹം ഇതിനകം പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഹസ്രത്ത് മിർസ ഗുലാം അഹ്മദ്[അ] ആണ് അല്ലാഹുവിനാൻ അയക്കപ്പെട്ട ആ യുഗ പുരുഷൻ. 1835-ൽ ഖാദിയനിൽ ജനിച്ചു. ഈസാ നബി[അ] കശ്മീരിൽ വെച്ച് ദിവംഗതനായി എന്ന് അദ്ദേഹം ചിന്തോദ്ദീപകമായ ഇസ്‌ലാം ക്രൈസ്തവ പ്രമാണങ്ങളിലൂടെ സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. അതായത് മുസ്‌ലിംകളും ക്രിസ്ത്യാനികളും ആകാശത്ത് നിന്ന്വരുമെന്ന് കാത്തിരിക്കുന്ന കാത്തിരിക്കുന്ന ഈസാനബി [അ] അഥവാ യേശു ഇനി വരില്ല എന്ന് അസന്നിഗ്ദമായി തെളിയിച്ചിരിക്കുന്നു.


യേശുക്രിസ്തു ജീവിച്ചിരിപ്പില്ലെന്ന് വ്യക്തമാക്കിയ അദ്ദേഹം ക്രൂശീകരണത്തെ അതിജീവിച്ച് ഇസ്രായേലിലെ നഷ്ടപ്പെട്ട ഗോത്രങ്ങളെ തേടി താൻ കശ്മീരിലേക്ക് പോയതായി മതപരവും ചരിത്രപരവും വൈദ്യശാസ്ത്രപരവുമായ തെളിവുകളിലൂടെ തെളിയിച്ചു. (whom he was sent for). അവിടെവെച്ച് മറ്റെല്ലാ പ്രവാചകന്മാരെയും പോലെ അദ്ദേഹം സ്വാഭാവികമായി മരിച്ചു.

എല്ലാ ഇസ്‌ലാമിക സ്രോതസ്സുകൾക്കും എതിരായതിനാൽ രക്തദാഹിയായ രക്ഷകൻ എന്ന ആശയം അദ്ദേഹം നിരസിക്കുകയും പകരം ബൗദ്ധിക ജിഹാദിനെപിന്തുണയ്ക്കുകയും ചെയ്തു. വിശ്വാസത്യാഗത്തിന് വധശിക്ഷയില്ലെന്ന് അദ്ദേഹം തെളിയിച്ചു, ഒരു കീഴുദ്യോഗസ്ഥനായ പ്രവാചകനെക്കുറിച്ചുള്ള മുഹമ്മദ് നബി[സ] യുടെ പ്രവചനം പൂർത്തിയാക്കി, ദൈവിക വെളിപാട് തുടരുന്നുവെന്ന് തെളിയിച്ചു.

ഈ പുനരുജ്ജീവനം ഖുർആൻ അല്ലെങ്കിൽ മുഹമ്മദ് നബിയുടെ പഠിപ്പിക്കലുകളെ മാറ്റുന്നില്ല-ഇത് അവരുടെ യഥാർത്ഥ സത്തയെ പ്രകാശിപ്പിക്കുകയും മുസ്‌ലീങ്ങളെ സഹിഷ്ണുത, യുക്തി, അല്ലാഹുവുമായുള്ള ആത്മീയ കൂട്ടായ്മ എന്നിവയുടെ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു. പരിഷ്കരണത്തിനുള്ള സമയം ഇപ്പോൾ യാഥാസ്ഥിതിക ഇസ്‌ലാമിനെ ഉപേക്ഷിക്കുന്നതിലൂടെയല്ല, മറിച്ച് അതിന്റെ ആധികാരികവും പുനരുജ്ജീവിപ്പിച്ചതുമായ രൂപം സ്വീകരിക്കുന്നതിലൂടെയാണ്.

The Official Website of
the Ahmadiyya Muslim Community
AL-ISLAM

# സമാധാന നൊബേൽ സമ്മാനം: ആറ്റം ബോംബിനെ അതിജീവിച്ചവർക്ക്




**2024** നൊബേൽ സമ്മാനം ജപ്പാനിലെ 'നിഹോങ്ങ് ഹിദ്യാൻ ക്യോ' എന്ന സംഘടനക്കാണ് ലഭിച്ചത്. ഹിരോഷിമ നാഗസാക്കി ആറ്റം ബോംബാക്രമണത്തിന് ഇരയായ അതിജീവിതരുടെ, ആണവ വിരുദ്ധ പ്രവർത്തനം നടത്തുന്ന ഒരു സമാധാന സംഘടനയാണിത്. 1956 ൽ സ്ഥാപിക്കപ്പെട്ട ഈ സംഘടന 'ഹിബാകുഷ' എന്നും അറിയപ്പെടുന്നു. 1,74,080 ആളുകൾ ഈ സംഘടനയിലുണ്ട്.

1945 ൽ അമേരിക്ക നടത്തിയ ആറ്റംബോംബ് ആക്രമണത്തിന്റെ എൺപതാം വർഷത്തിലാണ് ഈ പുരസ്കാര ലബ്ധി. ആണവായുധങ്ങളില്ലാത്ത ഒരു ലോകം നേടുവാനും അതിനുള്ള ശ്രമങ്ങളും, ഇനിയൊരിക്കലും ആണവായുധങ്ങൾ ഉപയോഗിക്കരുതെന്നുള്ള ആഹ്വാനത്തോടെയാണ് സംഘടന ലോകവ്യാപകമായി പ്രവർത്തിക്കുന്നത്.

ഇന്ന് ലോകത്ത് രണ്ട് പ്രധാന യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഉക്രയിനും റഷ്യയും തമ്മിലും, ഇസ്റയേലും ഫലസ്തീനികളും തമ്മിലും. ഇസ്റയേൽ യുദ്ധം ഇറാനിലേക്കും വ്യാപിപ്പിക്കുമെന്നാണ് നിലവിലെ ഭീഷണി. യുദ്ധത്തിലേർപ്പെട്ട രണ്ട് രാജ്യങ്ങളിൽ റഷ്യയുടെയും ഇസ്റായേലിന്റെയും കൈയ്യിൽ തീർച്ചയായും ആണവായുധങ്ങൾ ഉണ്ട്. യുദ്ധം ചെയ്യുന്ന രാജ്യങ്ങളുടെയും അവർ ആശ്രയിക്കുന്ന ചേരികളിലെ വൻശക്തി രാജ്യങ്ങളുടെ കൈയ്യിലും ആണവായുധങ്ങൾ ഉണ്ട്. യുദ്ധഗതിയൊന്നു മാറി അതൊരു ആഗോള യുദ്ധമായി മാറിയാൽ-അങ്ങനെ സംഭവിക്കാതിരിക്കട്ടെ- ഭൂമിയെ പലവട്ടം നശിപ്പിക്കാൻ ശേഷിയുള്ള ആണവായുധങ്ങൾ 9 ആണവ രാജ്യങ്ങളുടെ കൈയ്യിലുണ്ട് പൂർണ്ണതോതിൽ അവയെല്ലാം പ്രയോഗിക്കപ്പെടുകയാണെങ്കിൽ ജീവിലോകം മാത്രമല്ല സസ്യലതാതികളും

വൃക്ഷങ്ങളുമടക്കം നമ്മുടെ ആവാസ വ്യവസ്ഥ തകരുമെന്നും ഹോമോസാപ്പിയൻസ് എന്ന് വിളിക്കപ്പെടുന്ന ഭൂമിയിലെ മനുഷ്യ സമൂഹവും കുറ്റിയറ്റു പോകുമെന്നും

ശാസ്ത്രജ്ഞന്മാർ പറയുന്നു. രണ്ട് തവണ മാത്രം ഭൂമിയിൽ ആറ്റം ബോംബ് പതിച്ച ജപ്പാനിലേക്ക് തന്നെ നമുക്ക് വീണ്ടും പോവാം. ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റം ബോംബ്

വർഷിക്കപ്പെട്ടപ്പോൾ ആ നാരകീയ സംഹാരത്തിന്റെ അത്യന്തം ഭീഭത്സവും

സ്തോഭജനകവുമായ അഗ്നി പ്രളയത്തിന് സാക്ഷ്യം വഹിച്ച ഹതഭാഗ്യരായ രണ്ടുപേരുടെ സാക്ഷ്യങ്ങളാണ് ചുവടെ ചേർക്കുന്നത്. ഒരു പക്ഷേ ലോകത്തെവിടെയും ഈ കിരാത രംഗങ്ങൾ വീണ്ടും ഇതിനേക്കാൾ ഭയാനകമായി അരങ്ങേറിയേക്കാം.

**1945 അഗസ്റ്റ് 6 ാം തിയ്യതി 11 മണി കഴിഞ്ഞ് 2 മിനുട്ട്.**

അതൊരു പഴയ ഘടികാരമായിരുന്നു. മേൽ പറഞ്ഞ തിയ്യതിക്കും സമയത്തും നിലച്ചു പോയ ഒരു ജപ്പാൻ ക്ലോക്ക്. അതിലെന്താണിത്ര കൗതുകം?!. ബാലസഹജമായ കൗതുകത്തോടെ നിങ്ങൾ ചോദിച്ചേക്കാം. എന്നാൽ അത് മാനവരാശിക്കു മുമ്പിൽ പ്രയോഗിക്കപ്പെട്ട ഒരു മഹാ ദുരന്തത്തിന്റെ ശപ്ത നിമിഷങ്ങളുടെ ഭീകര സ്മാരകമാണ്. ആ നിമിഷം മുതൽ മൂകമായിപ്പോയ ഈ നാഴികമണി ജപ്പാനിലെ നാഗസാക്കിയിൽ ഇന്നും ചരിത്ര സ്മാരകമായി നിലകൊള്ളുന്നു.

ആറ്റം ബോംബെന്ന ഈ നരകത്തീ നാഗസാക്കി നഗരത്തിലേക്ക് അമേരിക്കയുടെ ബോംബർ വിമാനത്തിൽ നിന്നും വലിച്ചെറിഞ്ഞപ്പോൾ ഉണ്ടായ ഭീകരവും സ്തോഭജനകവുമായ രംഗങ്ങൾ നാഗസാക്കി മെഡിക്കൽ കോളേജിലെ എക്സ്റേ വിദഗ്ദനായിരുന്ന ഡോ. തകാശി നഗായി വിവരിക്കുന്നുണ്ട്. നാഗസാക്കിയിൽ അവശേഷിച്ച 10 ശതമാനം പേരിൽ ഒരാളായിരുന്നു തകാശി. വീണ്ടും ആറു വർഷം ജീവിച്ച് അർബുദം വന്ന് കൈകാലുകൾ ശോഷിച്ച് വയറ് വീർത്ത് മരിക്കുന്നതിന്ന് മുമ്പായി 17 ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. അതിൽ The Bell of Nagazaki എന്ന ഗ്രന്ഥത്തിൽ കിടിലം കൊള്ളിക്കുന്ന ആ ഭീകര രംഗം അദ്ദേഹം എഴുതുന്നു:

'അതിഭീകരമായ ഒരു പൊട്ടലും കണ്ണഞ്ചിപ്പിക്കുന്ന പ്രഭയും! നീലയും ചുവന്നതുമായ തീനാളങ്ങൾ ചിതറിപ്പാഞ്ഞു. ഉഗ്രമയ കൊടുങ്കാറ്റ്!! മണികൂറിൽ 600 മൈൽ വേഗമുള്ള ഒരുകൂറ്റൻ കൊ

ടുങ്കാറ്റ്!!. 600 ഡിഗ്രി ചൂടുള്ള ഒരു തീച്ചൂള! അതിന്ന് പതിനായിരം അടി ഉയരം! മൂന്ന് മൈലിൽ അധികം പടർപ്പ്! ആ അഗ്നി രാക്ഷസൻ വളർന്ന് നാലൽത്തയ്യായിരം അടിയായി ഉയർന്നു! കോടിക്കണക്കിന് കരങ്ങളും വിടർത്തി അവൻ കുതിച്ചപ്പോൾ 25,000 പേർ അതിൽ ഉടൻ ചാമ്പലായി! 1,00,000 പേർക്ക് പരിക്ക് പറ്റി. അവരിൽ 72,000 പേർ പിന്നീട് മരിച്ചു! ഡോ. തകാശി തുടരുന്നു:

'പൊട്ടിത്തെറി കഴിഞ്ഞ് 20 മിനുട്ട് കഴിഞ്ഞിരുന്നു. ഉറക്കാമിയിലെ നഗര പ്രദേശം മുഴുവൻ കത്തിജ്വലിക്കുകയാണ്. ആശുപത്രിയുടെ നടുത്തളത്തിലും അഗ്നി താണ്ഡവമാടുകയാണ്. കുന്നിന്നോട് ചേർന്ന് കിഴക്ക് വശം മാത്രം കേടുപറ്റാതെ നില കൊള്ളുന്നു. പക്ഷേ ഞങ്ങൾക്ക് ഉപകരണങ്ങളില്ല. ആൾ സഹായവുമില്ല. ആളിപ്പടരുന്ന അഗ്നിയെ നിസ്സഹായരായി നോക്കി നിൽക്കാനല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിവുണ്ടായിരുന്നില്ല. നരക തുല്യമായ അഗ്നികുണ്ഡത്തിൽ നിന്നും രക്ഷപ്പെടാൻ വേച്ചും വീണും മല കയറിവരുന്ന നഗ്ന ശരീരങ്ങളുടെ ദയനീയമായ ഘോഷയാത്ര തുടർന്നു കൊണ്ടേയിരുന്നു. സ്വന്തം പിതാവിന്റെ മൃതദേഹം വലിച്ചുകൊണ്ട് രണ്ടു കുട്ടികൾ കടന്നു പോയി. തലയറ്റ ഒരു ശിശുവിനെ മാറോട് ചേർത്ത് പിടിച്ച് യുവതിയായ ഒരമ്മ ഓടുകയാണ്. പരസ്പരം കൈകോർത്തു പിടിച്ചു രണ്ട് വൃദ്ധ ദമ്പതിമാർ കുന്നുകയറിവരുന്നു. കുന്നിൻ മുകളിൽ എത്തിയ മറ്റൊരു സ്ത്രീയുടെ വസ്ത്രങ്ങൾക്ക് തീ പിടിക്കുകയും ആളിക്കത്തുന്ന വൈക്കോൽ പന്തു പോലെ അവർ താഴോട്ട് ഉരുണ്ടു പോവുകയും ചെയ്തു. സ്വബോധം നഷ്ടപ്പെട്ട ഒരു മനുഷ്യൻ കത്തുന്ന വീട്ടിന്റെ മുകളിൽ കയറി നിന്ന് നൃത്തം ചെയ്യുകയാണ്. ഓടിയവരിൽ പലരും ഇടയ്ക്ക് നിന്നു തിരിഞ്ഞു നോക്കി. മറ്റുള്ളവർ പിന്നോട്ട് തിരിയാൻ ധൈര്യമില്ലാതെ മുന്നോട്ടു തന്നെ പാഞ്ഞു. കുറേ മുന്നോട്ട് ഓടിയ ഒരു ബാലൻ സഹോദരിയെ വിളിക്കുന്നു. വേഗം വരാൻ. അൽപ്പം നിൽക്കാൻ അവൾ അവനോട് യാചിച്ചു. ഇവരുടെയെല്ലാം പിന്നിൽ ഒരു അഗ്നി സമുദ്രം ഇരമ്പി. അത് കൂടുതൽ അടുത്ത് വരികയാണ്.'

'നാഗസാക്കിയിൽ ബോംബ് വർഷിക്കുന്നതിന്റെ മൂന്ന് ദിവസം മുമ്പ് ഹിരോഷിമയിൽ ആറ്റം ബോംബ് വർഷിച്ചത്. Hiroshima Diary എന്ന ഗ്രന്ഥത്തിൽ ഡോ. ഹാച്ചിയ രേഖപ്പെടുത്തിയത് നോക്കുക: 'പട്ടാളക്കാരുടെ സ്ഥിതി ഇതിലും ഭയങ്കരമായിരുന്നു. അരയ്ക്കു മുകളിലുള്ള ഭാഗങ്ങൾ പൊള്ളലേറ്റു കരിഞ്ഞ തൊലി ഉരിഞ്ഞു തൂങ്ങിയും എണ്ണമറ്റ പട്ടാളക്കാർ വഴികളിൽ കിടക്കുന്നത് കണ്ടു. അവരുടെ തലമുടി കരിഞ്ഞിരുന്നില്ല. പട്ടാള തൊപ്പി ധരിച്ചത് കൊണ്ടാകാം. അധികം മൃതദേഹങ്ങൾക്കും മുഖം ഉണ്ടായിരുന്നില്ല. കണ്ണും മൂക്കും ചെവിയും ഉരുകിപ്പോയി! കരിഞ്ഞു കരുവാളിച്ച മാംസ പിണ്ഡങ്ങൾ. മുഖം മുഴുവൻ വെന്തു നീറി വികൃതമായിത്തീർന്ന ഒരു പട്ടാളക്കാരൻ വെളുത്ത പല്ലുകൾ ഇളിച്ചു കാട്ടി റോഡിൽ കിടക്കുന്നു. അയാൾ വെള്ളം ചോദിച്ചു. ഞാനെന്തു ചെയ്യാൻ? അപ്പോൾ വെള്ളം എവിടെ കിട്ടാനാണ്.? എനിക്ക് സങ്കടം തോന്നി. കൈകൾ കൂപ്പി അയാൾക്കു വേണ്ടി പ്രാർത്ഥിച്ചു. പിന്നീട് അയാൾ വെള്ളം ചോദിച്ചില്ല. അയാൾ മരിച്ചു കഴിഞ്ഞിരുന്നു. മറ്റൊരിടത്ത്, ഡോ. ഹാച്ചിയ രേഖപ്പെടുത്തുന്നു:

'ജല സംഭരണ ടാങ്കുകളിൽ നിറയെ മൃതദേഹങ്ങൾ! പൊള്ളലേറ്റവർ രക്ഷപ്പെടാൻ വേണ്ടി വെള്ളത്തിൽ ചാടി. പക്ഷേ ആ ഹതഭാഗ്യർ ജീവനോടെ വേവിക്കപ്പെട്ടു. അത്യുഗ്രമായ ചൂടിൽ ടാങ്കിലെ വെള്ളം തിളക്കുകയായിരുന്നു. ഒരു റിസർവ്വോയറിൽ മരിച്ചവരുടെ കൂട്ടത്തിൽ ജീവനുള്ള ഒരാൾ കിടന്നനങ്ങുന്നത് കണ്ടു. ചോര കലർന്ന ചുവന്ന വെള്ളം അയാൾ ആർത്തിയോടെ കുടിച്ചിറക്കുന്നു. മറ്റൊരു ടാങ്കിൽ ക്രമാതീതമായി ആളുകൾ തിങ്ങിക്കിടക്കുന്നതുകണ്ടു അത്രയും പേർക്ക് കിടക്കുവാൻ യഥാർത്ഥത്തിൽ ആ റിസർവ്വോയറിൽ സ്ഥലമില്ല!. അവർ വെള്ളത്തിന്നടിയിൽ കുത്തിയിരുന്നു ശ്വാസം മുട്ടിയാണ് മരിച്ചത്.!!'

വേറെരിടത്ത് വിവരിക്കുന്നു: 'മുറിവേറ്റ നിരവധി പേർ നിസ്സഹായരായി നീങ്ങുന്നു. എവിടെ നിന്നു വരുന്നുവെന്നു ചോദിക്കുമ്പോൾ പുറകോട്ടു ചൂണ്ടികാട്ടി, അവിടെ നിന്ന് എന്നു പറയുന്നു. എങ്ങോട്ട്? എന്ന ചോദ്യത്തിന്ന് മുമ്പോട്ട് എന്ന് പറയുന്നു വെള്ളത്തിന്ന് വേണ്ടി കരയുന്നു. എന്നിട്ട് പിടഞ്ഞു മരിക്കുന്നു.!!. മരിച്ചവരുടെ പുറത്തുകൂടി ജീവനുള്ളവർ നടന്നു പോകുന്നു. കുറേക്കഴിഞ്ഞ് അവരും മരിച്ചു വീഴുന്നു..ഡോ. ഹാചിയ തുടരുന്നു: 'ഞാൻ ബോറോയിലെ പൂന്തോട്ടത്തിൽ നിൽക്കുകയായിരുന്നു. കാറ്റിന്റെ ഗതി മാറി. പെട്ടെന്ന് തീജ്വാലൾ പന്തുകൾ പോലെ പറന്നുയരാൻ തുടങ്ങി. ഞാനാകെ ഭയന്നുപോയി പിറകുവശത്തെ ഗേറ്റിൽ കൂടി പുറത്തേക്ക് കടന്നു. അവിടെ നിന്നും ഓടി നദിയുടെ തീരം വരെ എത്തി. ഏതാനും പെൺകുട്ടികളും എന്നോടൊപ്പം ഓടുന്നുണ്ടായിരുന്നു. ആളുകളുടെ തിരക്കാണവിടെ. അത്രയും പേരെ ഒന്നിച്ച് ഞാൻ അതുവരെ കണ്ടിട്ടില്ലായിരുന്നു. ജനക്കൂട്ടത്തിന്റെ ഭ്രാന്തമായ ആ ഓട്ടം! ഭീകരമായ കാഴ്ച്ചയായിരുന്നു അത്. ഏറ്റവും ദു:ഖം തോന്നിയത്

അവിടെ കണ്ട സ്ത്രീകളുടെ കാഴ്ചയായായിരുന്നു. പരിപൂർണ്ണമായും നഗ്നകളായിരുന്നു അവർ!! മിസോഗുച്ചി എന്റെ നേർക്കു നോക്കി പറഞ്ഞു: ഡോക്ടർ ഹാച്ചിയാമ, താങ്കളും നഗ്നനാണ്.!!

ഇതൊക്കെയാണ് ആറ്റം ബോംബ് പതിച്ചപ്പോൾ, പേക്കിനാക്കളെ പേലെ സ്മൃതി പഥത്തിലേക്ക് വരാതിരിക്കാൻ കൊതിക്കുന്ന മനുഷ്യ മഹാദുരന്തങ്ങളുടെ നേർക്കാഴ്ച്ചകൾ ജീവിച്ചിരിക്കുന്നവർ മരിച്ചവരെയോർത്ത് അസൂയപ്പെട്ട നിമിഷങ്ങൾ!!.. മനുഷ്യൻ എത്ര ദുർഭഗൻ! ഇതെല്ലാം കണ്ടറിഞ്ഞിട്ടും ആറ്റം ബോംബിനേക്കാൾ അയ്യായിരം ഇരട്ടി ശക്തിയുള്ള ഹൈഡ്രജൻ ബോംബ് ഇന്ന് ലോകത്തിലെ 7 രാജ്യങ്ങൾക്ക് സ്വന്തമായുണ്ട്.!! അവസാനമായി വടക്കൻ കൊറിയയും അത് സ്വന്തമാക്കിയിരിക്കുന്നു.

ഭൂമിയിൽ കാരുണ്യത്തിന്റെ ഹസ്തങ്ങൾ കൊണ്ട് അറ്റമില്ലാത്ത അനുഗ്രഹങ്ങൾ നൽകി ദൈവം വളർത്തിയെടുത്ത ഹോമോ സാപിയൻസ് എന്ന് വിളിക്കപ്പെടുന്ന മനുഷ്യ വർഗ്ഗത്തെ മുച്ചൂടും നാമാവശേഷമാക്കാൻ കഴിയുന്നതാണ് അവന്റെ കയ്യിൽ ഇപ്പോഴുള്ള ഈ മാരകായുധങ്ങൾ!!!

വിശുദ്ധ ഖുർ ആൻ പറയുന്നു:

**'ഖുതിലൽ ഇൻസാനു മാ അഖ്ഫറഹു'**

**മനുഷ്യന് നാശം. അവനെന്തൊരു കൃതഘ്നനൻ!!** *(വി. ഖുർ ആൻ. 80:18)*

**പേജ് 13 ൽ നിന്ന്**

വസ്ഥ പ്രാപിക്കാതെ അല്ലാഹു തആല അത് സ്വീകരിക്കുകയില്ല'

നമസ്ക്കാരം വലിയ ഭാരിച്ച പദവിയിലുള്ള ദുആ ആണ് എന്നാൽ ജനങ്ങൾ അതിനെ വില മതിക്കുന്നില്ല. ഇക്കാലത്ത് മുസ്ലിംകൾ ജപങ്ങളിൽ മാത്രമാണ് ശ്രദ്ധിക്കുന്നത്. നൗശാഹി, നഖ്ശ് ബന്ദി തുടങ്ങിയ നിരവധി കക്ഷികളുണ്ട്. വേദനയോടെയും പറയട്ടെ അവരിൽ ആരും തന്നെ അനാചാരങ്ങളുടെ ദു:സ്സ്വാധീനത്തിൽ നിന്നും മുക്തരല്ല. നമസ്ക്കാരത്തിന്റെ യാഥാർത്ഥ്യത്തിൽ നിന്ന് ഇവർ അജ്ഞരാണ്. ദൈവിക കൽപ്പനകളെ അവർ അവഗണിക്കുന്നു. നമസ്ക്കാരം നിലവിലിരിക്കെ ദുആ ചെയ്യുന്നവന് ഈ അനാചാരങ്ങളുടെയൊന്നും ആവശ്യമില്ല. ബുദ്ധിമുട്ടുണ്ടാകുമ്പോൾ വുളു ചെയ്ത് നമസ്ക്കരിക്കുകയും അതിൽ ദുആ ചെയ്യുകയും ചെയ്യുക, എന്നതായിരുന്നു നബി(സ) തിരുമേനിയുടെ രീതി. നമസ്കാരത്തെക്കാൾ അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ടുപോകുന്ന ഒരു വസ്തുവും ഇല്ലെന്ന് നമ്മുടെ അനുഭവമാണ്. നമസ്കാരത്തിന്റെ ഭാഗങ്ങൾ മര്യാദയും വിനയവും എളിമയും ഉൾക്കൊള്ളുന്നതും പ്രകടിപ്പിക്കുന്നതുമാണ്. നമസ്കാരത്തിനായി നിൽക്കുമ്പോൾ കൈകെട്ടി നിൽക്കുന്നു. ഒരു അടിമ തന്റെ യജമാനന്റെയും രാജാവിന്റെയും മുന്നിൽ മര്യാദയോടുകൂടി നിൽക്കുന്നതു പോലെ റുക്കൂഉിൽ മനുഷ്യൻ വിനയത്തോടെ കുനിയുന്നു. അത്യധികമായ വിനയം സുജൂദിലാണ്. അത് പരമമായ വിനയാവസ്ഥ പ്രകടിപ്പിക്കുന്നു. *(ജൽസാ സാലാനാ പ്രഭാഷണം. 1906 പേ. 6-8)*

നമസ്ക്കാരങ്ങൾ മുടങ്ങാതെ കൃത്യതയോടെ അനുഷ്ഠിക്കുക. ചിലയാളുകൾ ഒരു നേരം മാത്രം നമസ്ക്കരിക്കുന്നവരാണ്. നമസ്ക്കാരം മാപ്പാക്കുകയില്ല. എന്ന് അവർ ഓർക്കേണ്ടതാണ്. പ്രവാചകന്മാർക്ക് പോലും നമസ്ക്കാരം മാപ്പാക്കിയിട്ടില്ല.

ഹദീസിൽ വന്നിരിക്കുന്നു. നബി(സ) അടുക്കൽ പുതുവിശ്വാസികളുടെ ഒരു സംഘം വന്നു. നമസ്ക്കാരം ഇളവ് ചെയ്ത് തരണമെന്ന് പറഞ്ഞു. അവിടുന്ന് പറഞ്ഞു: 'കർമ്മമില്ലാത്ത മതം ഒരു മതമേയല്ല' മൽഫുസാത്ത് വാല്യം 1 പേജ് 254)

വീണ്ടും ഞാൻ നിങ്ങളോട് പറയുന്നു അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും യഥാർത്ഥമായ അടുപ്പവും നിലനിർത്താനാഗ്രഹിക്കുന്നുവെങ്കിൽ നമസ്ക്കാരത്തിൽ ബദ്ധശ്രദ്ധരാവുക. നിങ്ങളുടെ ശരീരം നിങ്ങളുടെ നാവല്ല. പ്രത്യുത നിങ്ങളുടെ ആത്മാവിന്റെ ആഗ്രഹങ്ങളും വികാരങ്ങളുമെല്ലാം നമസ്കാരമായി തീരുവോളം നിങ്ങൾ നമസ്ക്കാരത്തിൽ ബദ്ധശ്രദ്ധരാകുക.

എന്താണ് നമസ്ക്കാരം? നമസ്ക്കാരം യഥാർത്ഥത്തിൽ ആദരമുടയവനായ രക്ഷിതാവിനോട് ചെയ്യുന്ന പ്രാർത്ഥനയാണ്. ഇതു കൂടാതെ മനുഷ്യന് ജീവിക്കാൻ സാധ്യമല്ല. സൗഖ്യവും സന്തോഷവും അവന് ലഭിക്കുകയുമില്ല. അല്ലാഹു അനുഗ്രഹം വർഷിക്കുന്ന നേരത്താണ് യഥാർത്ഥമായ സന്തോഷവും ആനന്ദവും ലഭിക്കുന്നത്. ആ സമയം മുതൽ സ്വാദിഷ്ഠമായ ഭക്ഷണം കഴിക്കുമ്പോൾ ഉണ്ടാകുന്ന രുചി പോലെ അവൻ നമസ്ക്കാരങ്ങളിൽ രുചിയും താല്പര്യമുണ്ടായി തുടങ്ങുന്നു. ഇപ്രകാരം വീണ്ടും കേഴലിന്റെയും നിലവിളിയുടെയും രുചി ലഭിക്കുന്നതാണ്. നമസ്ക്കാരത്തിന്റെ ഈ അവസ്ഥ ഉണ്ടാകുന്നതാണ്. അതിനുമുമ്പ് രോഗത്തിൽ നിന്നും വിമുക്തി ലഭിക്കുന്നതിനുവേണ്ടി കയ്പ്പുള്ള മരുന്ന് കഴിക്കുന്ന അവസ്ഥയിലായിരുന്നു ഉണ്ടായിരുന്നത്. ഇപ്രകാരം താൽപര്യം ഇല്ലാതെ അനുഷ്ഠിക്കുന്ന നമസ്ക്കാരം അനുഷ്ഠിക്കേണ്ടത് അത്യാവശ്യമാണ്. താല്പര്യമില്ലാത്ത അവസ്ഥയിൽ രുചിയും താൽപര്യവും ലഭിക്കുന്നതിന് വേണ്ടി ഇങ്ങനെ പ്രാർത്ഥിക്കേണ്ടതാണ്.

'അല്ലാഹുവേ ഞാൻ എത്രമാത്രം അന്ധനും കുരുടനും ആണെന്ന് നീ കാണുന്നു. ഞാൻ

ഈ നേരത്ത് തികച്ചും മരിച്ച അവസ്ഥയിലാണ്. കുറച്ചു നിമിഷങ്ങൾക്കുശേഷം വിളിവരും എന്ന് എനിക്കറിയാം. അപ്പോൾ ഞാൻ നിന്നിലേക്ക് വരുന്നതാണ്. അപ്പോൾ ആർക്കും എന്നെ തടഞ്ഞു വെക്കാൻ പറ്റുകയില്ല പക്ഷേ എന്റെ ഹൃദയം അന്ധത നിറഞ്ഞതും തിരിച്ചറിയാത്തതുമാണ്. നിന്റെ സ്നേഹവും നിന്നോടുള്ള താൽപര്യവും ഉണ്ടാകുന്നതിനുവേണ്ടി നീ ഈ ഹൃദയത്തിൽ പ്രകാശത്തിന്റെ ജ്വാല ഇറക്കിയാലും അന്ധനായി എഴുന്നേൽക്കാതിരിക്കാനും അന്ധരുടെ കൂട്ടത്തിൽ ചെന്നുചേരാതിരിക്കാനും നീ എന്നെ അനുഗ്രഹിച്ചാലും.'

ഇത്തരത്തിലുള്ള പ്രാർത്ഥനകൾ നിരന്തരം ചെയ്തുകൊണ്ടിരിക്കുമ്പോൾ താല്പര്യമില്ലാതെ അവൻ അനുഷ്ഠിക്കുന്ന നമസ്ക്കാരത്തിൽ ആകാശത്തുനിന്നും ഒരു വസ്തു വന്നു വീഴുന്നതും, അതവനിൽ കരച്ചിലുണ്ടാക്കുന്നതുമായ ഒരു സമയം വന്നുചേരുന്നതുമാണ്. *(മൽഫൂസാത്ത്. വാല്യം 4 പേജ് 321)*

**അനുസ്മരണം**

## ജമീലാ സാഹിബ:

### സഹനത്തിന്റെ ശ്രേഷ്ഠ സ്മരണ

മാത്തോട്ടം ജമാഅത്ത് അംഗമായ എം.പി. ജമീലാ സാഹിബ (70) 26-9-2024 ന് പാലക്കാട് വെച്ച് വഫാത്തായി. *ഇന്നാലില്ലാഹി...* തികഞ്ഞ സുന്നികളായിരുന്ന എം. പി.ആലിക്കോയ - ആയിഷബി ദമ്പതിമാരുടെ പുത്രിയാണ്. തന്റെ അമ്മാവൻമാരിൽ നിന്നായിരുന്നു അവർക്ക് സത്യസന്ദേശം ലഭിച്ചത്. ബന്ധുക്കളുടെ കടുത്ത എതിർപ്പിനെ അവഗണിച്ച് ധൈര്യമവലംബിച്ചും ത്യാഗങ്ങൾ സഹിച്ചുമാണ് അവർ ജമാഅത്തിൽ പ്രവേശിച്ചത്. ഇതേ തുടർന്ന് ഭർത്താവിനാൽ അവർ ഉപേക്ഷിക്കപ്പെട്ടെങ്കിലും അവർ അഹ്മദിയത്തിൽ സ്ഥൈര്യത്തോടെ ഉറച്ചുനിന്നു. പിന്നീട് അഹ്മദിയ്യാ ജമാഅത്തിൽ തന്നെയുള്ള ഭക്തനും സ്നേഹധനനുമായ കൊടുങ്ങല്ലൂർ സ്വദേശി യു. കെ. യൂസഫ് സാഹിബ് എന്ന വരനെ തന്നെ അവർക്ക് ഭർത്താവായി ലഭിച്ചു. പിന്നീട് ഭർത്താവിന്റെ കൂടെ ആറുമാസത്തോളം ഖാദിയാനിൽ ജീവിക്കാനുള്ള സൗഭാഗ്യവും അവർക്ക് ലഭിച്ചു.

തിരിച്ച് നാട്ടിലെത്തിയ അവർ തന്റെ തറവാട്ടിൽ തന്നെ ജീവിതം തുടരുകയായിരുന്നു. പിന്നീട് അവരുടെ താമസം കോഴിക്കോട് ടൗൺ ജമാഅത്തിലേക്ക് മാറ്റി. ജീവിതത്തിൽ വളരെ പ്രയാസങ്ങൾ സഹിച്ച അവർ എപ്പോഴും തികഞ്ഞ സന്തുഷ്ടവതിയായിരുന്നു.' അല്ലാഹുവിന്റെ ഭവനത്തിൽ എനിക്കൊരു താമസ സൗകര്യം' എന്നായിരുന്നു അവർ ഇതിനെക്കുറിച്ച് പറഞ്ഞത്. യൂസഫ് സാഹിബ് ചരമം പ്രാപിക്കുന്നത് വരെ പള്ളിയുടെ മുകൾത്തട്ടിൽ ആയിരുന്നു അവരുടെ താമസം. ഭർത്താവിന്റെ വിയോഗത്തോടെ അവർ തികച്ചും ഒറ്റപ്പെടുകയായിരുന്നു. തുടർന്ന് ജമാഅത്തിന്റെ സഹായത്തോടെ വാടകയ്ക്ക് ലഭിച്ച ഒരു ഒറ്റ മുറിയിൽ ഏകാകിയായി മാസങ്ങളോളം അവർക്ക് കഴിഞ്ഞു. 'ഒറ്റയ്ക്ക് താമസിക്കാൻ പേടിയില്ലേ?' എന്ന പലരുടെയും ചോദ്യത്തിന് 'അല്ലാഹുവും അവന്റെ മലക്കുകളും എന്റെ കൂടെയുണ്ടാകുമ്പോൾ ഞാൻ എന്തിനു ഭയക്കണം?'എന്ന് അവർ നിഷ്കളങ്കതയോടെ പ്രതികരിച്ചിരുന്നു. മുഴുവൻ ലജ്നാ സഹോദരിമാരുടെ പ്രിയങ്കരിയായിരുന്ന ജമീലാ സാഹിബക്ക് കുട്ടികളില്ലായിരുന്നു. ഈ മനോവേദനയെ സാന്ത്വനപ്പെടുത്തി ജമാഅത്തിലെ സഹോദരിമാർ 'ഞങ്ങളുണ്ട് ജമീല താത്തയ്ക്ക്, ഞങ്ങൾ എന്നും പ്രാർത്ഥിച്ചു കൊണ്ടിരിക്കും എന്ന് പറഞ്ഞായിരുന്നു അവർക്ക് ആത്മധൈര്യം പകർന്നത്.' ആത്മീയ സന്താനങ്ങൾ' എന്ന വാക്കിന്റെ വിശാലമായ അർത്ഥം ഇവിടെ അന്വർത്ഥമാവുകയായിരുന്നു. അവരുടെയെല്ലാം സ്നേഹമസൃണമായ സൗഹൃദത്തിലായിരുന്നു അവർ ജീവിച്ചത്. അവരുടെ ജീവിതം പഴയതിലും ദുരിത പൂർണമായപ്പോൾ ചിലരുടെ നിർദ്ദേശപ്രകാരം 16-9-2024 ന് പാലക്കാട് ശാന്തിനികേതം ചാരിറ്റബിൾ ട്രസ്റ്റിലേക്ക് മാറ്റിയെങ്കിലും 10 ദിവസം കൊണ്ട് ജമീല സാഹിബ അല്ലാഹുവിങ്കലേക്ക് മടക്കയാത്രയായി. അവരുടെ ചരമവാർത്ത അറിഞ്ഞ ഉടൻതന്നെ അവരുടെ ഒസിയത്ത് പ്രകാരം മാത്തോട്ടം ജമാഅത്തിലെ സിദ്ദീഖാ സൈയ്ദും സാബിറാ സാഹിബയും പാലക്കാട് എത്തി അന്ത്യശുശ്രൂഷകൾ നിർവ്വഹിച്ചു പാലക്കാട് അഹ്മദിയ്യാ ഖബ്വസ്ഥാനിൽ അടകം ചെയ്യുകയുണ്ടായി. ജമീലാ സാഹിബ ഹ. മസീഹ് മൗഊദ്(അ)ന്റെ അൽ വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്നു. പരേതയ്ക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**സഹോദരങ്ങൾ:** എം. പി. സുബൈദ, എം.പി. സൈഫുദ്ദീൻ, എം. പി. ശക്കീല, എം.പി. ശംസുദ്ദീൻ, എം.പി. സിറാജുദ്ദീൻ, എം. പി. സഫറുദ്ദീൻ.-*ബി. മൻസൂർ അഹ്മദ്, മാത്തോട്ടം*

**വാർത്തകൾ** **സത്യദൂതൻ ശതവാർഷികം സമുചിതം ആഘോഷിക്കും**

1925 ൽ ആരംഭിച്ച സത്യദൂതൻ അടുത്ത വർഷത്തോടെ നൂറു വർഷം തികയുകയാണ്. മലയാള പ്രസിദ്ധീകരണ രംഗത്തു തന്നെ അപൂർവ്വമായ ഈ ശതാബ്ദി പൂർത്തീകരണം സമുചിതം ആഘോഷിക്കുമെന്ന് സത്യദൂതൻ മാനേജിംങ്ങ് കമ്മിറ്റി ചെയർമാൻ കെ എം അഹ്മദ് കോയാ സാഹിബ് പറഞ്ഞു. ശതാബ്ദി വർഷത്തിൽ സത്യദൂതൻ ശതാബ്ദി പതിപ്പ് ഇറക്കാനും ഉദ്ദേശിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.




Visit our website to read English literature of Ahmadiyya Muslim Jamaat online.....

https://new.alislam.org/library



Published on 07.11.2024 Pages 44 Vol: 96 Issue.11
RNI No. 3332/1957, Registered KL/EKM/726/2024-26 Price Rs. 30/-
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without Prepayment
The Sathyadoothan Monthly

# കേവല നീതി
# കാരുണ്യം, ബന്ധുത്വം

## മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ

മനുഷ്യബന്ധങ്ങളിൽ പ്രതിഫലിക്കേണ്ട ദൈവ കൽപിതമായ നീതിയുടെയും കാരുണ്യത്തിന്റെയും അദ്ധ്യാപനങ്ങളെ സംബന്ധിച്ച് സൂക്ഷ്മവും സമഗ്രവുമായി പ്രതിപാദിക്കുന്ന ഉജ്ജ്വല ഗ്രന്ഥം.

**ഉടൻ**

**പുറത്തിറങ്ങുന്നു!!**

**വില**
**300 രൂപ**




Hadrath Mirza Tahir Ahmad
(Khalifathul Masih IV)

Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.